# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജൂൺ 2014

പുസ്തകം 3 ലക്കം 4

e-mail : prdmalayalam@gmail.com

Website : www.prd.kerala.gov.in



ചീഫ് എഡിറ്റർ

**മിനി ആന്റണി ഐ.എ.എസ്.**

*ഡയറക്ടർ*

*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

കോ-ഓർഡിനേറ്റിങ് എഡിറ്റർ

**സി. രമേഷ്കുമാർ**

അഡീഷണൽ ഡയറക്ടർ

എഡിറ്റർ

**എൽ. വാൾട്ടർ ഡിക്രൂസ്**

ട്രാൻസ്‌ലേറ്റർ

**ഇന്ദുശേഖർ കെ.എസ്.**

ഡിസൈനർ

**പ്രകാശ് വി.എസ്.**

ചിത്രങ്ങൾ

**ഐ. & പി.ആർ.ഡി.**

*(ഫോട്ടോഗ്രാഫി വിഭാഗം)*

സർക്കുലേഷൻ ഓഫീസർ

**ഷൈലാബീഗം എൻ.**

കവർ & ലേഔട്ട്

**കെ. ബിജു**

**പ്രതിനിധികൾ:**

- **എസ്.ആർ. പ്രവീൺ,** തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്,** കൊല്ലം
- **ശക്തികുമാർ ആർ,** പത്തനംതിട്ട
- **കെ.ആർ. പ്രമോദ്കുമാർ,** ആലപ്പുഴ
- **വി.ആർ. സന്തോഷ്,** കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ,** എറണാകുളം
- **കെ.ടി. ശേഖരൻ,** ഇടുക്കി
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **സി. അയ്യപ്പൻ,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ,** കോഴിക്കോട്
- **ഇ. സജീവ്,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർകോട്
- **ഡോ. സി. വേണുഗോപാൽ,** ഡൽഹി



**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**

എഡിറ്റർ, ജനപഥം,

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,

സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,

തിരുവനന്തപുരം-1

ഫോൺ: 0471-2517036


മുഖക്കുറിപ്പ്

# പൊതുവിദ്യാലയങ്ങളുടെ തുറസ്സുകൾ

പഠനം ഒരു പ്രക്രിയയാണ്. അത് നിരന്തരമായ അന്വേഷണവും ജാഗ്രതയും ആവശ്യപ്പെടുന്നു. വിദ്യാഭ്യാസം ഒരു വ്യക്തിയെ രൂപപ്പെടുത്തുന്ന അടിസ്ഥാന പ്രവർത്തനമാണ്. സാമൂഹിക ഉത്തരവാദിത്വത്തോടെ ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടകങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. നമ്മുടെ സാമൂഹിക രൂപവത്കരണത്തിൽ പൊതു വിദ്യാലയങ്ങൾ നൽകിയ സംഭാവന വളരെ വലുതാണ്. സമഗ്രമായ കാഴ്ചപ്പാടും വിശാലമായ വീക്ഷണവും വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്നതിനുള്ള ഹൃദയവും എല്ലാറ്റിനുമുപരി ആത്മവിശ്വാസവുമുള്ള വിദ്യാർഥികളെ രൂപപ്പെടുത്തുന്നതിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുന്നിലാണെന്നതാണ് കേരളത്തിന്റെ ചരിത്രാനുഭവം.

ലോകപൗരരായി അല്ലെങ്കിൽ പ്രതിസന്ധികളെ നേരിട്ട് പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നേറുവാൻ ഒരു തലമുറയെ സജ്ജമാക്കിയതിൽ നമ്മുടെ പൊതുവിദ്യാലയങ്ങൾ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യ മുഴുവനും ആഗോളതലത്തിലും മലയാളി ഒരു നിറസാന്നിധ്യമായി തീർന്നിട്ടുണ്ടെങ്കിൽ അത് നമ്മുടെ അടിസ്ഥാന വിദ്യാഭ്യാസ സങ്കൽപ്പത്തിന്റെ സംഭാവനയാണ്. നവോത്ഥാന മൂല്യങ്ങൾ ഉൾച്ചേർന്ന നമ്മുടെ വിദ്യാഭ്യാസം നമുക്ക് നൽകിയ ഊർജവും ആത്മവിശ്വാസവും അതുപോലെ നിലനിർത്തുവാനും തുടർന്നുകൊണ്ടുപോകുവാനും നമുക്ക് കഴിയുന്നുണ്ടോ?

സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വങ്ങളൊക്കെത്തന്നെ പൊതുവിദ്യാലയങ്ങളിലെ തുറന്ന പഠനാന്തരീക്ഷത്തിൽ രൂപപ്പെട്ടവരാണ്. അവിടെ ലഭിച്ച സ്വാതന്ത്ര്യവും വിദ്യാഭ്യാസ അടിത്തറയും വ്യത്യസ്ത ശ്രേണികളിൽപ്പെട്ടവരുമായി ഇടപഴകുവാൻ ലഭിക്കുന്ന അവസരവും വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ പ്രധാനമാണ്.

വ്യക്തിയെ രൂപപ്പെടുത്തുന്നത് അറിവു മാത്രമല്ല. സമഗ്രമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തേണ്ടത് വിദ്യാലയങ്ങളാണ്. പൊതുവിദ്യാലയങ്ങൾ വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും കാലാനുസൃതമായും കാലത്തിനുമുന്നെയും സഞ്ചരിച്ച് ഇപ്പോൾ നിലനിൽപ്പിന്റെ പ്രസക്തി തെളിയിക്കുന്നുണ്ട്.

വിദ്യാഭ്യാസാവകാശ നിയമം നിലവിൽവന്ന സാഹചര്യത്തിൽ ശ്രേണീവ്യത്യാസമില്ലാതെ എല്ലാവരും വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾക്ക് അവകാശികളാണ്. ചില പ്രത്യേക സമൂഹങ്ങൾ പൊതുധാരയുടെ ചിട്ടകൾക്ക് വഴങ്ങാതെ നിൽക്കുന്നുവെന്നത് വിദ്യാഭ്യാസത്തിന്റെ പോരായ്മയായി കാണേണ്ടതില്ല. അത് ക്രമേണ പരിഹൃതമാകും.

പൊതുവിദ്യാഭ്യാസം സാർവത്രികമാണെങ്കിലും നാം ഒരു സർഗാത്മക സമൂഹമായി ഇനിയും രൂപപ്പെടേണ്ടതാണ്. തൊഴിൽസേനയെന്ന നിലയിൽ ലോകമെങ്ങും സാന്നിധ്യം പ്രകടമാക്കാൻ നമുക്ക് കഴിഞ്ഞു. കുറെക്കൂടെ വിശാലമായ മേഖലകളിലേക്കുകൂടി പൊതുവിദ്യാലയങ്ങളുടെ സാന്നിധ്യം വ്യാപിപ്പിക്കുവാൻ വിശാലമായ ഒരു മൂല്യസ്വാംശീകരണത്തിലൂടെ മാത്രമേ നമുക്ക് കഴിയൂ.

**മിനി ആന്റണി**

ചീഫ് എഡിറ്റർ

# ജനപഥം

ജൂൺ 2014


## ക വ ർ േ സ്റ്റാ റി




6
കുരുന്നുകളുടെ
ദിവ്യസാന്നിദ്ധ്യം

8
കൂട്ടായ്മയുടെ വിജയഗാഥ
എൻ.പി. മുരളീകൃഷ്ണൻ

10
പൊതുവിദ്യാഭ്യാസത്തിന്
കാലോചിത പരിഷ്കാരം
എൽ. രാജൻ

13
എന്തുകൊണ്ട്
പൊതുവിദ്യാലയങ്ങൾ?
മുഹമ്മദ് ബഷീർ കെ.കെ.

16
വിദ്യാഭ്യാസം ഔദാര്യമല്ല
എസ്. സീതികുമാർ

22
കലാവിദ്യാഭ്യാസം
പാഠ്യപദ്ധതിയിൽ
കിരൺ റാം

30
പള്ളിക്കൂടത്തിലേക്ക് വീണ്ടും
പി.എൻ. ഗോപീകൃഷ്ണൻ

24
നിലവാരമുയരുന്ന
വിദ്യാഭ്യാസരംഗം




മിഷൻ 676 ന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും നൂതന പരിപാടികളും. കാലാനുസൃതമായ രീതിയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനം വിദ്യാർത്ഥികൾക്ക് ഉറപ്പ് നൽകുന്നു. കോളേജുകളുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള നവീന ആശയങ്ങൾ നടപ്പിലാക്കുന്നു.


27-28
ഫോട്ടോ ഫീച്ചർ

33
ഭൂമിമാതാവിന്
പനി പിടിക്കുമ്പോൾ
ജോസഫ് കുര്യൻ

41
അറബിപ്പൊന്നിന്റെ
തിളക്കം പോലെ ഉരുക്കാലം
സയൻസൺ പുന്നശ്ശേരി




### തിരുത്ത്

2014 മേയ് ലക്കം ജനപഥത്തിൽ പ്രസിദ്ധീകരിച്ച 'കേരളത്തിലെ പൊതുഗതാഗതം: ചില ജൂബിലി ചിന്തകൾ എന്ന ലേഖനം എഴുതിയത് കോട്ടയം ബസേലിയസ് കോളേജിലെ അധ്യാപകനായ രാജു ജോൺ ആണ്. ലേഖനകർത്താവിന്റെ പേര് തെറ്റായി അച്ചടിച്ചതിൽ ഖേദിക്കുന്നു.

എഡിറ്റർ





32
കൂട്ടിലടച്ച പക്ഷിയുടെ പാട്ട്





44 ജില്ലകളിലൂടെ
48 പദപാഠം
49 പുസ്തകപരിചയം
50 ഭരണമലയാളം
52 ആരോഗ്യജീവിതം
53 സർക്കാർ ഉത്തരവുകൾ
54 കാലത്തിനൊപ്പം






36
കാൽപ്പന്തുകളിയുടെ
മഹാമേള
സി.പി. ബിനീഷ്


സമയത്തെ ഒരു ദീർഘചതുര മൈതാനത്ത് തളച്ചിട്ടുകൊണ്ട് കാൽപ്പന്തുകളിയുടെ മാന്ത്രിക വിസ്മയം അനുഭവിപ്പിക്കുന്ന ലോക കപ്പിന് തുടക്കമായി. 32 രാജ്യങ്ങൾ സ്വന്തം പ്രതിഭകളെ അഭിമാനതാരങ്ങളായി കളിക്കളത്തിലിറക്കി വന്യമായ പോരാട്ടങ്ങൾക്ക് ബ്രസീൽ വേദിയാകുമ്പോൾ...



# കുരുന്നുകളുടെ ദിവ്യസാന്നിധ്യം



ഫോട്ടോ : ആർ. പ്രശാന്ത്,ഐ & പി.ആർ.ഡി.

## ജൂൺ രണ്ടിന് പ്രവേശനോത്സവത്തിനെത്തിയ വിദ്യാർഥികൾക്ക് വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് നൽകിയ സന്ദേശം

വളരെയേറെ സന്തോഷത്തോടെയാണ് ഈ പ്രവേശനോത്സവത്തെ ഞാൻ സംബോധന ചെയ്യുന്നത്. പുതിയ അധ്യയന വർഷം ആരംഭിക്കുന്ന ഈ സുദിനത്തിൽ പ്രതീക്ഷയോടും ഉത്സാഹത്തോടും കടന്നുവന്ന നിങ്ങളെ ഓരോരുത്തരെയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു. സന്തോഷകരവും സമാധാനപരവുമായ ഒരു വിദ്യാലയ വർഷം ആശംസിക്കുന്നു.

ഈ ദിവസത്തെ ഉത്സവഭരിതമാക്കുന്നത് ഇവിടേക്ക് ആഹ്ലാദത്തോടെയും ആകാംക്ഷയോടും ആദ്യമായി എത്തിയിട്ടുള്ള കുരുന്നുകളുടെ ദിവ്യസാന്നിധ്യമാണ്. പിഞ്ചുമക്കൾക്ക് വീട്ടിലെ പോലെതന്നെ കളിക്കാനും കഥപറയാനും അറിവുനേടാനും ഇവിടെ സൗകര്യമുണ്ട്. അറിവിന്റെ അക്ഷരവെളിച്ചത്തിനായി കടന്നുവന്നിട്ടുള്ള കുഞ്ഞുങ്ങൾക്ക് ഞാൻ പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

അറിവിന്റെ കരുത്താണ് ഏവരുടെയും മികച്ച ഭാവി ഉറപ്പുവരുത്തുന്നത്. അതിനാൽ കൂടുതൽ പഠിക്കുന്നതിന് ശ്രദ്ധ വെക്കണം. മികച്ച പഠനം ഉറപ്പുവരുത്താൻ ആവശ്യമായതെല്ലാം സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്. അവ ഉപയോഗപ്പെടുത്തണം. മികച്ച വിദ്യാർഥിയായി, നന്മയുടെ പ്രകാശമായി ഏവർക്കും മാതൃകയാകാൻ യത്നിക്കണം. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തണം. അറിവു നേടാനുള്ള ഏറ്റവും ഉചിതമായ മാർഗം വായനയാണ്. മികച്ച പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കണം. സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും നന്നായി ഉപയോഗിക്കണം. കലാ-കായിക സിദ്ധികളെ വളർത്താനും ശ്രദ്ധിക്കണം. മത്സരങ്ങളിൽ പങ്കാളികളാകണം.

നല്ല പെരുമാറ്റം ശീലമാക്കണം. മാതാപിതാക്കളെയും ഗുരുക്കന്മാരെയും ബഹുമാനിക്കണം. എല്ലാ ബന്ധങ്ങളിലും വിശുദ്ധി പുലർത്തണം. സൗഹൃദങ്ങൾ മാന്യമായിരിക്കണം. വിനയം മുഖമുദ്രയാക്കണം. സ്വഭാവശുദ്ധിയാണ് ഏറ്റവും വലിയ ജീവിതമൂല്യം. അനുസരണയും അച്ചടക്കവും വിജയത്തിന്റെ താക്കോലുകളാണ്. സമയം വിലപ്പെട്ടതാണ് അത് സൂക്ഷിച്ച് ചെലവഴിക്കണം.

നിങ്ങളുടെ പള്ളിക്കൂടമാണ് ലോകത്തിലെ ഏറ്റവും മികച്ച പാഠ്യാലയം എന്ന ചിന്ത ഓരോരുത്തരും വെച്ചുപുലർത്തണം. അവിടം ശുചിയായി സൂക്ഷിക്കുകയും വേണം. പഠിക്കാനും മുന്നേറുവാനും ആവേശം കാണിക്കണം. നിങ്ങൾക്ക് എന്നും വഴികാട്ടിയാവുന്ന അധ്യാപകരെയാണ് അറിവ് പകർന്ന് നൽകാൻ നിയോഗിച്ചിട്ടുള്ളത്. അവരുടെ അറിവിനെ നിങ്ങൾ പകർത്തിയെടുക്കണം.

ഓരോ പരീക്ഷകളിലും മികവു തെളിയിക്കണം. ചെറിയ ചെറിയ വിജയങ്ങളാണ് ജീവിതത്തിന്റെ ആകെത്തുകയായ വലിയ വിജയമായി മാറുന്നത്. ഇന്നുള്ള ഈ ഉത്സാഹം എന്നും നിലനിർത്തണം. പ്രവേശനോത്സവം വിജയിപ്പിച്ച ഏവരോടും നന്ദിയും കടപ്പാടമുണ്ട്.

ഏവർക്കും ഭാസുരമായ ഭാവി ആശംസിക്കുന്നു. മികച്ച വിദ്യാലയവർഷവും ഉന്നതവിജയവും പിന്തുണയും നേരുന്നു.



എൻ പി മുരളീകൃഷ്ണൻ

# കൂട്ടായ്മയുടെ വിജയഗാഥകൾ

**അൺ എയ്ഡഡ് സ്കൂളുകളുടെ തള്ളിക്കയറ്റത്തിനിടയിലും കൂട്ടായ പരിശ്രമത്തിലൂടെ മികവിന്റെ വിജയചരിത്രങ്ങൾ എഴുതുന്ന ചില സർക്കാർ സ്കൂളുകൾ**

വർഷങ്ങൾക്കുമുമ്പ് കുട്ടികളില്ലാതെ അടച്ചുപൂട്ടൽ ഭീഷണി നേരിട്ട ഒരു സ്കൂൾ ഇന്ന് സംസ്ഥാനത്ത് ഏറ്റവും അധികം കുട്ടികളെ ഒന്നാം ക്ലാസിലേയ്ക്ക് എത്തിച്ചിരിക്കുന്നു. തിരുവനന്തപുരത്തെ മണക്കാട് സ്കൂളിൽ നിന്നാണ് ഈ നേട്ടത്തിന്റെ വാർത്തയെത്തുന്നത്. സർക്കാർ ഫണ്ടും പി.ടി.എയുടെ സഹായവും കൃത്യമായി വിനിയോഗിച്ചാൽ ഒരു വിദ്യാലയം എത്ര മികവുറ്റതാക്കാമെന്നതിന് ഉദാഹരണമാണ് മണക്കാട് ഗവ ടി.ടി.ഐ. എൽ.പി. സ്കൂൾ.

ഈ സുവർണകാലത്തിന് മുമ്പ് മണക്കാട് സ്കൂളിന് മറ്റൊരു മുഖമുണ്ടായിരുന്നു. വിരലിലെണ്ണാവുന്ന കുട്ടികളുമായി നടത്തിയ പ്രവേശനോത്സവം. കാലൊടിഞ്ഞ ബഞ്ചും ഡസ്കും. ഇടിഞ്ഞുവീഴാറായ കെട്ടിടം. എന്നാൽ അധ്യാപകരും നാട്ടുകാരും മനസ്സുവച്ചതോടെ പി.ടി.എ ഫണ്ടും സർക്കാർ സഹായവും കൃത്യമായി വിനിയോഗിച്ചു. ഏഴുവർഷം മുമ്പ് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ പട്ടികയിലായിരുന്ന മണക്കാട് എൽ.പി. സ്കൂൾ പടിപടിയായി ഇന്നത്തെ നിലയിലായി. കുട്ടികൾക്കായി ഇൻഡോർ സ്റ്റേഡിയവും, സ്റ്റീം കിച്ചനും, സ്മാർട്ട് ക്ലാസ് മുറികളും പ്രത്യേകതയുള്ള കുട്ടികൾക്കായി വിദഗ്ധ പരിചരണവും ഒരുക്കിയാണ് ഈ അധ്യയനവർഷത്തിൽ ക്ലാസുകൾ തുടങ്ങിയിട്ടുള്ളത്. അടുത്ത അധ്യയന വർഷത്തിലേയ്ക്കുള്ള ബുക്കിങ് ആരംഭിച്ചു കഴിഞ്ഞുവെന്നതാണ് മറ്റൊരു പ്രത്യേകത. ഈ സ്കൂളിൽ പഠിക്കാൻ കുട്ടികളും സ്കൂളിലയക്കാൻ രക്ഷിതാക്കളും എത്രത്തോളം താത്പര്യം കാണിക്കുന്നുവെന്നതിന് ഇതിൽപരം മറ്റെന്തു തെളിവു വേണം. സംസ്ഥാനത്ത് അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾക്ക് സ്വീകരിക്കാവുന്നൊരു മാതൃകയാണ് മണക്കാട് സ്കൂളിന്റേത്. ഒത്തൊരുമിച്ച് പരിശ്രമിച്ചാൽ ഏതു പടുകുഴിയിൽ നിന്നും കരകയാറാനാകുമെന്ന് മണക്കാട് സ്കൂൾ തെളിയിക്കുന്നു.

കോട്ടൺഹിൽ സ്കൂളാണ് തലസ്ഥാനത്തുനിന്നുള്ള മറ്റൊരു മികച്ച സർക്കാർ മാതൃക. പുതിയതായി 147 കുട്ടികളാണ് ഈ വർഷം കോട്ടൺഹിലിൽ ഒന്നാംക്ലാസ്സിൽ അഡ്മിഷൻ നേടിയത്. കഴിഞ്ഞ വർഷം 693 കുട്ടികൾ ഒന്നാം ക്ലാസ്സിൽ ഉണ്ടായിരുന്നത് ഈ വർഷം 840 ആയി. രണ്ട്, മൂന്ന്, നാല് ക്ലാസ്സുകളിലെ അഡ്മിഷനിലും വലിയ വളർച്ചയാണ് ഉണ്ടായതെന്ന് ഹെഡ്മിസ്ട്രസ് സെലിൻ ടീച്ചർ. അഡ്മിഷൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണങ്ങൾ ഇപ്പോഴും നിലച്ചിട്ടില്ല എന്നതാണ് കോട്ടൺഹില്ലിൽ നിന്നുള്ള പുതിയ വർത്തമാനം.

കുട്ടികൾക്ക് ശുദ്ധജലം ലഭ്യമാക്കാൻ അമൃതധാര പദ്ധതി, പൂന്തോട്ടം, മൃഗങ്ങളു



**തിരുവനന്തപുരത്തെ മണക്കാട് എൽ.പി. സ്കൂൾ**

ടെയും പക്ഷികളുടെയും വർണചിത്രങ്ങളോടു കൂടിയ ഡെസ്ക്കും ബഞ്ചും, പെയിന്റിങ്ങുകൾ നിറഞ്ഞ ക്ലാസ്സ്മുറികൾ, സ്റ്റീം കിച്ചൻ, ഡൈനിങ് ഹാൾ, ഇൻഡോർ ഗെയിംസിനായി പുതിയ സ്റ്റേഡിയം, ഗതാഗത സൗകര്യത്തിനായി പുതിയ ബസ്സ്, 15 പുതിയ കംപ്യൂട്ടറുകൾ, മൾട്ടിമീഡിയ ഹാൾ എന്നിവയെല്ലാം ഒരുക്കിയാണ് സ്കൂൾ പുതിയ കൂട്ടുകാരെ വരവേൽക്കുന്നത്. സർക്കാർ സഹായത്തിനൊപ്പം അധ്യാപകരുടെയും പി.ടി.എയുടെയും കൂട്ടായ പരിശ്രമം കൊണ്ടും കൂടിയാണ് കോട്ടൺഹിലിന് ഈ നേട്ടത്തിലെത്താനായത്. ഇംഗ്ലീഷ് നിലവാരം വർധിപ്പിക്കുന്നതിനായി പി.ടി.എ കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പുതിയ ഒരു ടീച്ചറെയും ഈ വർഷം നിയമിച്ചു.

സമൂഹം സഹകരിച്ചാൽ സർക്കാർ സ്കൂളുകൾ നിലനിർത്താനും വളർത്താനും പറ്റും- കോട്ടൺഹിൽ സ്കൂളിന്റെ വിജയഗാഥകൾക്ക് ചുക്കാൻ പിടിക്കുന്ന പി.ടി.എ. പ്രസിഡന്റ് പ്രസന്നകുമാറിന്റേതാണ് ഈ വാക്കുകൾ. അതു സത്യമാണെന്ന് നമുക്കും സമ്മതിക്കേണ്ടിവരും. അവർ പറയുകയല്ലല്ലോ ഇതാ ഒരു മാതൃക എന്ന് പ്രവർത്തിച്ച് കാണിച്ചു തരികയല്ലേ ചെയ്യുന്നത്.

എസ്.എസ്.എൽ.സിക്ക് തുടർച്ചയായ അഞ്ചാം തവണയും നൂറുശതമാനം വിജയം നേടിയാണ് പാപ്പനംകോട് സർക്കാർ ഹൈസ്കൂൾ പരാധീനതകളിലും തലയുയർത്തിപ്പിടിക്കുന്നത്. നിർധനരായ വിദ്യാർഥികൾ പഠിക്കുന്ന ഈ സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ പോലും വിജയത്തിന്റെ മേന്മ കൊണ്ടുമാത്രം അഡ്മിഷൻ തേടിയെത്തുന്ന കുട്ടികളുടെ എണ്ണം കൂടുകയാണ്. അത്യാവശ്യം സൗകര്യങ്ങൾ കൂടി ഒരുക്കിയാൽ ജില്ലയിൽ അഭിമാനിക്കുന്ന ഉയരത്തിൽ എത്തുന്ന മറ്റൊരു സർക്കാർ സ്കൂൾ കൂടിയായി മാറും ഇതെന്ന് നിസ്സംശയം പറയാം.

അഞ്ചുമുതൽ 10 വരെ ക്ലാസ്സുകളിലാണ് ഇവിടെ അധ്യയനം നടക്കുന്നത്. ഈ വർഷം മുതൽ അഞ്ചാംക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചിരിക്കുന്നു. മികച്ച അധ്യാപകരുടെ നിരയാണ് പാപ്പനംകോട് സ്കൂളിനെ നേട്ടങ്ങളിലെത്തിക്കുന്നത്. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി നെൽകൃഷിയും പച്ചക്കറിത്തോട്ടവും സ്കൂളിലുണ്ട്.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ അൺ എയ്ഡഡ് സ്കൂളുകളെക്കാൾ മികച്ചതാണ് പല സർക്കാർ സ്കൂളുകളും എന്ന കാര്യത്തിൽ സംശയമില്ല. തിരുവനന്തപുരം നഗരത്തിലെ മാത്രം സ്ഥിതിയല്ലിത്. മറ്റു ജില്ലകളിലും മികച്ച സർക്കാർ വിദ്യാലയങ്ങളുണ്ട്. പക്ഷേ ഈ സ്കൂളുകളിൽ വന്നുചേരുന്ന കുട്ടികളുടെ എണ്ണം താഴേട്ടുതന്നെയാണ്. രക്ഷിതാക്കളും സമൂഹവും ഇക്കാര്യത്തിൽ സ്വയംവിലയിരുത്തലിനു വിധേയമാകേണ്ടതുണ്ട്.

## മാറുന്ന ചിന്താഗതി

വിരലിലെണ്ണാവുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മാത്രമാണ് കേരളത്തിൽ ഉന്നതനിലവാരത്തിലുള്ളത്. പുതിയതായി മുളച്ചുപൊന്തുന്നതും നിലനിൽക്കുന്നതുമായ പല സ്കൂളുകളുടെയും സ്ഥിതി അതിദയനീയമാണ്. അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തതയും പണമുണ്ടാക്കാനുള്ള മാനേജ്മെന്റ് കൊതിയും യോഗ്യതയില്ലാത്ത അധ്യാപകരും ചേർന്ന് കുട്ടികളുടെ ഭാവിയാണ് വെള്ളത്തിലാഴ്ത്തുന്നത്.

മധ്യകേരളത്തിലും മലബാറിലും ഇത്തരത്തിലുള്ള നിരവധി സ്കൂളുകളുണ്ട്. തെക്കൻ കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമാകാനിടയില്ല. പലതിനും അംഗീകാരം പോലുമില്ല. കുട്ടികളുടെ ഭാവി തങ്ങളുടെ കൈകളിലാണെന്ന വിചാരം മാനേജ്മെന്റിനുമില്ല. രക്ഷിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയും വിദ്യാഭ്യാസമുള്ളവരുടെ ചിന്താശേഷിക്കുറവും കുട്ടികളെ ഇത്തരം സ്കൂളുകളിലയക്കാൻ അവരെ നിർബന്ധിതരാക്കുന്നു. ഇംഗ്ലീഷ് മീഡിയം എന്ന പൊലിമയും ആർഭാടവും ഇപ്പൊഴും ഒരു വിഭാഗം രക്ഷിതാക്കളെ മദിക്കുന്നുണ്ടെന്നത് തീർച്ചയാണ്. മറ്റൊരു വിഭാഗം മീഡിയത്തിലല്ല, മികച്ച വിദ്യാഭ്യാസം മക്കൾക്ക് കിട്ടുന്നുണ്ട് എന്നതിലാണ് ശ്രദ്ധ വെയ്ക്കുന്നത്. അതാണ് വേണ്ടതും.

ആശയവിനിമയ ശേഷി, സർഗാത്മകത, വിമർശനചിന്ത തുടങ്ങിയവയിലെല്ലാം മേൽക്കൈ പുലർത്തുന്ന പൊതുവിദ്യാലയത്തിലെ കുട്ടികൾ സാങ്കേതികതകൾ ഉപയോഗപ്പെടുത്തി ബോധനപഠന വികാസം വരുത്തുന്നതിലും ഏറെ മുന്നിലാണ്. പുതിയ പാഠ്യപദ്ധതിയിൽ പഠിച്ചുവരുന്നവർ മറ്റു സിലബസിൽ പഠിക്കുന്നവരെക്കാൾ എല്ലാ തലത്തിലും ഏറെ മുന്നിലാണെന്ന് പഠനങ്ങൾ തന്നെ വ്യക്തമാക്കുന്നുമുണ്ട്.

മികച്ച അടിസ്ഥാനസൗകര്യങ്ങളും പഠനമികവും മുന്നോട്ടുവെച്ചാൽ അത് ശ്രദ്ധിക്കാതിരിക്കാൻ രക്ഷിതാക്കൾക്കോ സമൂഹത്തിനോ സാധിക്കില്ല. അധ്യാപകരും രക്ഷിതാക്കളും പ്രാദേശിക ഭരണകൂടങ്ങളും ഒത്തുചേർന്ന് പരിശ്രമിച്ചാൽ മികച്ച വിദ്യാലയങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പാണ്. സ്മാർട്ട് ക്ലാസ്സ് റൂമുകളോ കംപ്യൂട്ടർ ലാബുകളോ ഉണ്ടാക്കി മാത്രമല്ല, ഇത്തരമൊരു കൂട്ടായ പരിശ്രമത്തിലൂടെയായിരിക്കും മികച്ച വിദ്യാലയങ്ങൾ ഉണ്ടാകുകയെന്ന് ആർ.വി.ജി. മേനോൻ അഭിപ്രായപ്പെടുന്നു.

ആർ.വി.ജിയുടെ അഭിപ്രായത്തെ സാധൂകരിക്കുന്ന വിധം ഒത്തൊരുമയുള്ള പ്രവർത്തനത്തിലൂടെ മുന്നിലെത്തിയ ഒട്ടേറെ പൊതുവിദ്യാലയങ്ങൾ നമുക്കു മുന്നിലുണ്ട്. കാസർഗോട്ടെ കൂട്ടക്കനി യു.പി. സ്കൂൾ, മലപ്പുറം കോട്ടക്കൽ രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ, ആലപ്പുഴയിലെ നീർക്കുന്നം എസ്.ഡി.വി. ജി. യു.പി.എസ്, തിരുവനന്തപുരം ആറ്റിങ്ങലിലെ അവനവഞ്ചേരി ജി.എച്ച്.എസ്.എസ്., എറണാകുളത്തെ കീച്ചേരി ജി.യു.പി.എസ് തുടങ്ങിയ സ്കൂളുകളെയെല്ലാം ഇതിൽ ചേർത്തുവായിക്കാൻ സാധിക്കും.

കേരളത്തിൽ സർക്കാർ സ്കൂളുകൾ ഇപ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സ്വകാര്യ വിദ്യാലയങ്ങൾ എൺപതുശതമാനത്തിലധികം മാർക്ക് വാങ്ങുന്ന വിദ്യാർഥികളെ മാത്രം തെരഞ്ഞെടുത്ത് പരീക്ഷയ്ക്കിരുത്തി ഉന്നതവിജയം നേടുമ്പോൾ മുഴുവൻ കുട്ടികളെയും പരീക്ഷയ്ക്കിരുത്തി മികച്ച വിജയം നേടുന്ന സർക്കാർ സ്കൂളുകൾ പ്രത്യേക അഭിനന്ദനമർഹിക്കുന്നു. സർക്കാർ വിദ്യാലയങ്ങൾ മോശമാണെന്ന ധാരണ ആളുകളിൽ മാറിവരുന്നു. -ഈ സാക്ഷ്യപ്പെടുത്തൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെതാണ്.

കാഴ്ചപ്പാടുകൾ തന്നെയാണ് മാറേണ്ടത്. ചുറ്റുവട്ടത്തെ മാറ്റങ്ങളിലേക്ക് കണ്ണയക്കുകയും മക്കളുടെ ഭാവിക്കൊപ്പം അവരെ സാമൂഹ്യബോധമുള്ള പൗരന്മാർ കൂടിയാക്കി വാർത്തെടുക്കേണ്ടതും രക്ഷിതാക്കളുടെ കടമയാണ്. അത്തരം തലമുറയെയാണ് നാടിനാവശ്യവും. ■

കവർസ്റ്റോറി

■ എൽ. രാജൻ

# പൊതുവിദ്യാഭ്യാസത്തിന് കാലോചിത പരിഷ്കാരം

**പഠിതാവിന്റെ സമഗ്ര വികസനത്തിനുതകുന്ന അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ പദ്ധതിയാണ് കേരളം ലക്ഷ്യമാക്കുന്നത്**



വിദ്യാഭ്യാസ പ്രക്രിയയെ പാവനമായ കർമമായി അംഗീകരിച്ചു പോരുന്നതാണ് ഇന്ത്യൻ സംസ്കാരം. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും വിദ്യാലയ സമ്പ്രദായങ്ങളിൽ തത്പരരും അവസരങ്ങൾ ഒരുക്കി നേരിട്ടോ അല്ലാതെയോ വിദ്യാഭ്യാസത്തിൽ ഇടപെടാൻ ആഗ്രഹിക്കുന്നവരുമാണ്. 18,19 നൂറ്റാണ്ടുകളിൽ തന്നെ, പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായങ്ങളിലൂടെയാണെങ്കിൽപ്പോലും വിദ്യാലയ വ്യാപനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. ഈ രംഗത്ത് കേരളം കൈവരിച്ച നേട്ടം പിൽക്കാലത്ത് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായി. സ്വാതന്ത്ര്യാനന്തരം സമ്പൂർണ സാക്ഷരത കൈവരിക്കാനും എല്ലാപേർക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്താനുമുള്ള നടപടികൾക്കാണ് നാം പരിഗണന നൽകിയത്. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലായിമാറിയ 1986 ലെ ദേശീയ വിദ്യാഭ്യാസ നയം വിദ്യാഭ്യാസ പ്രക്രിയയിൽ സമൂലമായ മാറ്റങ്ങൾക്ക് നാന്ദികുറിച്ചു. പ്രാഥമിക വിദ്യാഭ്യാസവ്യാപനത്തിന്റെ തോത് ഉയർത്തിക്കൊണ്ടു വരുന്നതിനോടൊപ്പം പെൺകുട്ടികളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും വിദ്യാഭ്യാസത്തിന് ഊന്നൽ ലഭിക്കുന്നതിന് ഇത് സഹായകമായി. വിദ്യാഭ്യാസവ്യാപനത്തിനോടൊപ്പം ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം നേടാനുള്ള ശ്രമങ്ങളും ഇതോടൊപ്പം ആരംഭിച്ചു. വിദ്യാഭ്യാസ അവകാശനിയമം നിലവിൽ വന്നതോടുകൂടി ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറി.

വിദ്യാഭ്യാസത്തിന്റെ പുനഃസംഘാടനത്തിലൂടെ ദേശീയ വികസനം ഉറപ്പുവരുത്താനുള്ള ഗൗരവമായ ആലോചനകളും നടപടികളുമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ ഗവേഷണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയും കാലോചിതമായ പാഠ്യപദ്ധതി പരിഷ്കാരങ്ങൾ നടപ്പിൽവരുത്തിയും അന്താരാഷ്ട്ര നിലവാരമുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് നാം ലക്ഷ്യം വെക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തോടൊപ്പം സാമൂഹികവിദ്യാഭ്യാസത്തിനും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനും പ്രാമുഖ്യം നൽകി നമ്മുടെ ഭരണഘടനാമൂല്യങ്ങളെയും മാനവികമൂല്യങ്ങളെയും ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്നുള്ള ഉറച്ച വിശ്വാസമാണ് നമുക്കുള്ളത്. സുസ്ഥിര വികസനത്തിനായുള്ള വിദ്യാഭ്യാസ പരിഷ്കരണത്തിന് ശാസ്ത്രീയമായ പഠനങ്ങളുടെ പിൻബലം വേണമെന്നത് തർക്കമില്ലാത്ത കാര്യമാണ്. വിദ്യാഭ്യാസ പ്രക്രിയയിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന എല്ലാപേരുടെയും അനുഭവങ്ങളും കണ്ടെത്തലുകളും പഠന ഗവേഷണങ്ങളും സ്വാംശീകരിച്ചുകൊണ്ടാകുമ്പോൾ പരിഷ്കരണ നടപടികൾ ജനാധിപത്യപരമാവും. 2009 വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ. 2009), നാഷണൽ കരിക്കുലം ഫ്രെയിം വർക്ക് ഫോർ ടീച്ചർ എഡ്യുക്കേഷൻ (എൻ.സി.എഫ്.ടി.ഇ.) കേരളത്തിന്റെ പന്ത്രണ്ടാം പദ്ധതി (വിദ്യാഭ്യാസത്തെ സംബന്ധിച്ച കാര്യങ്ങൾ) എന്നിവയെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയയുടെ പാതയിലാണ് നാമിപ്പോൾ. പഠിതാവിന്റെ സമഗ്രവികസനത്തിനുതകുന്ന ഗുണമേന്മാ വിദ്യാഭ്യാസം പ്രദാനം ചെയ്യുക, എല്ലാവർക്കും അത് ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ പരിഷ്കാരത്തിന്റെ മുഖ്യമായ ലക്ഷ്യം.

എല്ലാ വിഭാഗം കുട്ടികളുടെയും പഠന പുരോഗതി ലക്ഷ്യംവെക്കുന്നതും ജീവിത ഗുണമേന്മയിലേക്കും വികസനത്തിലേക്കും നമ്മെ കൈപിടിച്ചുയർത്താൻ പര്യാപ്തമാകുന്നതുമായ ഈ പാഠ്യപദ്ധതിക്ക് ഒട്ടേറെ പ്രത്യേകതകളുണ്ടെന്ന് വിലയിരുത്തപ്പെടുന്നു. ഒരു പ്രത്യേക ഘട്ടം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുക അന്തർദേശീയ നിലവാരമായി അംഗീകരിച്ചാൽ കേരളത്തിലെ കുട്ടികളെയും ആ നിലവാരത്തിലേക്കുയർത്താൻ ആവശ്യമായ മികച്ച പഠനബോധന മാതൃകകൾ പുതിയ പാഠ്യപദ്ധതിയിലുണ്ട്. അവകാശാധിഷ്ഠിത വിദ്യാലയം (Right based educational institution) എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസനപരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിനും 2013 ലെ കേരള സ്കൂൾ പാഠ്യപദ്ധതി ലക്ഷ്യമിടുന്നു.

## മൂല്യാധിഷ്ഠിത പാഠ്യപദ്ധതി

പ്രീ-പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ പാഠ്യപദ്ധതി എല്ലാ കുട്ടികളുടെയും പഠന നേട്ടം ഉറപ്പാക്കുന്നതും മൂല്യാധിഷ്ഠിതവുമാണ്. പാഠ്യപദ്ധതി വിനിമയപ്രക്രിയയിൽ വൈവിധ്യമാർന്നതും യുക്തവുമായ പഠനതന്ത്രങ്ങൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം അധ്യാപകന് തന്നെ എന്ന നിലപാട് ശ്രദ്ധേയമാണ്. ഓരോ ക്ലാസ്സിലും വിവിധ വിഷയങ്ങളിലെ ഉള്ളടക്കം ദേശീയതലത്തിലെ ഉള്ളടക്കവുമായി ഏകീകരിച്ചുകൊണ്ട് പാഠ്യപുസ്തകങ്ങൾ തയാറാക്കുന്നതിനാൽ ഉള്ളടക്കം സംബന്ധിച്ച പരാതികൾക്ക് പരിഹാരമാകും. ഇദംപ്രഥമമായി ഒന്നു മുതൽ നാലു വരെയുള്ള ക്ലാസ്സുകളിലേക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങളും തയാറാക്കിയിരിക്കുന്നു. പ്രാഥമിക പഠനരംഗത്ത് പുസ്തകങ്ങൾക്കായി മറ്റു സ്വകാര്യ പ്രസാധകന്മാരുടെ പുറകേ പോകേണ്ട അവസ്ഥ ഇതോടെ അവസാനിക്കുകയാണ്. കാലോചിതമായ പാഠ്യപദ്ധതി പരിഷ്കരണ നടപടികളും പുതിയ പാഠപുസ്തക രചനയും വിദ്യാഭ്യാസ പ്രക്രിയയിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്ന എല്ലാവർക്കും ആത്മവിശ്വാസം പകരുകതന്നെ ചെയ്യും.

പുതിയ ആഗോളക്രമത്തിൽ വിവരസാങ്കേതിക ഉപകരണങ്ങളുടെ ഇടയിലേക്കാണ് കുട്ടികൾ ജനിച്ചുവീഴുന്നത്. വിവരസാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം അവരും വളരുകയാണ്. 10 വയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്കും നെറ്റ് ബാങ്കിങ് ഉൾപ്പെടെയുള്ള ബാങ്ക് ഇടപാടുകൾ നടത്താൻ അവസരമുള്ള രാജ്യത്ത് ഐ.സി.ടി. ഉപകരണങ്ങളുമായി ചെറുപ്പത്തിലേ ഇടപഴകാൻ പൊതുവിദ്യാലയങ്ങളിൽ ഇന്ന് മതിയായ സൗകര്യങ്ങളുണ്ട്. വിവരവിനിമയ സാങ്കേതികവിദ്യ ഒരു പ്രത്യേക വിഷയമായി പഠിക്കുന്നതിനു പകരം എല്ലാ പാഠ്യവിഷയങ്ങളുടെയും വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഉപാധിയായി ഐ.സി.ടി. ഉപയോഗിക്കണം എന്ന പാഠ്യപദ്ധതി സമീപനം നിലവിലത്തെ സാഹചര്യത്തിൽ പ്രായോഗികവും ഫലപ്രദവുമാണ്.

ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയ പഠനം എന്നിവ നിർബന്ധിത പാഠ്യവിഷയമായി പരിഗണിച്ചിരിക്കുന്നു. അവയ്ക്ക് ക്ലാസ്സ് ടൈംടേബിളുകളിൽ നിശ്ചയിച്ചിട്ടുള്ള പിരീഡുകൾ മറ്റൊരു വിഷയത്തിനും വേണ്ടി ചെലവഴിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നാട്ടിൻപുറങ്ങളിൽപ്പോലും മതിൽക്കെട്ടുകളുടെ എണ്ണം വർധിച്ചതോടെ പൊതു കളിസ്ഥലങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ആധുനിക ജീവിതക്രമത്തിൽ കുട്ടികൾക്ക് മതിയായ വ്യായാമത്തിനും ശരിയായ പേശീചലനത്തിനും സാധ്യതകൾ തീരെ കുറയുകയും ചെയ്തിരിക്കുന്നു. കേരളത്തിലെ കുട്ടികളുടെ കായികക്ഷമത സംബന്ധിച്ച് അടുത്തകാലത്ത് പുറത്തുവന്ന പഠനറിപ്പോർട്ടുകൾ ഒട്ടും ആശ്വാസകരമല്ല. പ്രത്യേക സാഹചര്യത്തിൽ സ്കൂളുകളിൽ കുട്ടികളുടെ ശാരീരികക്ഷമത ഉറപ്പുവരുത്തുന്ന ആധുനിക ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കാൻ ആലോചനകൾ നടക്കേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പുതന്നെ നേരിട്ട് നടത്തുന്ന 'ആശ്വാസ്' സ്കൂളുകൾ ഇതിന് മാതൃകയാവുമെന്നാണ് പ്രതീക്ഷ. പൂർവ വിദ്യാർഥികൾ, സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പിൻതുണകൂടി വിദ്യാലയങ്ങളിൽ ഉറപ്പുവരുത്തിയാൽ കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഫലപ്രാപ്തിയുണ്ടാകും.

നിലവിലുള്ള ഉച്ചഭക്ഷണ പരിപാടി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ജീവിതശൈലീരോഗങ്ങളിൽ നിന്നും പുതിയ തലമുറയെ മോചിപ്പിച്ചെടുക്കാൻ ജീവിതരീതിയിലും ഭക്ഷണക്രമത്തിലും മാറ്റങ്ങൾ ആവശ്യമായിരിക്കുന്നു. വിദ്യാലയങ്ങളിൽ കാർഷികപ്പുര, പരിസ്ഥിതിപ്പുര, സൗന്ദര്യവത്കരണപ്പുര തുടങ്ങിയ ആശയങ്ങളെ പ്രവൃത്തിപരിചയ പഠനവുമായി ബന്ധിപ്പിക്കുന്നത് നന്നായിരിക്കും. ജൈവവൈവിധ്യം കൊണ്ടും ചിത്രചാരുത കൊണ്ടും സ്കൂൾ വർണാഭമാക്കുകയെന്നത് ഓരോ പ്രകൃതി സ്നേഹിയുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ബാധ്യതയും കർത്തവ്യവുമായി മാറണം.

## തണലാകുന്ന അധ്യാപകർ

ഓരോ അധ്യാപകനും അധ്യാപികയും കുട്ടിയുടെ മുന്നിൽ അച്ഛൻ, അമ്മ, ചങ്ങാതി, മനഃശാസ്ത്രജ്ഞൻ, കലാകാരൻ, കലാകാരി, രക്ഷാകർത്താവ് എന്നിവരുടെ റോളിലേക്ക് ഉയരാനുള്ള കഠിനപരിശ്രമം ചെയ്യുന്നവരായിരിക്കണം. കുട്ടിക്ക് സ്കൂളിനകത്തും ക്ലാസ്മുറിയിലും വേണ്ടുന്ന കരുതലും ത ണലും അനുഭവിക്കാൻ അവസരമൊരുക്കുന്ന സഹരക്ഷാകർത്താവിന്റെ (Mentor) സ്ഥാനത്തേക്കാണ് അധ്യാപകനെ പുതിയ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. അധ്യാപകൻ പാലിക്കേണ്ട ധാർമിക നിയമസംഹിത ഇക്കഴിഞ്ഞ അധ്യാപക പരിശീലനങ്ങളിൽ ഗൗരവമായി ചർച്ച ചെയ്യപ്പെട്ടിരിക്കുകയാണ്. 21 ാം നൂറ്റാണ്ടിലെ അധ്യാപന നൈപുണികൾ ആർജിക്കാൻ പര്യാപ്തമായ മാനേജ്മെന്റ് ക്ലാസ്സുകൾ ഉൾപ്പെടെയുള്ള അധ്യാപക ശാക്തീകരണപ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞിരിക്കുന്നു. പുതിയ പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും പരിചയപ്പെട്ടിട്ടാണ് പുതിയ അധ്യയന വർഷത്തിൽ അധ്യാപകർ സ്കൂളുകളിൽ എത്തുന്നത്. മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കാനുള്ള ഉത്തരവാദിത്വം മുമ്പെത്തെക്കാളും ഭംഗിയായി നിർവഹിക്കാനുള്ള അവസരങ്ങളാണ് പാഠ്യപദ്ധതിയിലൂടെ അധ്യാപകർക്കായി ഒരുക്കിയിരിക്കുന്നത്. അത് കൃത്യമായും ഭംഗിയായും നിർവഹി



ക്കാനുള്ള പൂർണ സ്വാതന്ത്ര്യവും അധ്യാപകർക്കുണ്ട്.

ഒരു കുട്ടിയുടെ വളർച്ചയിൽ സ്വഭാവ രൂപവത്കരണത്തിൽ, ചിന്തയിൽ, ഭാവനയിൽ ആത്മാവിഷ്കാരത്തിൽ എല്ലാം ഏറെ സ്വാധീനിക്കുന്നത് അവൻ ജീവിച്ചുവരുന്ന ചുറ്റുപാടും അവൻ സ്വീകരിക്കുന്ന ചുറ്റുപാടുമാണ്. സാങ്കേതികവിദ്യ നമ്മെയും കൊണ്ട് കുതിച്ചുപായുന്ന ഇക്കാലത്ത് ഒരു വിദ്യാർഥിക്ക് ഉദ്യോഗലബ്ധിയെന്ന ലക്ഷ്യത്തിനുമപ്പുറം മൂല്യങ്ങളുടെ സ്വാംശീകരണം വേണ്ടവിധം നടക്കുന്നുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അറിവ് നേടുന്നതിനോടൊപ്പം അഭിലഷണീയമായ സാമൂഹികവും ധാർമികവുമായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുത്ത് ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള കഴിവ് സ്കൂൾ ക്ലബ്ബുകളിൽ പങ്കാളികളാകുന്നതു വഴി കുട്ടികൾക്ക് ലഭിക്കും. ആരോഗ്യ, കായിക, പരിസ്ഥിതി, ഹരിത ക്ലബ്ബുകളോടൊപ്പം കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ അവസരം ഒരുക്കുന്ന ക്ലബ്ബുകളും ഇന്ന് നിലവിലുണ്ട്. അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്. എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട് & ഗൈഡ്സ്, സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് തുടങ്ങിയ സന്നദ്ധ സംഘടനകൾ സ്കൂളുകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. ഭരണഘടനാപരവും മാനസികവുമായ മൂല്യങ്ങൾ കുട്ടികളിൽ ഉയർത്തിക്കൊണ്ടു വരുന്നതിന് ഇത് ഏറെ സഹായകമാണ്.



ഈ അധ്യയനവർഷം മുതൽ അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി ക്ലാസ്തലം മുതൽ സംസ്ഥാനതലം വരെ കാര്യക്ഷമമായ മോണിട്ടറിങ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഡയറക്ടറേറ്റിൽ ഇരുന്നുകൊണ്ടു തന്നെ സ്കൂൾതലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഐടി സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നു.

## സാഹിത്യം, മാനവിക വിഷയങ്ങൾ

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൽ സാഹിത്യകലകൾക്കും മാനവിക വിഷയങ്ങൾക്കും വളരെയേറെ പ്രാധാന്യം നൽകേണ്ടതുണ്ട്. ചെന്നൈയിലെ ഐ.ഐ.ടിയിൽപ്പോലും മാനവിക വിഷയങ്ങളുടെ പഠനം തുടങ്ങിക്കഴിഞ്ഞുവെന്നത് നമുക്ക് പുതിയ ദിശാബോധം നൽകുന്ന വസ്തുതയാണ്. മനുഷ്യമനസ്സിന്റെ ഭാവനയുടെ ആകാശം വിസ്തൃതമാക്കാനും ജീവിതത്തെക്കുറിച്ച് കാവ്യാത്മകമായ ചിന്തയിലേക്ക് മനുഷ്യനെ എത്തിക്കാനും കലകൾ നൽകുന്ന പ്രചോദനം ശ്രദ്ധേയമാണ്. മനസ്സിന്റെ ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും ഇണക്കങ്ങളെയും പിണക്കങ്ങളെയും ദുഃഖങ്ങളെയും ആഹ്ലാദങ്ങളെയും സ്നേഹത്തെയും കാരുണ്യത്തെയും എല്ലാം നിജപ്പെടുത്തുന്നത് സാഹിത്യവും കലകളുമായതിനാൽ ഏതു വിദ്യാഭ്യാസ പരിഷ്കാരം നടപ്പിലാക്കുമ്പോഴും കലാസാഹിത്യ രൂപങ്ങൾക്ക് ഗണ്യമായ സ്ഥാനം നൽകേണ്ടതുണ്ട്. ബാലമനസ്സുകൾ തരിശുനിലയങ്ങളായി തീരാതിരിക്കാൻ അതിൽ കലകളുടെ സുഗന്ധവും കുളിരും സംഗീതവും നിറയേണ്ടതുണ്ട്. അതുകൊണ്ടുതന്നെ സാഹിത്യാദികലകളുടെ പഠനവും ആസ്വാദനവും എക്കാലത്തെയും വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കേരളത്തിൽ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ കലാസാഹിത്യപ്രവൃത്തിപരിചയ വിഷയങ്ങൾക്കായി പ്രത്യേക പാഠ്യപദ്ധതിയും സമീപനരേഖയും തയാറാക്കി പ്രസിദ്ധീകരിച്ചത് മാതൃകാപരവും ശ്രദ്ധേയവുമാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ അടുത്ത അധ്യയന വർഷം മുതൽ ആഴ്ചയിൽ ഒരു ദിവസം ഒരു പീരീഡ് കലാസദസ്സായി മാറ്റിയിരിക്കുന്നതും ഇത്തരം വിഷയങ്ങളോടുള്ള വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്.

ആത്മവിശ്വാസമുള്ള ഒരു തലമുറയെ സൃഷ്ടിക്കുന്നതിൽ രക്ഷാകർത്താവിനും അധ്യാപകനുമുള്ള പങ്ക് വളരെ വലുതാണ്. ശാരീരികവും മാനസികവുമായ ആരോഗ്യമുള്ള വിദ്യാർഥിയിലേ ആത്മവിശ്വാസം ഉണ്ടാവുകയുള്ളു. കുട്ടിക്ക് ശാരീരിക-മാനസികാരോഗ്യം പ്രദാനം ചെയ്യാൻ സ്കൂളുകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. പ്രത്യേകിച്ച് അധ്യാപകരുടെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ. മറ്റുള്ളവരുടെ വേദനയെ സ്വന്തം വേദനയായി കാണാനും അവനവന്റെ ശാരീരിക അധ്വാനവും ആത്മാർഥ സ്നേഹവും ദയയുമെല്ലാം വേദന അനുഭവിക്കുന്നവർക്കായി നൽകാനുമുള്ള മനുഷ്യത്വവും മാനവികതയും നമ്മുടെ കുട്ടികളിൽ എത്തിക്കാൻ കെൽപ്പുള്ള അധ്യാപക പരിശീലനങ്ങളാണ് നാം വിഭാവനം ചെയ്തിരിക്കുന്നത്. ഉന്നത റാങ്കിനുമപ്പുറം ചിന്തിക്കാനുള്ള, പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള, നല്ല തീരുമാനങ്ങൾ എടുക്കാനുള്ള നൈപുണികൾ ഉണ്ടാക്കിയെടുക്കേണ്ടത് തീർച്ചയായും നല്ല വിദ്യാഭ്യാസത്തിന്റെ കടമയാണ്. നമ്മുടെ കരിക്കുലവും സിലബസും പഠനമാതൃകകളുമെല്ലാം മാതൃകാപരമാകുമ്പോൾ അവ അർഥപൂർണമായി വിനിമയം ചെയ്യാനും സിലബസിനുമുപ്പുറത്തുള്ള വ്യക്തിപരമോ സാമൂഹികമോ ആയ ഒരു പ്രശ്നത്തിനു മുമ്പിൽ നമ്മുടെ കുട്ടികൾ വീണുപോകാതിരിക്കാനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം. ഓരോ ഘട്ടത്തിലെയും വിദ്യാഭ്യാസം കഴിഞ്ഞിറങ്ങുന്ന കുട്ടി സ്വായത്തമാക്കണമെന്നും സ്വാംശീകരിക്കണമെന്നും നാം വിവക്ഷിക്കുന്ന പഠന നേട്ടങ്ങളെക്കുറിച്ച് കുട്ടിക്കും രക്ഷിതാവിനും കൂടി ബോധ്യമുണ്ടായിരിക്കണം. പുതിയ പാഠ്യപദ്ധതിയിൽ അതിനുള്ള സാധ്യതകളുമുണ്ടെന്നത് ഗുണകരമാണ്.

പഠനം, അധ്യാപനം, വികസനം തുടങ്ങിയ മുഴുവൻ പ്രക്രിയകളും പരസ്പരബന്ധപ്പെട്ടിട്ടുള്ളതാണ്. കാലത്തിനനുസരിച്ച് മാറാനുള്ള ഓരോരുത്തരുടെയും കഴിവിനെ ആശ്രയിച്ചാണ് വിദ്യാഭ്യാസത്തിലൂടെ നമ്മൾ ഉദ്ദേശിക്കുന്ന വിജയം കൈവരിക്കാൻ സാധിക്കുന്നത്. പരിഷ്കരിച്ച പാഠ്യപദ്ധതിയും പുതിയ പാഠപുസ്തകങ്ങളും ചിട്ടപ്പെടുത്തിയ അധ്യാപക ശാക്തീകരണ നടപടികളും താഴെത്തട്ടു മുതൽ ഉന്നത തലം വരെ വിവിധ തരത്തിലുള്ള മേൽനോട്ട സംവിധാനങ്ങളും ഗുണപരമായ വിദ്യാഭ്യാസ വികസനത്തിന് ചാലകശക്തിയായി മാറുകതന്നെ ചെയ്യും. ■

*പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറാണ് ലേഖകൻ*

■ മുഹമ്മദ് ബഷീർ കെ.കെ.

# എന്തു കൊണ്ട് പൊതുവിദ്യാലയങ്ങൾ?

**കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സൃഷ്ടിച്ച പൗരത്വ നിർമിതിയാണ് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തെ ബഹുദൂരം മുന്നോട്ടു കൊണ്ടുപോയത്**

മനുഷ്യന്റെ പ്രകൃതമെന്ന് പറയുന്നത് സ്വാതന്ത്ര്യവും സൃഷ്ടിപരതയുമാണ്. ഈ അടിസ്ഥാന ചോദനകളെ അംഗീകരിച്ചും അനുസരിച്ചും മാത്രമേ മനുഷ്യന്റെ വളർച്ചയും വികാസവും സാദ്ധ്യമാകൂ. അതുകൊണ്ടു തന്നെ ഏതൊരു വിദ്യാഭ്യാസരീതിയാണോ അതിന്റെ പാഠ്യപദ്ധതിയിൽ കുട്ടിയുടെ സ്വാതന്ത്ര്യത്തിനും സൃഷ്ടിപരതയ്ക്കും പ്രാമുഖ്യം നൽകുന്നത്. അത് അവന്റെ പരമാവധി വികാസം ഉറപ്പുവരുത്തുന്നു. പൊതുവിദ്യാലയങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അന്വേഷണം പ്രസക്തമാവുന്നത് ഇവിടെയാണ്.

സ്വാതന്ത്ര്യത്തെ ഹനിച്ചും സർഗാത്മകതയെ മുരടിപ്പിച്ചും ശിക്ഷയാൽ നിയന്ത്രിക്കപ്പെടുന്ന ശിക്ഷണത്തോടും നിലനിൽക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അധാർമികം എന്നതിനേക്കാൾ മനുഷ്യപ്രകൃത വിരുദ്ധം കൂടിയാണ്.


ബുദ്ധിയേയും പഠനത്തേയും സംബന്ധിച്ച ആധുനിക കാഴ്ചപ്പാടുകളുടേയും തത്ത്വങ്ങളുടേയും അടിത്തറയിൽ വാർത്തെടുത്തതാണ് പൊതുവിദ്യാലയങ്ങളിലെ പാഠ്യപദ്ധതി. ഓരോ സിദ്ധാന്തങ്ങളും ഉണ്ടാക്കുന്ന പുതിയ തിരിച്ചറിവുകളെ ദ്രുതഗതിയിൽ പ്രയോഗത്തിൽ വരുത്തുക വഴി കേരളം ഇതര സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും മാതൃകയാവുന്നു. അറിവ് കൈമാറ്റം ചെയ്യപ്പെടേണ്ട ഒന്നല്ല, നിർമിക്കപ്പെടേണ്ടതാണ്, നിർമിതികളായി മനുഷ്യ മസ്തിഷ്കത്തിൽ രൂപം കൊള്ളേണ്ടതാണെന്ന ജീൻ പിയാഷെ, ഗാഗ്നെ, ബ്രൂണർ എന്നിവരുടെ സിദ്ധാന്തങ്ങളുടെയും അറിവു നിർമാണത്തിന്റെ സാമൂഹിക തലത്തിന്റെ പ്രധാന്യം എടുത്തുകാണിച്ച വൈഗോട്സ്കിയുടെയും ഓരോ കുട്ടിയിലും ജനിതകമായി ആന്തരികഭാഷാജ്ഞാനം ഉണ്ടെന്നും അതിനാൽ ഭാഷ എന്നത് പുറത്ത് നിന്ന് അടിച്ചേൽപ്പിക്കേണ്ട ഒന്നല്ലെന്നും കുട്ടിയുടെ ഉള്ളിലുള്ള ഭാഷയുടെ പ്രകടനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കലാണ് വേണ്ടതെന്നുമുള്ള ആധുനിക ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കിയുടെയും സിദ്ധാന്തങ്ങൾക്ക് അനുസൃതമായാണ് പൊതു വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയും രീതിശാസ്ത്രവും ആവിഷ്കരിച്ചിരിക്കുന്നത്.

### കുട്ടിയുടെ മാനസിക പങ്കാളിത്തം ഏറുന്നു

ക്ലാസ്സ്മുറികളിൽ ഗ്രൂപ്പ് പ്രവർത്തനങ്ങൾ വഴി കണ്ടെത്തലിലൂടെയും പങ്കുവയ്ക്കലിലൂടെയും സംവാദങ്ങളിലൂടെയും പഠനത്തിന്റെ സാമൂഹികതലത്തെ യാഥാർഥ്യമാക്കുകയാണ്. പഠനപ്രക്രിയയുടെ ഓരോ തലത്തിലും അധ്യാപകന്റെ കൈത്താങ്ങ് ഉറപ്പാക്കുക വഴി ഓരോ കുട്ടിക്കും സ്വപ്രയത്നം കൊണ്ട് കൈവരിക്കാവുന്ന നേട്ടത്തിന്റെ ഒരു തലമുണ്ടെന്നും എന്നാൽ തന്നേക്കാൾ നിപുണനായ ഒരാളുടെ സഹായം ലഭിക്കുക വഴി എത്താൻ കഴിയുന്ന കൂടുതൽ നേട്ടത്തിന്റെ ഉയർന്ന തലമുണ്ടെന്നുള്ള വൈഗേട്സ്കയുടെ സിദ്ധാന്തത്തെ സാധൂകരിക്കുന്നു.

ഇംഗ്ലീഷ്, ഹിന്ദി തുടങ്ങിയ ഭാഷാപഠനങ്ങളിൽ ആഖ്യാനങ്ങൾ കൊണ്ടു വന്ന് ആഖ്യാന അവതരണത്തിലെ വൈകാരിക സന്ദർഭങ്ങളിൽ അപ്പോൾ എന്താവും സംഭവിച്ചിട്ടുണ്ടാവുക എന്ന് എഴുതാനും പറയാനും കുട്ടിക്ക് അവസരം ഉണ്ടാക്കുക വഴി അവന്റെ ഉള്ളിലുള്ള ഭാഷയെ അഥവാ ചോംസ്കിയുടെ ഭാഷാപഠനവീക്ഷണങ്ങളെ യാഥാർഥ്യമാക്കി ഭാഷാപഠനം അർഥപൂർണമാക്കുകയാണ്.

പ്രവൃത്തികളും പ്രതിപ്രവൃത്തികളും എന്ന നിലയിൽ നിന്നും പഠനമെന്നത് മാനസിക നിർമിതിയാണെന്ന തിരിച്ചറിവാണ് ചിന്തക്കും



നോം ചോംസ്കി



ജീൻ പിയാഷെ



ലെവ് വൈഗോട്സ്കി

വിശകലനത്തിനും പ്രാമുഖ്യം നൽകുന്ന രീതിശാസ്ത്രത്തിന് വഴിമാറിയത്. ആ മാറ്റമാണ് സക്രിയനായ അധ്യാപകന്റെയും നിഷ്ക്രിയരായ വിദ്യാർഥികളുടെയും ക്ലാസ്സ് മുറിയെ അധ്യാപകനും കുട്ടിയും ക്രിയാത്മകമായി ഇടപഴകുന്ന തലമാക്കി മാറ്റിയത്. കുട്ടിക്ക് ചിന്തയ്ക്കും വിശകലനത്തിനും അവസരം ലഭിക്കുമ്പോഴാണ് പഠനം അർഥപൂർണമാവുന്നത്. ചിന്തയും വിശകലനവും ഇല്ലാത്തിടത്ത് മാനസിക നിർമിതികളില്ല, അഥവാ പഠനമില്ല. മുൻകൂട്ടി ആസൂത്രണം ചെയ്ത് കുട്ടിക്കു മുന്നിൽ നിരന്തരം ഉന്നയിക്കുന്ന പ്രശ്നങ്ങളും പ്രതികരണങ്ങളുടെ വിശകലനങ്ങളും കുട്ടിയുടെ മാനസിക പങ്കാളിത്തം ഉറപ്പുവരുത്തുന്നു. അറിവുനിർമാണ ക്ലാസ്സ് മുറികളിൽ കുട്ടിയുടെ മനസ്സ് ഏകാഗ്രമാവുന്നതും മികച്ച പഠനഫലം ഉണ്ടാകുന്നതും ഇതിനാലാണ്. ഹവാഡ് ഗാഡ്നറുടെ ബുദ്ധിയെ സംബന്ധിച്ച നവീനമായ കാഴ്ചപ്പാടുകൾ പാഠ്യപദ്ധതി അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നു. ഇതനുസരിച്ച് ബുദ്ധിയുടെ ഭാഷാംശത്തിനും ഗണിതാംശത്തിനും യുക്തിക്കും സംഗീതത്തിനും ശാരീരിക ചലനങ്ങൾക്കും വ്യക്തിബന്ധങ്ങൾക്കും ആന്തരിക വൈയക്തികതക്കും സ്ഥലപര അംശത്തിനും പ്രകൃതിധാരണാംശത്തിനും പഠനപ്രവർത്തനങ്ങൾ കണ്ടെത്തി അധ്യാപകസഹായിയിൽ ഉൾപ്പെടുത്തുക വഴി മസ്തിഷ്കത്തിന്റെ സമഗ്രവികാസം ഉറപ്പു വരുത്തുകയാണ്.



ഹൊവാർഡ് ഗാർഡ്നർ

പാഠപുസ്തകങ്ങളുടെയും അതിലെ ഉള്ളടക്കത്തിന്റെയും അപ്രമാദിത്വത്തെ ഉപേക്ഷിക്കുക വഴി പൊതുവിദ്യാലയങ്ങൾ അക്കാദമിക പുരോഗതിയിൽ വിപ്ലവകരമായ മുന്നേറ്റമാണ് നടത്തിയിരിക്കുന്നത്. ഉള്ളടക്കത്തിനു പകരം പ്രക്രിയാ ശേഷികൾക്ക് (Process Skills) പ്രമുഖ്യം കൊടുക്കുകയും ശേഷികൾ വികസിപ്പിക്കാനുള്ള അനേകം ഉപാധികളിൽ ഒന്നുമാത്രമായി പാഠപുസ്തകത്തെ പരിമിതപ്പെടുത്തുകയും വഴിയാണ് ഇത് സാധ്യമായത്. അതിന്റെ പ്രതിഫലനമാണ് കുട്ടി പരിചയപ്പെട്ടിട്ടില്ലാത്ത അഥവാ അവനെ പഠിപ്പിച്ചിട്ടില്ലാത്ത പുതിയ കഥകളും കവിതകളും മറ്റു ദത്തങ്ങളും (data) നൽകി കുട്ടിയുടെ ശേഷികൾ വിലയിരുത്തുന്ന മൂല്യനിർണയ രീതി. അടിസ്ഥാന ശാസ്ത്ര, സാമൂഹ്യശാസ്ത്ര പരീക്ഷകൾക്കു പോലും ഉള്ളടക്കവുമായി പരോക്ഷ ബന്ധമേ ഉള്ളൂ. ഇതുവഴി ഉള്ളടക്കങ്ങളുടെ യാന്ത്രികമായ ഹൃദിസ്ഥമാക്കലിൽ നിന്നും അവയുടെ ഓർമ പരിശോധിക്കുന്ന പരീക്ഷാ രീതിയിൽ നിന്നുമാണ് ഒരു തലമുറ രക്ഷപ്പെട്ടത്.

## അധ്യാപകൻ പൊലീസുകാരനല്ല

പൊതുവിദ്യാലയത്തിലെ കുട്ടി താരതമ്യം ചെയ്തും നിരീക്ഷിച്ചും അപഗ്രഥിച്ചും വർഗീകരിച്ചും സ്വായത്തമാക്കിയ അറിവുകൾ പുതിയ സാഹചര്യത്തിൽ പ്രയോഗിച്ചു സ്വയം ഉത്തരങ്ങൾ ഉത്പാദിപ്പിക്കുമ്പോൾ അവയിൽ സ്വാഭാവികമായും സംഭവിക്കാവുന്ന അക്ഷരത്തെറ്റുകളോ വ്യാകരണ പിശകുകളോ പൊക്കിപ്പിടിച്ച് പൊതുവിദ്യാലയങ്ങളുടെ നിലവാരത്തകർച്ച എന്ന് ആക്രോശിക്കുന്നത് കാപട്യമല്ലേ? രണ്ടു വിദ്യാഭ്യാസ രീതികളിലും നിലനിൽക്കുന്ന അജഗജാന്തരം തിരിച്ചറിയാൻ ഉത്പാദനം സർഗാത്മകവും പുനരുത്പാദനം യാന്ത്രികവുമാണെന്ന സത്യം ഓർത്താൽ മതി.

തെറ്റ് എഴുതാനും പറയാനും സ്വാതന്ത്ര്യം ലഭിക്കുന്നിടത്തു മാത്രമേ ശരിയിലേക്കുള്ള ഗതിവേഗം ദ്രുതമാവൂ. ആ സ്വാതന്ത്ര്യം അനുഭവിച്ച കുട്ടിയിൽ മാത്രമേ ആത്മവിശ്വാസമുണ്ടാകൂ. പിഴവുകൾ പ്രതിക്കൂട്ടിൽ നിർത്താനുള്ള തൊണ്ടിയായും അപമാനിക്കാനുള്ള ഉപകരണമായും മാറുന്ന വ്യവസ്ഥിതിയിൽ കുട്ടി ആത്മവിശ്വാസമില്ലാത്തവനായി മാറുന്നു. പഠിച്ചത് പാടുന്നിടത്ത് ശോഭിക്കുന്ന കുട്ടി പുതിയത് എഴുതുകയോ പറയുകയോ വേണ്ടിടത്ത് പതറുന്നു. ചൂരലും ചുവപ്പുമഷിയുമായി തെറ്റു വരുത്തുന്നുണ്ടോ എന്ന് സദാ ജാഗ്രതയോടെ നിരീക്ഷിക്കുന്ന അധ്യാപകന്റെ പ്രവൃത്തി അധ്യാപകന്റേതല്ല. പൊലീസുകാരന്റേതാണ്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടി ഭാഗ്യവാനാണ്. കാരണം പഠന പ്രക്രിയയിൽ തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണെന്ന് തിരിച്ചറിഞ്ഞ് അതിനനുവദിക്കുകയും ശരിയുടെ ആദ്യഘട്ടമായി കണക്കാക്കുകയും ചെയ്യുന്ന രീതിശാസ്ത്രമാണ് അവിടെ നിലനിൽക്കുന്നത്.

എല്ലാ തൊഴിലും പോലെ തന്നെ അധ്യാപനവും ഏറെ വൈദഗ്ധ്യം ആവശ്യപ്പെടുന്ന വെല്ലുവിളി നിറഞ്ഞ മേഖലയാണ്. അധ്യാപകന് നേരിടേണ്ട യഥാർഥ വെല്ലുവിളി തൊഴിൽ ലഭ്യതയുടെയോ നിലനിൽപ്പിന്റേതോ അല്ല. തന്റെ മുന്നിലിരിക്കുന്ന മുഴുവൻ കുട്ടികളുടേയും പഠനനിലവാരം ഉറപ്പുവരുത്തുക എന്നതാണ്. പൊതുവിദ്യാലയങ്ങളിലെ അധ്യാപകരെ തുടർച്ചയായി പരിശീലനങ്ങൾ നൽകി നവീകരിച്ചു കൊണ്ടിരിക്കുന്നു. പഠനപ്രക്രിയയിൽ അക്കാദമിക് രംഗത്ത് അവനെ സഹായിക്കാൻ വിളിപ്പാടകലെ വിദഗ്ധരുടെ സംഘം തന്നെയുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾ, ഡയറ്റ്, എസ്.എസ്.എ എന്നിവയിലൂടെ അധ്യാപകന് വേണ്ട പിന്തുണ നൽകി ജോലിയുടെ ഉത്തരവാദിത്വം ഭംഗിയായി നിർവഹിക്കാൻ അവനെ പ്രാപ്തനാക്കുന്ന ഇത്രയും സുസജ്ജവും സുഘടിതവുമായ ഒരു സംവിധാനം മറ്റേത് വിദ്യാഭ്യാസ സമ്പ്രദായത്തിലാണ് ഉള്ളത്?

ബ്രിട്ടീഷ് ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മിഷനുകൾ മുതൽ (മെക്കാളെ മിനുട്സ്, ഹങ്ങർ കമ്മിഷൻ, വുഡ്സെസ്പിച്ച്) സ്വാതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മിഷനുകൾ വരെ ഏകസ്വരത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ള വസ്തുതയാണ് പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്നത്. എന്നാൽ കേരളത്തിൽ അതുപോലും പാലിക്കപ്പെടുന്നില്ല. ഇംഗ്ലീഷ് ഇംഗ്ലീഷിലൂടെ പഠിക്കുന്നതിന്റെ യുക്തി മനസ്സിലാക്കാം, എന്നാൽ ഗണിത ആശയങ്ങളും ശാസ്ത്ര ആശയങ്ങളും ഇംഗ്ലീഷിലൂടെ പഠിക്കുന്നതിന്റെ യുക്തി എന്താണ്? വിദേശ ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകുകയെന്ന അസംബന്ധം നിലനിൽക്കുന്ന ലോകത്തെ അപൂർവം സ്ഥലങ്ങളിലൊന്നാണ് നമ്മുടെ രാജ്യം! ഇംഗ്ലീഷ് മാതൃഭാഷയായിട്ടുള്ള കുട്ടിയുടെ പദാവലിയും പദസമ്പത്തും ഇംഗ്ലീഷ് വിദേശ ഭാഷയായിട്ടുള്ള കുട്ടിയുടെ പദസമ്പത്തും തമ്മിലുള്ള അന്തരം അതിഭീമമാണ്. പരിമിതമായ ഈ പദസമ്പത്തുമായി ഗണിതത്തിലേയും ശാസ്ത്രത്തിലേയും അടിസ്ഥാന ആശയങ്ങളോട് മല്ലിടുന്ന കുട്ടിയുടെ സാഹചര്യം ദയനീയമാണ്. ഭാഷയുടെ പുറന്തോടു പൊട്ടിച്ചു മാത്രമേ അതുള്ളടക്കിയിരിക്കുന്ന ആശയത്തെ ഉൾക്കൊള്ളാനാവൂ എന്നിരിക്കേ ആശയത്തിന്റെ ധാരണയ്ക്ക് എടുക്കേണ്ട അധ്വാനം ഭാഷയുമായി മല്ലിട്ട് പാഴാക്കേണ്ടിവരുന്നുവെന്നതാണ് മാധ്യമ മാറ്റത്തിലെ ദുരന്തം. ഇംഗ്ലീഷിൽ വായിച്ച് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി മലയാളത്തിൽ മനസ്സിലാക്കി ഇംഗ്ലീഷിൽ ഹൃദിസ്ഥമാക്കുമ്പോൾ ദുർബലമാകുന്നത് പ്രാഥ



മിക തലത്തിലെ അടിസ്ഥാന ആശയങ്ങളുടെ ധാരണയ്ക്കാണ്. അതുവഴി വിള്ളൽ വീഴുന്നത് പഠനഗോപുരത്തിന്റെ അടിത്തറയിലാണ്.

## പാഠ്യപദ്ധതി-ദുഷ്പ്രചരണങ്ങൾ

പൊതുവിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങൾക്ക് ഉള്ളടക്കം കുറവാണെന്നും നിലവാരമില്ലെന്നും ചിലരെങ്കിലും തെറ്റിദ്ധരിച്ചിട്ടുണ്ട്. കേരള സിലബസ്സും സി.ബി.എസ്.സി. സിലബസ്സും താരതമ്യം ചെയ്ത പഠനങ്ങളിൽ വ്യക്തമായത് എട്ട്, ഒൻപത്, പത്ത് ക്ലാസ്സുകളിലെ ഗണിതം സമാനമാണെന്നും ശാസ്ത്രത്തിൽ സി.ബി.എസ്.സി. പത്തിലെ പാഠഭാഗങ്ങൾ കേരളത്തിലെ എട്ടിലും ഒൻപതിലും പഠിക്കുന്നുവെന്നും, കേരള സിലബസ്സിലെ നിരവധി ശാസ്ത്ര ആശയങ്ങൾ സി.ബി.എസ്.സിയിൽ പഠിപ്പിക്കുന്നേയില്ലെന്നും ഫിസിക്സിൽ 88 ആശയങ്ങൾ സി.ബി.എസ്.സിയെക്കാൾ കൂടുതലുണ്ടെന്നുമാണ്. ദേശീയവും അന്തർദേശീയവുമായ വിവിധ ഏജൻസികൾ കുട്ടികളുടെ അക്കാദിമക നിലവാരത്തെ സംബന്ധിച്ച് നടത്തിയ പഠനഫലങ്ങളും സംസ്ഥാന പാഠ്യപദ്ധതിയുടെ മികവിനെ ശരിവെക്കുന്നതാണ്. Educational initiative എന്ന സംഘടന അന്താരാഷ്ട്ര നിലവാരമുള്ള ചോദ്യങ്ങൾ ഉപയോഗിച്ച് 2009 ൽ നടത്തിയ student learning study യിൽ ആറാം ക്ലാസ്സിലെ ഭാഷാപഠന നിലവാരത്തിൽ കേരളം ഒന്നാം സ്ഥാനത്തും, നാലാം ക്ലാസ്സിൽ കേരളം രണ്ടാം സ്ഥാനത്തുമാണ്. നാല്, ആറ്, എട്ട് ക്ലാസ്സുകളിലെ ഗണിതശേഷിയിൽ കേരളം അഖിലേന്ത്യാ ശരാശരിയെക്കാൾ ഉയർന്ന നിലയിലാണ്. NCERT 2012 ൽ അഞ്ചാം ക്ലാസ്സിൽ നടത്തിയ National Achievement Survey യിൽ ഭാഷാപഠന നിലവാരത്തിൽ ഉത്തർ പ്രദേശും തമിഴ്നാടും കേരളവുമാണ് ആദ്യ മൂന്ന് സ്ഥാനക്കാർ.

കാറും വീടും പോലെ പഠിക്കുന്ന വിദ്യാലയവും അന്തസ്സിന്റെ ചിഹ്നമായി കരുതുന്നവർ പൊതുവിദ്യാലയങ്ങൾ എത്രതന്നെ ശക്തി പ്രാപിച്ചാലും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എത്രതന്നെ മെച്ചപ്പെ

ദേശീയവും അന്തർദേശീയവുമായ വിവിധ ഏജൻസികൾ കുട്ടികളുടെ അക്കാദിമക നിലവാരത്തെ സംബന്ധിച്ച് നടത്തിയ പഠനഫലങ്ങളും സംസ്ഥാന പാഠ്യപദ്ധതിയുടെ മികവിനെ ശരിവെക്കുന്നതാണ്

ട്ടാലും അതിനുനേരെ മുഖം തിരിക്കുക തന്നെ ചെയ്യും. കാരണം 'എന്റെ മകന് സാധാരണ വിദ്യാലയമോ?' എന്ന ചിന്തയാണ് അവരെ ഭരിക്കുന്നത്. വിദ്യാഭ്യാസം കച്ചവടച്ചരക്കാവുക കൂടി ചെയ്തപ്പോൾ പൊതുവിദ്യാലയങ്ങൾക്കു നേരെയുള്ള കള്ള പ്രചരണങ്ങളും കടന്നാക്രമണങ്ങളും രൂക്ഷമായി. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടിയുടെ ഭാവി അപകടത്തിലാണ്, പാഠപുസ്തകങ്ങൾക്ക് നിലവാരമില്ല, എന്ന മട്ടിലുള്ള ദുഷ്പ്രചരണങ്ങൾ സാധാരണക്കാരിലും ആശങ്കയും ഉത്കണ്ഠയുമുണ്ടാക്കി. അറിവിന്റെ വിനിമയക്കാരൻ എന്ന നിലയിൽ നിന്നും അറിവു നിർമാണത്തിന് കളമൊരുക്കുന്നവനും സഹപഠിതാവും ഗവേഷകനുമായി അധ്യാപകനെ പുതിയ പാഠ്യപദ്ധതി പുനർഃനിർമിച്ചപ്പോൾ അധ്യാപനത്തെ ലാഘവത്തോടെ കൈകാര്യം ചെയ്തവർ വെട്ടിലായി. ശരിയായ ആസൂത്രണമില്ലാതെ പഠനോപകരണങ്ങളും പ്രക്രിയകളുമില്ലാതെ ക്ലാസ്സ് മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയാതെ വന്നു. മാറ്റത്തിനു നേരെ മുഖം തിരിച്ച അധ്യാപകരിലെ ഈ ന്യൂനപക്ഷം ഉള്ളടക്ക കേന്ദ്രീകൃതമായ പാഠ്യപദ്ധതിക്കും പാഠപുസ്തകത്തിനും വേണ്ടി നിലകൊണ്ടത് വിദ്യാഭ്യാസ കച്ചവടക്കാർക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചു. ലാഘവത്തോടെ കൈകാര്യം ചെയ്യാൻ കഴിയുന്ന ഒന്നായി അധ്യാപനം നിലനിൽക്കുകയെന്നത് അവരെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. നിലനിൽപിനു വേണ്ടി പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ നടന്ന ചില നീക്കങ്ങൾ അഥവാ തെറ്റായ പ്രവണതകൾ പൊതുവിദ്യാലയങ്ങളുടെ ശക്തി ചോർത്തുന്നതായിരുന്നു. സമാന്തര ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ നിർമിച്ചും നിയമത്തിലെ പഴുതുകൾ പ്രയോജനപ്പെടുത്തി ലോവർ പ്രൈമറി തലത്തിൽ സ്വകാര്യ സ്ഥാപനങ്ങളുടെ അശാസ്ത്രീയ പാഠപുസ്തകങ്ങൾ പഠിപ്പിച്ചും അതിജീവനത്തിനായി നടത്തിയ പ്രവൃത്തികൾ പുതിയ പാഠ്യപദ്ധതിയുടെ സദ്ഫലങ്ങൾ കൊയ്തെടുക്കുന്നതിന് വിഘാതമായി മാറി.


പൊതുസമൂഹത്തിന്റെ കൊച്ചു പതിപ്പാണ് പൊതുവിദ്യാലയങ്ങളിൽ ഉണ്ടാകേണ്ടത്. സമൂഹത്തിന്റെ സാംസ്കാരിക വൈവിധ്യമാണ് അവിടെ സമന്വയിക്കേണ്ടത്. ഉള്ളവനും ഇല്ലാത്തവനും ജാതിമതസമുദായങ്ങളും വിദ്യാഭ്യാസത്തെ പകുത്തെടുത്താൽ, സമൂഹത്തെ പങ്കുവച്ചാൽ സംഭവിക്കുക വിദ്യാലയങ്ങളുടെ അകത്തളങ്ങൾ മനുഷ്യമനസ്സിനെ മലിനമാക്കുന്ന ഇടങ്ങളായി പരിണമിക്കും എന്നതാണ്. ശാസ്ത്രം, ചലച്ചിത്രം, സാഹിത്യം, രാഷ്ട്രീയം, കല തുടങ്ങി സർവ മണ്ഡലങ്ങളിലും പ്രവേശിച്ച് ജീവിത വിജയം നേടിയ വലിയൊരു വിഭാഗം കേരളത്തിലെ പൊതു വിദ്യാലയങ്ങളുടെ സൃഷ്ടിയാണ്. അത്തരം പൗരത്വ നിർമിതിയാണ് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തെ ബഹുദൂരം മുന്നോട്ട് കൊണ്ടുപോയത്. ആ പൗരത്വമാണ്, പൊതുബോധമാണ് പ്രശ്നങ്ങളേയും സംഭവങ്ങളേയും സമീപനങ്ങളേയും കൃത്യമായി നിരീക്ഷിച്ച് ശക്തമായി ഇടപെട്ട് ജനാധിപത്യത്തേയും മതേതരത്വത്തേയും ശക്തമാക്കുന്നത്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾ സൃഷ്ടിച്ച ഈ പൊതുബോധത്തിന്റെ പതനമെന്നത് കേരളത്തിന്റെ തന്നെ പതനമാണ്. ■

*പുല്ലൂറ്റ് കെ.കെ.ടി.എം. ഗവ. കോളേജിൽ അധ്യാപകനാണ് ലേഖകൻ*

■ എസ്. സീതികുമാർ

# വിദ്യാഭ്യാസം ഔദാര്യമല്ല

**കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം ഒട്ടേറെ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്**



ഭരണരംഗത്തും പൊതുരംഗത്തുമുള്ള ദുഷ്പ്രവണതകൾ ഇല്ലായ്മ ചെയ്യാൻ സർക്കാരുകൾക്ക് നിയമങ്ങൾ കൊണ്ടുവരേണ്ടതുണ്ടല്ലോ. ക്ഷുദ്ര ശക്തികൾ അവയുടെ അന്തസ്സത്തയെ ദുർബലപ്പെടുത്താനും അട്ടിമറിക്കാനും ശ്രമിക്കും. എങ്കിൽപ്പോലും, നിയമങ്ങൾ വേണ്ടത്ര ഉപയോഗിക്കപ്പെടാതെ പോകുന്നതിനും തത്പരകക്ഷികൾ അവയെ അട്ടിമറിക്കാൻ ശ്രമിക്കുന്നതിനും ഒരു കാരണം പൊതുജനങ്ങൾക്ക് നിയമങ്ങളെക്കുറിച്ച് വേണ്ടത്ര അവബോധം ഇല്ലാത്തതിനാലാണ്.

വേണ്ടത്ര പൊതുജന അവബോധമില്ലെങ്കിൽ അപ്രകാരം ദുർബലപ്പെട്ടുപോകാവുന്ന ഒരു മഹത്തായ നിയമമാണ് കഴിഞ്ഞ യു.പി.എ. സർക്കാർ പാസ്സാക്കിയ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009. വിശാലമായ സങ്കല്പങ്ങളും അവകാശങ്ങളും നൽകുന്നതാണ് ഈ നിയമം.

എല്ലാ രാജ്യങ്ങളും കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച് നിയമ നിർമാണം നടത്താൻ ഐക്യരാഷ്ട്രസഭയുടെ നിർദേശപ്രകാരം ബാധ്യതപ്പെട്ടിരിക്കുന്നു. അതുപ്രകാരം ഇന്ത്യ ഏറ്റവും ഒടുവിൽ പാസ്സാക്കിയ നിയമമാണ് കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശനിയമം 2009. ഈ നിയമം 2010 ഏപ്രിൽ ഒന്നു മുതൽ ജമ്മു കശ്മീർ ഒഴികെ ഇന്ത്യ ഒട്ടാകെ പ്രാബല്യത്തിൽ വന്നു. 2011 ൽ കേരള സർക്കാർ ഇതിനുവേണ്ട നിയമങ്ങളും ചട്ടങ്ങളും ആവിഷ്കരിച്ചു. ഈ നിയമത്തിനു മുന്നോടിയായാണ്, കേന്ദ്ര സർക്കാർ ഡി.പി.ഇ.പി., എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പദ്ധതികൾ സ്കൂളുകളിൽ നടപ്പാക്കിയത്.

ഐക്യരാഷ്ട്രസഭ ഐകകണ്ഠ്യേന 1989 ൽ കൈക്കൊണ്ട കുട്ടികളുടെ അവകാശങ്ങളുടെ മാഗ്നാകാർട്ട എന്നറിയപ്പെടുന്ന ചൈൽഡ് റൈറ്റ്സ് കൺവെൻഷന്റെ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ചാണ് നമ്മുടെ നിയമവും ഉണ്ടായത്. ഈ പ്രഖ്യാപനത്തിൽ 54 അനുച്ഛേദങ്ങളിലായി കുട്ടികളുടെ വിവിധങ്ങളായ അവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു.

ആറു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ഇന്ത്യൻ ഭരണഘടനയനുസരിച്ച് സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കണമെങ്കിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പ്രാദേശിക ഭരണകൂടങ്ങൾ എന്നിവയുടെ കർത്തവ്യങ്ങൾ, സമൂഹത്തിന്റെ പങ്ക്, സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ, പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും അധ്യാപകരുടെ പങ്ക്, കുട്ടിയുടെ അവകാശങ്ങൾ തുടങ്ങി വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളും അവയുടെ ചുമതലകളും നിർവചിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ അവകാശനിയമം താഴെ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ ഉറപ്പാക്കുന്നു

- സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്കൂൾ വികസനപദ്ധതി തയാറാക്കണം (മൂന്നു വർഷത്തേക്കുള്ള കാഴ്ചപ്പാടും വാർഷിക പദ്ധതികളും).
- പാഠ്യപദ്ധതി, പഠനരീതി, മൂല്യനിർണയം എന്നിവ ശരിയായ രീതിയിൽ തയാറാക്കുകയും നടപ്പാക്കുകയും വേണം.
- കുട്ടികളുടെ സർവതോമുഖമായ



വളർച്ചയ്ക്ക് വിദ്യാലയത്തിൽ ഇടം ലഭിക്കണം.

- കുട്ടികളുടെ അറിവ്, കഴിവ്, നൈപുണി, പ്രതിഭ എന്നിവ വളർത്തിയെടുക്കാൻ വിദ്യാലയത്തിൽ അവസരം ലഭിക്കണം.
- എല്ലാ കുട്ടികളുടെയും ശാരീരികമായ കഴിവുകൾ വളർത്തിയെടുക്കാൻ വിദ്യാലയത്തിൽ സാഹചര്യമുണ്ടാക്കണം.
- പ്രവർത്തനങ്ങളിലൂടെയും അന്വേഷിച്ചു കണ്ടെത്തിയും ശിശുകേന്ദ്രീകൃതമായി പഠിക്കാനുള്ള സന്ദർഭങ്ങൾ ലഭിക്കുന്ന ശിശുസൗഹൃദസ്ഥാപനമായി വിദ്യാലയങ്ങൾ മാറണം.
- പഠനമാധ്യമം മാതൃഭാഷയായിരിക്കണം. ഭയരഹിതവും അഭിപ്രായങ്ങൾ സ്വതന്ത്രമായി അവതരിപ്പിക്കാൻ സഹായകവുമായ അന്തരീക്ഷമൊരുക്കണം.
- കുട്ടിയുടെ അറിവുകളെയും കഴിവുകളെയും സമഗ്രമായി വിശകലനം ചെയ്യുന്ന വിലയിരുത്തൽ രീതി വേണം.

ഐക്യരാഷ്ട്രസഭ ഐകകണ്ഠ്യേന 1989 ൽ കൈക്കൊണ്ട കുട്ടികളുടെ അവകാശങ്ങളുടെ മാഗ്നാ കാർട്ട എന്നറിയപ്പെടുന്ന ചൈൽഡ് റൈറ്റ്സ് കൺവെൻഷന്റെ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ചാണ് നമ്മുടെ നിയമവും ഉണ്ടായത്. ഈ പ്രഖ്യാപനത്തിൽ 54 അനുച്ഛേദങ്ങളിലായി കുട്ടികളുടെ വിവിധങ്ങളായ അവകാശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു.

- എലമെന്ററി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ ഒരു ബോർഡ് പരീക്ഷയും ആവശ്യമില്ല.
- പഠനത്തിൽ തുടർച്ച ലഭിക്കാത്തവർക്കും വൈകി പ്രവേശിക്കപ്പെട്ടവർക്കും പരിഹാരപോഷണത്തിനായി പ്രത്യേക പരിശീലനങ്ങൾ നൽകണം.
- പ്രവേശനസമയത്ത് ഒരുവിധത്തിലുള്ള സ്ക്രീനിങ്ങും ഫീസും പാടില്ല.
- വയസ്സു തെളിയിക്കുന്ന രേഖകളില്ലെന്നതിന്റെ പേരിൽ പ്രവേശനം നിഷേധിക്കാനാവില്ല.
- എലിമെന്ററി വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതുവരെ കുട്ടിയെ തടഞ്ഞുനിർത്താനോ പറഞ്ഞുവിടാനോ പാടില്ല.
- ഇനിമുതൽ നിർമിക്കുന്ന എല്ലാ കെട്ടിടങ്ങളും പ്രത്യേക പഠനാവശ്യങ്ങളുള്ള ( Special educational needs - SEN) കുട്ടികൾക്കുവേണ്ടി തടസ്സരഹിതമാ

ക്കണം. നിലവിലുള്ള കെട്ടിടങ്ങളിൽ ആവശ്യമായ അനുരൂപീകരണവും കൂട്ടിച്ചേർക്കലുകളും വേണം.

- സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് സർക്കാരോ തദ്ദേശ സ്ഥാപനമോ അനുയോജ്യമായ യാത്രാ സൗകര്യം ഒരുക്കിക്കൊടുക്കണം. ഗുരുതരമായ വൈകല്യമുള്ളവർക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണം.
- സൗജന്യവും അനുയോജ്യവുമായ പ്രീപ്രൈമറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കണം.
- പഠനനേട്ടം നിരന്തരം വിലയിരുത്തണം. SEN കുട്ടികൾക്ക് തൊഴിൽപരിശീലനം, പ്രത്യേക പഠനാവസരങ്ങൾ, ഉപകരണങ്ങൾ, ആരോഗ്യസംരക്ഷണം എന്നിവ ഉറപ്പാക്കണം. സൗജന്യ പാഠപുസ്തകം, പഠന ഉപകരണങ്ങൾ, യൂണിഫോം, യാത്രാസൗകര്യം, താമസസൗകര്യം എന്നിവ നൽകണം.
- എല്ലാ കുട്ടികൾക്കും വിദഗ്ധരുടെ കൗൺസിലിങ് സൗകര്യം ഏർപ്പെടുത്തണം.
- ഒരുതരത്തിലുള്ള ശാരീരിക-മാനസിക പീഡനവും പാടില്ല.
- വിദ്യാലയത്തിന് അക്കാദമിക കലണ്ടർ തയാറാക്കണം.
- വിദ്യാലയത്തിൽ പൂർണസമയം അധ്യാപകരുടെ സാന്നിധ്യം ഉറപ്പാക്കണം.
- കുട്ടികളുടെ എല്ലാവിധ പഠനകഴിവുകളും വിലയിരുത്തപ്പെടണം.
- ഓരോ കുട്ടിയുടെയും സഞ്ചിത വിവരങ്ങൾ യാറാക്കണം.

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച കുട്ടികളുടെ അവകാശ ഉടമ്പടിയിലെ 54 അനുച്ഛേദങ്ങളെ പ്രൊവിഷൻ, പ്രൊട്ടക്ഷൻ, പാർട്ടിസിപ്പേഷൻ എന്നീ മൂന്നു മേഖലകളിലായാണ് തിരിച്ചിരിക്കുന്നത്. ഇതിന്റെ ചുവടുപിടിച്ചാണ് നമ്മുടെ നിയമത്തിലും വ്യവസ്ഥ (പ്രൊവിഷൻ), കരുതൽ (പ്രൊട്ടക്ഷൻ), പങ്കാളിത്തം (പാർട്ടിസിപ്പേഷൻ) എന്നിവ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നമ്മുടെ നിയമപ്രകാരം നമ്മുടെ രാജ്യം എന്തൊക്കെയാണ് ഇവയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നു നോക്കാം.

## വ്യവസ്ഥ (പ്രൊവിഷൻ)

- എല്ലാ സമയത്തും അധ്യാപകസാന്നിധ്യം (1000/1200 മണിക്കൂർ)
- എല്ലാ വിഷയങ്ങളിലും (കലാകായികം, പ്രവൃത്തിപരിചയം തുടങ്ങി) എല്ലാ മേഖലകളിലുമുള്ള അധ്യാപകലഭ്യത.
- പഠനപ്രവർത്തനത്തിന് സഹായകമായ രീതിയിൽ ആരോഗ്യകരമായ സ്കൂൾ കെട്ടിടങ്ങൾ, ക്ലാസ്മുറികൾ, ഫർണീച്ചർ തുടങ്ങിയവ.
- വർഷാരംഭത്തിൽത്തന്നെ പാഠപുസ്തകങ്ങളും മറ്റു പഠനോപകരണങ്ങളും.
- കളിസ്ഥലം, കളി ഉപകരണങ്ങൾ, കളി സമയം എല്ലാ കുട്ടികൾക്കും.
- ടോയ്‌ലറ്റുകൾ: കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായും പെൺകുട്ടി സൗഹൃദപരമായതും ജലലഭ്യതയുള്ളതും.
- ലൈബ്രറി, സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, അനുയോജ്യമായ പുസ്തകങ്ങൾ ആവശ്യാനുസരണം കുട്ടികൾക്ക് ലഭിക്കാനവസരം.
- ഉച്ചഭക്ഷണം: വിഭവസമൃദ്ധം, പോഷകസമൃദ്ധം, വൈവിധ്യമാർന്നത്, വൃത്തിയായ പാചകം, വിതരണം, തീൻമുറി, കുടിവെള്ളം, മാലിന്യനിർമാർജന സൗകര്യം.
- കുടിവെള്ളം ക്ലാസ് മുറിയിൽ ലഭ്യമാക്കുക. ലബോറട്ടറി ആവശ്യാനുസരണം ഉപകരണങ്ങളുടെയും സാമഗ്രികളുടെയും ലഭ്യത.
- കംപ്യൂട്ടർ സഹായപഠനം - ഉപകരണലഭ്യത, ഇന്റർനെറ്റ്, സോഫ്റ്റ്‌വെയറുകൾ.
- സമ്പൂർണ വിദ്യാലയപ്രവേശനവും നിലനിർത്തലും.
- പുതുതായി പ്രവേശനം നേടുന്നവർക്ക് പ്രത്യേക പരിശീലനവും പ്രായാനുസൃതമായ ക്ലാസിൽ പ്രവേശനവും.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവ എല്ലാ കുട്ടികൾക്കും ലഭിക്കുന്നു എന്നുറപ്പാക്കൽ.

## കരുതൽ (പ്രൊട്ടക്ഷൻ)

- അധ്യാപക-വിദ്യാർഥി സൗഹൃദബന്ധം, കുട്ടിയെ അറിയൽ, ഗൃഹസന്ദർശനം.
- ഭയരഹിത പഠനാന്തരീക്ഷം.
- കൗൺസലിങ് സൗകര്യം-ആവശ്യമെങ്കിൽ രക്ഷിതാക്കൾക്കും.
- കുട്ടികളുടെ അവകാശസംരക്ഷണ സമിതി/ജാഗ്രതാ സമിതി.
- ശാരീരിക, മാനസിക, ലൈംഗികപീഡനങ്ങളിൽ നിന്നു മോചനം.
- യാതൊരുവിധത്തിലുമുള്ള വിവേചനങ്ങളുമില്ലാത്ത അവസ്ഥ
- ലിംഗസമത്വം, അവസരസമത്വം.
- സ്വയംശാക്തീകരണ അവസരങ്ങൾ (കരാട്ടേ പരിശീലനം, നീന്തൽ)
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് സംരക്ഷണം.
- പ്രത്യേക പരിഗണനയർഹിക്കുന്നവർക്ക് - പഠന പിന്നാക്കക്കാർ, SEN കുട്ടികൾ, വൈകി പ്രവേശനം നേടിയവർ, പാർശ്വവത്കരിക്കപ്പെട്ടവർ - ആവശ്യമായ പരിഗണന.



## പങ്കാളിത്തം (പാർട്ടിസിപ്പേഷൻ)

- തീരുമാനങ്ങളെടുക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം, കുട്ടിയുടെ പ്രകൃതത്തിന് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ, പഠനപ്രവർത്തനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തം.
- കലാ-കായിക ക്ലബ് പ്രവർത്തനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തം.
- ജനാധിപത്യരീതിയിൽ സ്കൂളിലെ തീരുമാനങ്ങൾ.
- സ്കൂൾ പരിപാടികളുടെ നടത്തിപ്പിൽ പങ്കാളിത്തം.
- രക്ഷാകർത്തൃസമിതിയിൽ പങ്കാളിത്തം.
- പഠനയാത്രയിൽ എല്ലാവർക്കും പങ്കാളിത്തം.

## ഈ നിയമം എന്താണ്?

ഇന്ത്യൻ ഭരണഘടനയുടെ 86 ാം ഭേദഗതിയെ അടിസ്ഥാനമാക്കി ആർട്ടിക്കിൾ 21 നുശേഷം 'എ' എന്നൊരു ആർട്ടിക്കിൾ കൂടി ഉൾപ്പെടുത്തുകയുണ്ടായി. ആർട്ടിക്കിൾ 21എ പ്രകാരം ആറു മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം സംസ്ഥാന സർക്കാരുകൾ നിയമ നിർമാണം വഴി നടപ്പിലാക്കണം എന്നതാണ്. ഈ നിയമം പാസ്സായതോടെ ഇന്ത്യയിലെ ആറു മുതൽ 14 വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. 2009 ലെ നിയമം വന്നതോടുകൂടി കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള മറ്റെല്ലാ നിയമങ്ങളെക്കാളും പ്രാമുഖ്യം ഈ നിയമത്തിനാണ്.

ഇന്ത്യയുടെ ഭരണഘടനയിൽ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ വിദ്യാഭ്യാസകാര്യത്തിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. താഴെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഈ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

## സർക്കാരുകളുടെ ഉത്തരവാദിത്വം

ഇന്ത്യൻ ഭരണഘടനയിൽ വിദ്യാഭ്യാസം ഒരു കൺകറന്റ് വിഷയം ആയതുകൊണ്ട് കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും അപ്രോപ്രിയേറ്റ് ഗവൺമെന്റ് (ഉചിതമായ സർക്കാർ) എന്ന നിലയിൽ ഈ വിഷയത്തിൽ ഉത്തരവാദിത്വമുണ്ട്.

- സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം 6-14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും ഏർപ്പെടുത്തുക.
- ആക്ട് പ്രകാരമുള്ള അധ്യാപകർ, പഠനോപകരണങ്ങൾ, ഭൗതികസൗകര്യങ്ങൾ എന്നിവയുള്ള അയൽപക്ക സ്കൂൾ ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിന് അവരുടെ പ്രവേശനം, ഹാജർ എന്നിവ ഉറപ്പുവരുത്തുന്നു.
- ദുർബല വിഭാഗത്തിലെയും പിന്നാക്ക വിഭാഗത്തിലെയും പ്രത്യേക പരിഗണന ലഭിക്കേണ്ട വിഭാഗത്തിലെയും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് യാതൊരു വിവേചനമോ മറ്റ് അസൗകര്യങ്ങളോ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ഉറപ്പുവരുത്തുക.
- സ്കൂളിൽ ചേർന്നിട്ടില്ലാത്തതും കൊഴിഞ്ഞുപോയിട്ടുള്ളതുമായ കുട്ടികൾക്ക് മറ്റു കുട്ടികൾക്ക് ഒപ്പം എത്തിച്ചേരുന്നതിനുവേണ്ടി പ്രത്യേക പരിശീലനം നൽകുക.
- അധ്യാപകർക്ക് പരിശീലനസൗകര്യം ഏർപ്പെടുത്തുക.



> ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചുമതല ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിച്ചിട്ടുള്ള പ്രാദേശിക അധികാരികളാണ് സ്വയംഭരണ സ്ഥാപനങ്ങൾ.

- യഥാസമയം പാഠ്യക്രമവും പാഠ്യപദ്ധതിയും തയാറാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
- ആക്ടിന്റെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള അംഗീകൃത ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക

ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളാണ് നൽകിയിട്ടുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ചുമതല ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിച്ചിട്ടുള്ള പ്രാദേശിക അധികാരികളാണ് സ്വയംഭരണ സ്ഥാപനങ്ങൾ. മുനിസിപ്പൽ കോർപറേഷൻ, മുനിസിപ്പൽ കൗൺസിൽ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിങ്ങനെ ഏതുപേരിൽ വിളിക്കപ്പെടുന്ന സ്ഥാപനങ്ങളും അപ്രോപ്രിയേറ്റ് ഗവൺമെന്റ് (കേന്ദ്ര-സംസ്ഥാന സർക്കാരുകൾ) ഏർപ്പെടുത്തിയിട്ടുള്ള മറ്റ് അധികാരസ്ഥാപനങ്ങളും പ്രാദേശിക അധികാരികളാണ്. താഴെ പറയുന്ന ചുമതലകളാണ് പ്രാദേശിക അധികാരികളിൽ നിക്ഷിപ്തമായിരിക്കുന്നത്.

- അയൽപക്ക വിദ്യാലയത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക, ദുർബലവിഭാഗത്തിലെ കുട്ടികൾ, പിന്നാക്കവിഭാഗത്തിലെ കുട്ടികൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, കുടിയേറ്റ കുടുംബങ്ങളിലെ കുട്ടികൾ എന്നിവരുടെ പ്രവേശനം ഉറപ്പുവരുത്തുക.
- കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം കേരളചട്ടം 10 പ്രകാരമുള്ള കുട്ടികളെ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുക.
- പാഠ്യക്രമം, പാഠ്യപദ്ധതി, അക്കാദമിക

കലണ്ടർ എന്നിവ യഥാസമയം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

- അധികാരപരിധിയിലുള്ള സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം.
- അടിസ്ഥാന സൗകര്യങ്ങൾ, അധ്യാപകരും അവരുടെ പരിശീലനവും, കുട്ടികളുടെ പ്രത്യേക പരിശീലനം, പഠനോപകരണങ്ങൾ എന്നിവ ലഭ്യമാക്കുക.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

പ്രാദേശിക അധികാരസ്ഥാപനങ്ങളോ അപ്രോപ്രിയേറ്റ് ഗവൺമെന്റായ കേന്ദ്ര-സംസ്ഥാന സർക്കാരുകളോ ആണ് ആറു മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത്.

കുട്ടികൾക്ക് ഏറ്റവും അടുത്ത് സ്കൂളുകൾ ഉണ്ടാകണമെന്ന് ഈ നിയമം അനുശാസിക്കുന്നു. അയൽപക്ക വിദ്യാലയമെന്നാണ് സ്കൂളുകളെ വിവക്ഷിച്ചിരിക്കുന്നത്.

## അയൽപക്ക വിദ്യാലയം

അയൽപക്ക വിദ്യാലയമെന്നാൽ കുട്ടി താമസിക്കുന്ന സ്ഥലത്തുനിന്ന് സുരക്ഷിതമായും എളുപ്പത്തിലും നടന്ന് എത്തിച്ചേരാവുന്ന നിർദിഷ്ട അകലത്തിൽ സ്ഥിതി ചെയ്യുന്ന സ്കൂളാണ്. ഈ ആക്ട് അനുസരിച്ച് പ്രൈമറി സ്കൂൾ (ഒന്നു മുതൽ അഞ്ചു വരെയുള്ള ക്ലാസ്സുകൾ) ഒരു കിലോമീറ്ററിനും അപ്പർ പ്രൈമറി സ്കൂൾ (ആറു മുതൽ എട്ടുവരെയുള്ള ക്ലാസുകൾ) മൂന്നു കിലോമീറ്ററിനുമുള്ളിൽ സ്ഥിതി ചെയ്യുന്നതായിരിക്കണം.

എന്നാൽ കേരള ചട്ടപ്രകാരം സഞ്ചാര ക്ലേശമുള്ളതും, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ അപകടാവസ്ഥയുള്ളതും, വിദ്യാലയങ്ങൾ ഒന്നുമില്ലാത്ത ജനവാസം വളരെ കുറഞ്ഞ പ്രദേശവുമാണെങ്കിൽ ഈ ദൂര പരിധിയിൽ ഇളവു വരുത്തുന്നതും പ്രാഥമിക വിദ്യാഭ്യാസത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്.

ഈ നിയമം നടപ്പിൽ വന്ന് മൂന്നു വർഷത്തിനുശേഷം അയൽപക്ക വിദ്യാലയ സൗകര്യം സംസ്ഥാന സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

## രക്ഷിതാക്കളുടെ ഉത്തരവാദിത്വങ്ങൾ

തങ്ങളുടെ കുട്ടിയെ പ്രാഥമിക വിദ്യാഭ്യാസത്തിനായി അയൽപക്ക സ്കൂളിൽ ചേർക്കുകയും മുടങ്ങാതെ സ്കൂളിൽ അയക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം രക്ഷിതാക്കളുടേതാണ്.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് 18 വയസ് വരെയുള്ള എല്ലാ വിധ പഠന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ഉത്തരവാദപ്പെട്ടിരിക്കുന്നു.



നിയമത്തിന്റെ നാലാം സെക്ഷൻ പ്രകാരം കൊഴിഞ്ഞുപോയിട്ടുള്ളതോ സ്കൂളിൽ ചേർന്നിട്ടില്ലാത്തതോ ആയ ആറിനും പതിന്നാലിനും ഇടയിൽ പ്രായമുള്ള എല്ലാ കുട്ടികളെയും അവരുടെ പ്രായത്തിനനുസരിച്ചുള്ള ക്ലാസ്സിൽ ചേർക്കണം. നിലവാരതുല്യത വരുത്താൻ വേണ്ടിവന്നാൽ അവർക്ക് പ്രത്യേക ക്ലാസ് കൊടുക്കണം. ഇത് സർക്കാർ/എയ്ഡഡ്, ജാതി-മത-വർഗ-ലിംഗ-സാമ്പത്തിക വ്യത്യാസമില്ലാതെ എല്ലാ കുട്ടികളെയും ബാധിക്കുന്നതാണ്. ഒരു തരത്തിലുള്ള ഫീസും കൊടുക്കാൻ പറ്റാത്തതുകൊണ്ട് ഒരു കുട്ടിക്കും സ്കൂൾ പ്രവേശനം നിഷേധിക്കാൻ പാടില്ല. പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, എഴുത്ത് സാമഗ്രികൾ, കണ്ണടകൾ, ബ്രെയ്‌ലി ബുക്കുകൾ തുടങ്ങിയ ഉപകരണങ്ങളും സൗജന്യമായി ലഭ്യമാക്കണം. ഇതിനുപുറമെ മൂന്നു വയസ്സു മുതൽ ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതു വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യമായി പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള ക്രമീകരണങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ടതാണ്.

## വിദ്യാലയത്തിന് അവശ്യം വേണ്ട നിലവാരം

ഈ ആക്ടിലെ ഷെഡ്യൂളിൽ അനുശാസിക്കുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും അനുസൃതമായി വിദ്യാർഥി-അധ്യാപക അനുപാതം, വാർഷിക അധ്യയന ദിനങ്ങൾ, ദിനംപ്രതിയുള്ള അധ്യാപന സമയം, മുറികളുടെ എണ്ണം, അധ്യായനത്തിനും അധ്യാപനത്തിനും വേണ്ട ഉപകരണങ്ങളുടെ ലഭ്യത, ഗ്രന്ഥശാല, ടോയ്‌ലറ്റ്, ശുദ്ധമായ കുടിവെള്ളം, കളിസ്ഥലം, ഉച്ചഭക്ഷണത്തിനുള്ള പാചകപ്പുര, ആറു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകൾക്ക് വിഷയം തിരിച്ചുള്ള അധ്യാപകർ, കല, പ്രവൃത്തിപരിചയം, കായികപരിശീലനം എന്നിവയ്ക്കുവേണ്ട പരിശീലകർ തുടങ്ങിയ കാര്യങ്ങളെല്ലാം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഈ ആക്ട് പ്രാബല്യത്തിൽ വന്ന് മൂന്ന് വർഷത്തിനകം എല്ലാ സ്കൂളുകളും പ്രസ്തുത വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം സ്കൂളുകളുടെ തുടർ പ്രവർത്തനം അനുവദിക്കുന്നതല്ല.

കുട്ടിയെ നിർബന്ധമായും പ്രവേശന കാലയളവിനുള്ളിൽ സ്കൂളിൽ ചേർക്കണം. എങ്കിലും ആറു വയസ്സ് പൂർത്തിയായ ഏതൊരു കുട്ടിയെയും ഏതു സമയത്തും സ്കൂളിൽ ചേർക്കേണ്ടതാണ്.

കുട്ടികൾക്കോ രക്ഷാകർത്താക്കൾക്കോ പ്രവേശനത്തിനായി ടെസ്റ്റ്/അഭിമുഖം/കൗൺസലിങ് എന്നിവ പാടില്ല. പ്രവേശനത്തിനുള്ള അപേക്ഷകരുടെ എണ്ണം സ്കൂളിന് അനുവദിച്ച എണ്ണത്തേക്കാൾ അധികമാണെങ്കിൽ സുതാര്യത ഉറപ്പുവരുത്തി പരസ്യമായ നറുക്കെടുപ്പിലൂടെയോ മറ്റേതെങ്കിലും മാർഗത്തിലൂടെയോ പ്രവേശനം നിശ്ചയിക്കാം. വയസ്സ് തെളിയിക്കുന്നതുൾപ്പെടെയുള്ള രേഖകളുടെ അഭാവത്തിൽ കുട്ടിക്ക് പ്രവേശനം നിഷേധിക്കുവാൻ പാടില്ല.

1886 ലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ആക്ട് അനുസരിച്ചുള്ള ജനന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്ത പക്ഷം ആശുപത്രി, അംഗൻവാടി, എന്നിവയിൽ നിന്നുമുള്ള രേഖകൾ തെളിവിനായി പരിഗണിക്കേണ്ടതാണ്. എന്നാൽ ഇവയുടെ അഭാവത്തിലും കുട്ടികൾക്ക് പ്രവേശനം നിഷേധിക്കരുത്. അച്ഛനമ്മമാരോ, രക്ഷകർത്താവോ നൽകുന്ന പ്രസ്താവനയെ കുട്ടിയുടെ വയസ്സ് തെളിയിക്കുന്ന രേഖയായി അംഗീകരിക്കേണ്ടതാണ്.

സ്കൂൾ പ്രവേശനത്തിന് കുട്ടികളുമായോ രക്ഷകർത്താക്കളുമായോ നടത്തുന്ന അഭിമുഖങ്ങൾ, ടെസ്റ്റുകൾ, ഇടപെടലുകൾ എന്നിവയെയാണ് സ്ക്രീനിങ് എന്നതുകൊണ്ട് അർഥമാക്കുന്നത്. സെക്ഷൻ (2)(0), സെക്ഷൻ 13(ബി)യും ഈ വിധത്തിലുള്ള എല്ലാ സ്ക്രീനിങ് രീതികളെയും നിരോധിച്ചിരിക്കുന്നു.

## അച്ഛനമ്മമാരോ രക്ഷിതാക്കളോ കുട്ടിയെ സ്കൂളിൽ ചേർക്കാതിരുന്നാൽ

ഈ ആക്ടിലെ സെക്ഷൻ 10 അനുസരിച്ച് യാതൊരുവിധ ശിക്ഷാനടപടികളും ചുമത്താതെ തങ്ങളുടെ കുട്ടികളെ അയൽപക്ക സ്കൂളുകളിൽ ആക്കേണ്ട ചുമതല രക്ഷിതാവിനുണ്ട്. ഇതിനർഥം സ്കൂൾ മാനേജ്മെന്റ് സമിതിയംഗങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനാധികാരികളും സമൂഹവുമാണ് അച്ഛനമ്മമാരെ ഇക്കാര്യത്തിലുള്ള അവരുടെ കടമകൾ നിർവഹിക്കുവാൻ പ്രേരിപ്പിക്കേണ്ടത്. ബാലവേല ചെയ്യുന്നവരും തെരുവിൽ ജീവിക്കുന്നവരുമായ കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ വേല ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്നില്ലെന്നും അവർക്ക് വിദ്യാഭ്യാസ സൗകര്യം, പ്രത്യേകം താമസിച്ചു പഠിക്കാനുള്ളത്, ലഭ്യമാക്കണമെന്നും സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. പാരമ്പര്യമായി, കൗമാരപ്രായത്തിലുള്ള പെൺകുട്ടികളെ സ്കൂളിൽ പോകുന്നതു തടയുന്നവരും ശൈശവവിവാഹത്തിൽ ഏർപ്പെടുത്തുന്നവരുമായ രക്ഷിതാക്കളെയും സമുദായങ്ങളെയും ഇതിനെതിരായി നിർബന്ധിക്കുകയും അല്ലാത്ത പക്ഷം ശൈശവ വിവാഹനിയമ ലംഘന ശിക്ഷയ്ക്ക് വിധേയരാക്കേണ്ടതുമാണ്. ഇവിടെ പൗരസമൂഹത്തിന്റെയും സർക്കാരിതര സംഘടനകളുടെയും (എൻ.ജി.ഒ.) ഇടപെടലുകൾ ആവശ്യമാണ്.

## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.)

ഈ ആക്ട് പ്രകാരം സ്കൂളിന് വളരെ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. രക്ഷിതാക്കൾ, അധ്യാപകർ, വിദ്യാർഥികൾ, സമൂഹം, പ്രാദേശിക ഭരണസ്ഥാപനം എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ അടങ്ങുന്ന കമ്മിറ്റിയാണ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി. ഈ കമ്മിറ്റിയാണ് സ്കൂൾ വികസന പദ്ധതി ആസൂത്രണവും അതിന്റെ മേൽനോട്ടവും നടത്തേണ്ടത്. ആക്ടിലെ സെക്ഷൻ 21 പ്രകാരം ഗവൺമെന്റും എയ്ഡഡും സ്പെഷ്യൽ വിഭാഗത്തിൽപ്പെടുന്നതുമായ എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

സംസ്ഥാന നിയമപ്രകാരം അൺഎയ്ഡഡ് സ്കൂളുകൾ ഒഴികെ മറ്റെല്ലാ സ്കൂളുകളിലും സംസ്ഥാന നിയമത്തിന്റെ വിജ്ഞാപനം കഴിഞ്ഞ് ആറു മാസത്തിനകം സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതും രണ്ടു വർഷം കൂടുമ്പോൾ പുനഃസംഘടിപ്പിക്കേണ്ടതുമാണ്. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളിൽ 16 മുതൽ 17 വരെ അംഗങ്ങളാകാം. കമ്മിറ്റിയിലെ 75 ശതമാനം അംഗങ്ങൾ രക്ഷകർത്താക്കളിൽ നിന്നും ആയിരിക്കണം. ശേഷിക്കുന്ന 25 ശതമാനം വാർഡ് മെമ്പർ, ആ സ്കൂളിലെ അധ്യാപകർ, ഒരു വിദ്യാഭ്യാസ വിദഗ്ധൻ, സ്കൂൾ ലീഡർ എന്നിവർ ആയിരിക്കണം. കൂടാതെ എസ്.എം.സിക്ക് വിദഗ്ധ ഉപദേശം നൽകുന്നതിനായി പോഷകാഹാര വിദഗ്ധൻ, ശിശു മനഃശാസ്ത്രജ്ഞൻ, നിർമാണ പ്രവർത്തനങ്ങളിലെ സാങ്കേതിക വിദഗ്ധൻ എന്നിവരെയും കമ്മിറ്റിയിൽ ഉൾപ്പെടുത്താം. എസ്.എം.സിയുടെ കൺവീനർ പ്രഥമാധ്യാപിക ആയിരിക്കണം. എയ്ഡഡ് സ്കൂളുകളിൽ മാനേജരോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ആയിരിക്കണം എസ്.എം.സിയുടെ അധ്യക്ഷൻ.

## സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകൾ

- സ്കൂൾ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.
- സ്കൂൾ വികസനപദ്ധതികൾ തയാറാക്കി ശുപാർശ ചെയ്യുക
- സ്കൂളിനു ലഭിക്കുന്ന ധനസഹായത്തിന്റെ സുതാര്യമായ വിനിയോഗത്തിന് മേൽനോട്ടം വഹിക്കുക. കൂടാതെ സംസ്ഥാന നിയമപ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകളാണ്.
- ആക്ടിൽ അനുശാസിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും സംസ്ഥാന സർക്കാർ സ്ഥാപനം/തദ്ദേശസ്വയംഭരണ വിദ്യാലയം/രക്ഷിതാക്കൾ എന്നിവരുടെ ചുമതലകളെക്കുറിച്ചും സമൂഹത്തെ ബോധ്യപ്പെടുത്തുക.
- അധ്യാപകരുടെ സമയനിഷ്ഠയും കൃത്യനിഷ്ഠയും ഉറപ്പുവരുത്തുക.
- സമീപപ്രദേശത്തുള്ള എല്ലാ കുട്ടികൾക്കും സ്കൂളിൽ ചേരുന്നതിനും പഠനം പൂർത്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.



- കുട്ടികളുടെ അവകാശങ്ങൾ ഏതെങ്കിലും ലംഘിക്കപ്പെടുകയാണെങ്കിൽ, പ്രത്യേകിച്ചും ശാരീരിക-മാനസിക പീഡനങ്ങൾ, പ്രവേശനം നിഷേധിക്കൽ, സൗജന്യ സഹായങ്ങൾ യഥാസമയം നൽകാതിരിക്കൽ എന്നിവ പ്രാദേശിക ഭരണാധികാരിയുടെ ശ്രദ്ധയിൽപ്പെടുത്തുക.
- ആക്ടിലെ ഷെഡ്യൂൾ പ്രകാരം സ്കൂളിന് അവശ്യംവേണ്ട സൗകര്യങ്ങളുടെയും സജ്ജീകരണങ്ങളുടെയും പരിപാലനവും മോണിട്ടറിങ്ങും ഉറപ്പുവരുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികളുടെയും പ്രവേശനവും അവരുടെ ആവശ്യങ്ങൾ നേരിട്ടറിഞ്ഞ് നിർവഹിച്ചുകൊടുക്കുന്നുണ്ടെന്നും പഠനം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

പ്രൈവറ്റ് (അൺ എയ്ഡഡ്) സ്കൂളുകളിലും ഒരു കിലോമീറ്റർ ചുറ്റളവിൽ വരുന്ന ദുർബല-സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രവേശനം നൽകേണ്ടതാണ്. ഇവർക്കുവേണ്ട ഉച്ചഭക്ഷണം, ഫീസ് തുടങ്ങിയ ചെലവുകൾക്ക് സർക്കാർ സ്കൂളിൽ ചെലവാകുന്ന നിരക്കനുസരിച്ച് സർക്കാർ തുക നൽകുന്നതാണ്. പ്രവേശനത്തിനായി കുട്ടിയുടെയോ രക്ഷിതാക്കളുടെയോ അഭിമുഖം നടത്തുവാൻ പാടില്ലാത്തതും തലവരി, സംഭാവന തുടങ്ങിയ ഇനത്തിൽ തുക വാങ്ങാൻ പാടില്ലാത്തതുമാണ്. എണ്ണത്തിൽ കവിഞ്ഞ് അപേക്ഷകരുണ്ടെങ്കിൽ സുതാര്യത ഉറപ്പുവരുത്തി നറുക്കെടുപ്പിലൂടെ വേണം പ്രവേശനം നടത്താൻ.

## അധ്യാപകരുടെ കർത്തവ്യങ്ങൾ

- കുട്ടിയുടെ തുടർച്ചയായ ഹാജർ, പഠനശേഷി, പഠനപുരോഗതി തുടങ്ങിയ വിവരങ്ങൾ രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തുന്നതിനായി നിരന്തരം രക്ഷാകർത്തൃയോഗങ്ങൾ സംഘടിപ്പിക്കുക.

# കലാവിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ

ക്ലാസ് മുറിയുടെയും പാഠശാലയുടെയും അതിരുകൾ കടന്ന് വിശ്വമാനവികതയിലേക്ക് കുട്ടികളെ കൈപിടിച്ചുനടത്താൻ, ഉരുവിട്ടപാഠങ്ങൾ മനസ്സിലുറയ്ക്കാൻ, മാനസികോല്ലാസം കൈവരിക്കാൻ കലാവിദ്യാഭ്യാസം പാഠ്യപദ്ധതി സംസ്ഥാനത്ത് നടപ്പിലാകുന്നു. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണപരിശീലന സമിതി (SCERT) ഇതിനായി കർമ പദ്ധതികൾ ആവിഷ്ക്കരിച്ചു കഴിഞ്ഞു.

വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിലാണ് കലാവിദ്യാഭ്യാസത്തിനും കായിക വിദ്യാഭ്യാസത്തിനും പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകുന്നത്. ഒരു തലമുറ ക്ലാസ് മുറികളിൽ കഴിവുകൾ പ്രകടിപ്പിക്കുകയും അതുവഴി ലഭിച്ച പ്രോത്സാഹനങ്ങളാൽ ഉന്നതങ്ങളിൽ എത്താൻ പ്രാപ്തി നേടുകയും ചെയ്തിരുന്നു. കാലക്രമത്തിൽ നഷ്ടപ്പെട്ടുപോയ അവസരമാണ് വീണ്ടും തിരിച്ചുവരുന്നത്.

കലാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അന്തർദേശീയതലത്തിലും ദേശീയതലത്തിലും ഒട്ടേറെ നിരീക്ഷണങ്ങൾ നടന്നിട്ടുണ്ട്. കലാപഠനം കുട്ടികളിൽ ആത്മവിശ്വാസം, ആത്മബോധനം, അന്യരെ അംഗീകരിക്കൽ എന്നീ ഗുണങ്ങൾ വികസിപ്പിക്കുമെന്നും വൈകാരികവും, സാമൂഹികവുമായ വികസനം സാധ്യമാകുമെന്നും യുനസ്ക്കോയും കോത്താരി കമ്മീഷൻ ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ കമ്മീഷനുകളും എടുത്തുപറയുന്നുണ്ട്. ഇതിനു പുറമേ എൻ. സി. ഇ. ആർ. ടി. തയ്യാറാക്കിയ പാഠ്യപദ്ധതി ചട്ടക്കൂടുകളിലെല്ലാം കലാപഠനത്തെകുറിച്ച് വിശദീകരിച്ചിട്ടുണ്ട്. ഒപ്പം കലാപഠനം പ്രൈമറി, സെക്കന്ററി തലങ്ങളിൽ നിർബന്ധമാക്കണമെന്നും ശുപാർശ ചെയ്യുന്നു.

പാഠ്യപദ്ധതിയനുസരിച്ച് പഠിതാവിന്റെ കലാപരമായ വ്യക്തിത്വം വികസിപ്പിക്കുവാൻ ആവശ്യമായ പ്രചോദനവും പ്രവർത്തനങ്ങളും മാർഗനിർദ്ദേശങ്ങളും ലഭ്യമാകുന്നു. നിറം , ആകൃതി, രൂപം, ചലനം, താളം ശബ്ദം എന്നിവയുടെ സൗന്ദര്യം അറിയുക. അവയോട് പ്രതികരിക്കാനുള്ള ആസ്വാദന ശേഷി സൃഷ്ടിക്കുക, വളർത്തുക തുടങ്ങിയ പഠനാനുഭവങ്ങൾ ക്ലാസ്സുകളിൽ ഉൾപ്പെടും. സംഗീതം, നൃത്തം, ചിത്രരചന, ശില്പകല, നാടകം , സിനിമ എന്നിങ്ങനെ വിവിധ മേഖലകളിലാണ് പഠനം.



**എസ്.സി.ഇ.ആർ.ടി. തയാറാക്കിയ കലാപഠനം പാഠ്യപദ്ധതി നടൻ സുരേഷ്ഗോപി പ്രകാശനം ചെയ്യുന്നു.**

- വിദ്യാലയത്തിൽ സമയനിഷ്ഠയും കൃത്യനിഷ്ഠയും പാലിക്കുക.
- മുഴുവൻ പാഠ്യപദ്ധതിയും നിശ്ചിത സമയത്തുതന്നെ പൂർത്തീകരിക്കുക.
- ഓരോ കുട്ടിയുടെയും പഠനനൈപുണി വിലയിരുത്തി ആവശ്യമെങ്കിൽ അധിക പഠനപരിശീലനം നൽകുക.
- മുകളിൽ പ്രസ്താവിച്ചിട്ടുള്ള ചുമതലകൾ കൂടാതെ സംസ്ഥാന ചട്ടത്തിൽ അനുശാസിക്കുന്നവ കൂടി അധ്യാപകർ ഏറ്റെടുക്കേണ്ടതാണ്.
- ഓരോ കുട്ടിയുടെയും സമഗ്രമായ പ്രവർത്തന രേഖകൾ ഉൾക്കൊള്ളുന്ന ഫയൽ സൂക്ഷിക്കേണ്ടതും ഈ ഫയലിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.
- അക്കാദമിക് അതോറിറ്റി സംഘടിപ്പിക്കുന്ന പാഠ്യപദ്ധതിയുടെയും പഠനക്രമ രൂപവത്കരണത്തിന്റെയും ശില്പശാലകൾ, പരിശീലന രീതികൾ, പാഠപുസ്തകം തയ്യാറൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക. കാലാനുസൃതമായി നിർദേശിക്കുന്ന മറ്റു ചുമതലകൾ നിർവഹിക്കുക.

തെരഞ്ഞെടുപ്പ്, സെൻസസ്, സർക്കാർ നിർദേശപ്രകാരമുള്ള മറ്റു ജോലികൾ ഒഴികെയുള്ളവ ചെയ്യുകയോ അൺ എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അധ്യാപകർ പ്രൈവറ്റ് ട്യൂഷനിൽ ഏർപ്പെടുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്.

## മൂല്യനിർണയവും പരീക്ഷയും

ഒരു കുട്ടിയെ എട്ടു വർഷത്തെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതുവരെ ഒരു ക്ലാസ്സിലും തോൽപ്പിക്കുവാനോ നീക്കം ചെയ്യുവാനോ പാടില്ല. പബ്ലിക് പരീക്ഷ (ബോർഡ് പരീക്ഷ) ഉണ്ടായിരിക്കുന്നതല്ല. വർഷാന്ത്യ മൂല്യനിർണയത്തിനുപകരം കുട്ടിയുടെ എല്ലാ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളെയും നൈപുണികളെയും തുടർച്ചയായി വിലയിരുത്തിയാണ് പ്രൊമോഷൻ നൽകുന്നത്.

## ശിശുസൗഹൃദ വിദ്യാലയം

സമഗ്രവും പങ്കാളിത്തത്തോടുകൂടിയതുമായ ഒരു വിദ്യാഭ്യാസ സമീപനം ഉറപ്പുവരുത്തുകയാണ് ശിശുസൗഹൃദ വിദ്യാലയം എന്ന നൂതന സമ്പ്രദായം കൊണ്ടുദ്ദേശിക്കുന്ന്. കുട്ടികളെ സ്വാഗതം ചെയ്യുക മാത്രമല്ല അവരെ അന്വേഷിച്ചു കണ്ടെത്തുന്ന ഒരു സ്ഥാപനം കൂടിയാണ് ശിശുസൗഹൃദ വിദ്യാലയം. കുട്ടികളുടെ ചിന്താശേഷിയും വിവേചന ബോധവും വളർത്തി അവരിൽ സ്വാഭിമാനവും പരസ്പര ബഹുമാനവും സൃഷ്ടിച്ച് ശ്രേഷ്ഠവ്യക്തികൾ, സമൂഹാംഗങ്ങൾ, ലോക പൗരന്മാർ എന്നീ നിലകളിൽ അവരുടെ ഭാവി സാധ്യതകളെ പരിപൂർണതയിൽ എത്തിക്കേണ്ടതാണ്.

നിയമത്തിന്റെ സെക്ഷൻ 17 പ്രകാരം ഒരു കുട്ടിയെയും ശാരീരിക ശിക്ഷയ്ക്കോ മാനസിക പീഡനത്തിനോ വിധേയരാക്കുവാൻ പാടില്ല. പീഡനങ്ങൾക്ക് വിധേയരായ കുട്ടികൾക്ക്/രക്ഷാകർത്താക്കൾക്ക് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി/സ്റ്റേറ്റ് കമ്മിഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്/നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ്, കുട്ടികളുടെ ഹെൽപ്പ്ലൈൻ എന്നിവയെ സമീപിക്കാവുന്നതാണ്. പരാതി കിട്ടാതെ തന്നെ സംസ്ഥാന കമ്മീഷനും ദേശീയ കമ്മിഷനും സ്വമേധാ നടപടി സ്വീകരിക്കുവാൻ അധികാരമുണ്ട്. കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ/കത്തുകൾ/ടെലിഫോൺ എന്നിവ സ്വീകരിച്ച് നടപടിയെടുക്കുന്നതിനുവേണ്ടി സ്കൂൾ-വിദ്യാർഥി ഹെൽപ്പ്ലൈൻ ആരംഭിക്കേണ്ടതാണ്.

കുട്ടികളുടെ ശിശുസൗഹൃദ, ശിശുസംരക്ഷണ, ശിശുവികസന വിദ്യാഭ്യാസത്തിന് പരമപ്രധാന്യമാണ് ഈ നിയമം ഉറപ്പുവരുത്തുന്നത്. ബന്ധപ്പെട്ട എല്ലാവരും വിശേഷിച്ച് പൊതുജനങ്ങൾ ഇതുസംബന്ധിച്ച് ബോധവാന്മാരാകേണ്ടതുണ്ട്. ■

*(ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)*

---

പ്രീ-പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി എന്നിങ്ങനെ വിവിധ തലങ്ങളിലാണ് കലാപഠനത്തിന് പദ്ധതിയിട്ടിട്ടുള്ളത്. പ്രീ-പ്രൈമറിയിൽ വര, നിറം നൽകൽ, പാട്ട്, ശാരീരിക ചലനങ്ങൾ എന്നിവയ്ക്ക് അവസരം ഒരുക്കിയും പ്രൈമറിയിൽ ദൃശ്യപരവും പ്രകടനപരവുമായ പ്രവർത്തനങ്ങൾക്ക് അവസരം ഒരുക്കിയുമാണ് കലാപഠനം. മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ടാണ് പ്രൈമറി കലാപഠനം.

സ്വതന്ത്രപ്രകടനത്തിനും സർഗാത്മക പ്രകടനത്തിനും കുട്ടികൾ താല്പര്യം പ്രകടിപ്പിക്കുന്ന അപ്പർ പ്രൈമറി ഘട്ടത്തിൽ സംഘപ്രവർത്തനങ്ങൾക്കും, സൗന്ദര്യാസ്വാദനത്തിനും പ്രാധാന്യം. വിവിധ പരാമ്പരാഗത കലാരൂപങ്ങൾ ഈ ഘട്ടത്തിൽ പരിചയപ്പെടുത്തും. സ്വതന്ത്രചിന്ത, ഭാവന സൃഷ്ടിക്കൽ, സർഗാത്മകത ഇവയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ മുൻതൂക്കം നൽകുന്ന സെക്കന്ററി തലത്തിൽ നാടോടികലകൾ, ശാസ്ത്രീയകലകൾ, നിർമ്മാണപ്രവർത്തികൾ എന്നിവയിൽ ധാരണ വികസിപ്പിക്കും.

ഹയർ സെക്കന്ററി തലത്തിൽ തെരഞ്ഞെടുത്ത കലയിൽ കുടുതൽ അറിവും ധാരണയും നേടുന്നതോടൊപ്പം തൊഴിൽ പരമായ ഘടകങ്ങക്ക്, ഊന്നൽ നൽകും. ലളിതകലകളിൽ തൊഴിൽപരമായ നൈപുണ്യവികസനത്തിനും, രൂപകല്പനകളിലും ദിശാബോധം കൈവരിക്കുന്നതിനും, തനതായ കലാപ്രകടനങ്ങൾക്കുംഅവസരം ലഭിക്കും.

സംഗീതത്തിൽ വിവിധ സംഗീത രൂപങ്ങളുടെ പരിചയപ്പെടൽ, ആസ്വാദ്യത, സംഗീതത്തിന്റെ ചരിത്രപഠനം, എന്നിവയ്ക്ക് പുറമേ സംഗീതോപകരണങ്ങൾ പരിചയപ്പെട്ട് കൈകാര്യം ചെയ്യുന്നതിനും അവസരം ലഭിക്കും. ഒറ്റയ്ക്കും കൂട്ടായും വിവിധ ഗാനാലാപനങ്ങളിൽ ഏർപ്പെടാം. വിവിധ നൃത്തരൂപങ്ങൾ പരിചയപ്പെടുന്നതിനും നൃത്തത്തിന്റെ സാംസ്ക്കാരിക പ്രാധാന്യം തിരിച്ചറിയുന്നതിനും അവസരം ലഭിക്കുന്ന നൃത്തമേഖലയിൽ നൃത്തപരിപാടികളിൽ പങ്കാളിയാകാനും ചരിത്രപരമായ വികാസത്തെ കുറിച്ച് ധാരണാരൂപീകരണത്തിനും സാധ്യതകളുണ്ട്. ചിത്രശില്പപഠന വേളയിൽ വിവിധ ശില്പങ്ങൾ നീരീക്ഷിക്കാനും നിർമ്മാണത്തിലേർപ്പെടാനും അവസരം ലഭിക്കും. വിവിധങ്ങളായ ചിത്രരചനാരീതിയും പരിചയപ്പെടുത്തും ഒപ്പം ചിത്രകാരൻമാരെ അറിയുന്നതിനും ചരിത്രപരമായ ധാരണ രൂപീകരിക്കാനും ശില്പകേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും അവസരമുണ്ട്.

നാടക പഠനം ലഘുനാടകങ്ങളിലേർപ്പെട്ട് അഭിനയസിദ്ധി വികസിപ്പിക്കാൻ സാധ്യതയൊരുക്കും. നാടകത്തിന്റെ സാങ്കേതികത തിരിച്ചറിയുന്നതിനും നാടക പരിപാടികൾ അവതരിപ്പിക്കുന്നതിനും, ശരീരഭാഷകളുടെ സാധ്യത മനസ്സിലാക്കുന്നതിനും അവസരമുണ്ട്. രംഗസജ്ജീകരണം, സംഭാഷണം, അഭിനയം, സംഗീതം എന്നിവയുടെ പ്രായോഗിക പഠനത്തിനു പ്രാധാന്യമുണ്ട്. സിനിമകൾ നീരീക്ഷിച്ച് സാമൂഹ്യസന്ദേശങ്ങൾ മനസ്സിലാക്കാൻ അവസരം നൽകുന്ന സിനിമാ മേഖല സിനിമാ ചരിത്രം ഉൾക്കൊള്ളാനും സിനിമാരംഗത്തേക്ക് കടക്കാനും സാധ്യതകൾ തുറക്കുന്നതാണ്. ദൃശ്യഭാഷയുടെ സാധ്യതകൾ തിരിച്ചറിയുന്നതിനും കുട്ടികളുടെ സിനിമ നിർമ്മിക്കുന്നതിനും സാങ്കേതിക ധാരണകൾ രൂപപ്പെടുത്തുന്നതും സിനിമാപഠനത്തിൽ ഉൾപ്പെടും.

അഞ്ച് മുതൽ 8 വരെ സ്ക്കൂളുകൾ കേന്ദ്രീകരിച്ച് വിവിധ കലാവിഷയങ്ങളിൽ പരിശീലനം നൽകാനാണ് ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലുള്ള കഴിവുകൾ അദ്ധ്യാപകർ കണ്ടെത്തി അതാത് മേഖലകളിലേക്ക് വഴി തിരിച്ചുവിടും. നിലവിലുള്ള കലാധ്യാപകർക്കും മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്കും മനശാസ്ത്രം ഉൾപ്പെടെ വിഷയങ്ങളിൽ പരിശീലനം നൽകും. ■

***കിരൺ റാം.***

*അസി. എഡിറ്റർ*
*ഐ & പി.ആർ.ഡി.*

മിഷൻ 676 ന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും നൂതന പരിപാടികളും

# നിലവാരം ഉയരുന്ന വിദ്യാഭ്യാസരംഗം

നിരവധി പദ്ധതികളാണ് വിദ്യാഭ്യാസ മേഖലയിൽ അടുത്ത രണ്ടുവർഷത്തിനകം നടപ്പാക്കാൻ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

### അധിക വൈദഗ്ധ്യസമ്പാദന പരിപാടി (എ.എസ്.എ.പി.)

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നിന്നും ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നും പാസ്സായി പുറത്തു വരുന്ന വിദ്യാർഥികളുടെ ജോലി സാധ്യത വർധിപ്പിക്കുന്നതിലേക്കായി ഉന്നത വിദ്യാഭ്യാസ-പൊതുവിദ്യാഭ്യാസ-തദ്ദേശ ഭരണ വകുപ്പുകൾ കൈകോർത്തുപിടിച്ച് സംയുക്തമായി പ്രാവർത്തികമാക്കുന്ന സംസ്ഥാന വൈദഗ്ധ്യവികസന പരിപാടിയുടെ ഭാഗമായാണ് അധികവൈദഗ്ധ്യ സമ്പാദന പരിപാടി അഥവാ എ.എസ്.എ.പി. നടപ്പാക്കുന്നത്. 2012 ൽ ആരംഭിച്ച ഈ പദ്ധതിയിൽ ഇപ്പോൾ 16172 വിദ്യാർഥികൾ പരിശീലനം നടത്തുന്നുണ്ട്.

### വാക്ക് വിത്ത് സ്കോളർ (ഡബ്ല്യൂ.ഡബ്ല്യൂ.എസ്.)

കൊമേഴ്സ്, സയൻസ്, ആർട്സ് വിഷയങ്ങൾ പഠിക്കുന്ന ബിരുദവിദ്യാർഥികൾക്ക് വിഷയാധിഷ്ഠിതമായ ദിശാബോധം നൽകുന്നതിനാണ് ഈ പദ്ധതി.

### കമ്മ്യൂണിറ്റി കോളേജുകൾ

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ അപര്യാപ്തതകൾ മൂലമുണ്ടാകുന്ന വിദഗ്ധ തൊഴിലാളികളുടെയും ഉദ്യോഗാർഥികളുടെയും ദൗർലഭ്യം ദേശീയതലത്തിൽ ഫലപ്രദമായി പരിഹരിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന നൂതന പരീക്ഷണമാണ് ഈ കേന്ദ്രഗവൺമെന്റ് പദ്ധതി. രാജ്യമൊട്ടാകെ ഇത്തരം 200 കമ്മ്യൂണിറ്റി കോളേജുകൾ രൂപപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ 2012 ൽ ഈ പദ്ധതി കേരളത്തിൽ ആരംഭിച്ചു.



പത്താംക്ലാസ് പരീക്ഷ കഴിഞ്ഞിറങ്ങിയ തിരുവനന്തപുരം എസ്.എം.വി. സ്കൂളിലെ കുട്ടികൾക്കൊപ്പം വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദു റബ്ബ്

### അക്കാദമിക രംഗത്ത് നവീകരണത്തിനും ഗവേഷണ ത്തിനുമുള്ള അന്വയങ്ങളുടെ ബലപ്പെടുത്തൽ

വിദ്യാഭ്യാസരംഗത്തെ നവീകരണത്തിനും ഗവേഷണത്തിനും ഉതകുന്ന കണ്ണികളുടെ ബലപ്പെടുത്തലാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ അധ്യാപനത്തിന്റെയും അധ്യയനത്തിന്റെയും നിലവാരം ഉയർത്തുന്നതിനായി പുതുതായി പ്രവേശിക്കുന്ന അധ്യാപകർക്ക് അവരവരുടെ വിഷയങ്ങൾ ഫലവത്തായി പഠിപ്പിക്കുന്നതിനാവശ്യമായ ശേഷിയും പ്രാവീണ്യവും പ്രദാനം ചെയ്യുന്നതിനാവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള പരിപാടിയാണിത്.

2015 ഫെബ്രുവരി മാസത്തോടുകൂടി വിഷയാധിഷ്ഠിതമായ ഫാക്കൽറ്റി അംഗങ്ങൾക്ക് ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കാനുതകുന്നവിധം ഓൺലൈൻ കമ്മ്യൂണിറ്റികൾ സൃഷ്ടിക്കും.

### സ്കോളർ സപ്പോർട്ട് പ്രോഗ്രാം (എസ്.എസ്.പി.)

കേരള സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച നൂതന സംരംഭത്തിലെ ഒരു പദ്ധതിയാണിത്. പഠനവിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പഠിതാവ് പിന്നാക്കം നിൽക്കുന്നുണ്ടെങ്കിൽ ആ വിഷയത്തിൽ അയാളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള അധിക പിന്തുണ നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എയ്ഡഡ് കോളേജിലെയും ഗവൺമെന്റ് കോളേജിലെയും ഒന്നും രണ്ടും മൂന്നും വർഷ ബിരുദ വിദ്യാർഥികൾക്ക് ഈ പരിപാടിയുടെ കീഴിൽ സഹായം നൽകും.

### കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സ്

ദൃശ്യമാധ്യമരംഗത്തെ നൂതന സാങ്കേതികവിദ്യകളുടെ ആവിർഭാവത്തോടുകൂടി ലോകത്താകമാനമുണ്ടാകുന്ന അവസരങ്ങൾ യുവതലമുറയ്ക്ക് പ്രയോജനപ്പെടുത്തുവാൻ ഉതകുന്നതരത്തിൽ അന്തർദേശീയനിലവാരത്തിലുള്ള ഒരു ട്രെയിനിങ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുകയെന്ന ഉദ്ദേശലക്ഷ്യത്തോടെ 2005 നവംബറിലാണ് കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് എന്ന സ്ഥാപനം തുടങ്ങുവാൻ കേരള സർക്കാർ തീരുമാനിച്ചത്. ഇതിനുവേണ്ടി കോട്ടയം താലൂക്കിലെ അകലക്കുന്നം പഞ്ചായത്തിലെ തെക്കുംതലയിൽ സർക്കാർ ഉടമസ്ഥതയിലുണ്ടായിരുന്ന 50 സെന്റ് വസ്തുവിന് പുറമെ ഏകദേശം 10 ഏക്കർ സ്ഥലം ഏറ്റെടുക്കുകയുണ്ടായി.



ഫേസ്ബുക്ക്, ഗൂഗിൾ എന്നിവയിലൂടെ വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് വിദ്യാർത്ഥികളുമായി ഓൺലൈൻ സംവാദം നടത്തുന്നു

### എൽ.ബി.എസ്. സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം, പരപ്പനങ്ങാടി (എൽ.ബി.എസ്. - ഐ.ഐ.എസ്.ടി.)

രജിന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ മേഖലയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സമുച്ചയം സ്ഥാപിക്കുവാനുദ്ദേശിക്കുന്നു. ഉദ്ദേശം 125 കോടി മുതൽമുടക്ക്. കോളേജ്, പോളിടെക്നിക്ക് കോളേജ്, അപ്ലൈഡ് സയൻസ് കോളേജ്, എൽ.ബി.എസ്. സബ് സെന്റർ, ടെസ്റ്റിങ് സെന്റർ എന്നിവ ഉൾപ്പെടുന്നു.

## പൊതുവിദ്യാഭ്യാസം

### സ്കൂൾ യൂണിഫോം വിതരണം

കേന്ദ്ര ഗവൺമെന്റ് സർവശിക്ഷാ അഭിയാൻ പദ്ധതി മുഖാന്തിരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുവരെയുള്ള ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർഥികൾക്കും രണ്ടു ജോഡി സൗജന്യ യൂണിഫോം നൽകിവരുന്നു.

## നൂതന പരിപാടികൾ/ മറ്റ് പദ്ധതികൾ

- ബോഷ് റെക്സ്റോത്തിന്റെ സഹകരണത്തോടെ സ്വയം പ്രവർത്തന സാങ്കേതികവിദ്യയിൽ (ഓട്ടോമേഷൻ ടെക്നോളജിയിൽ) മികവിന്റെ കേന്ദ്രം അഥവാ സെന്റർ ഫോർ എക്സലൻസ്.
- മെഴ്സിഡസ് ബെൻസിന്റെ സഹകരണത്തോടെ ഓട്ടോമേറ്റീവ് മെക്കാട്രോണിക്സിൽ മികവിന്റെ കേന്ദ്രം അഥവാ സെന്റർ ഫോർ എക്സലൻസ്
- എൻജിനീയറിങ് കോളേജുകളിലും പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ
- വിദ്യാർഥികൾക്ക് (വ്യവസായ) സംരംഭകത്വ പദ്ധതി
- പോളിടെക്നിക്കുകളിൽ നിർമാണ പരിശീലന കേന്ദ്രം
- വിദ്യാഭ്യാസ ഗവേഷണത്തിന് ഇന്ത്യ-യു.കെ. സംയുക്ത സംരംഭം
- കൊളംബിയ സർവകലാശാല, മോൺട്രിയാൽ സർവകലാശാല, മദ്രാസ് ഐ.ഐ.ടി എന്നിവയുടെ സഹകരണത്തോടെ ആവിഷ്ക്കാര (ട്രാൻസ്ലേഷൻ) എൻജിനീയറിങ് ഗവേഷണ കേന്ദ്രം.
- പൊതുപ്രവേശന പരീക്ഷ പരിശീലന പദ്ധതി
- വിദ്യാർഥികൾക്ക് പഠനസൗകര്യാർഥം സ്കോളർഷിപ്പുകൾ
- കോളേജുകളുടെ ഗുണനിലവാരം വർധിപ്പിക്കുക
- തുടർവിദ്യാഭ്യാസം - കേരള സിവിൽ സർവീസസ് അക്കാദമി
- കാലിക്കറ്റ്/കേരള സർവകലാശാലകളുടെ വികസന പദ്ധതികൾ

## അതുല്യം രണ്ടാം ഘട്ടം

കേരളത്തെ സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സാക്ഷരതാമിഷൻ ആവിഷ്കരിച്ച പദ്ധതിയാണ് അതുല്യം. നാലാംതരം വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ ഒരു ലക്ഷത്തോളം പേർക്ക് ഈ പദ്ധതിയിലൂടെ നാലാംതരത്തിന് തുല്യമായ വിദ്യാഭ്യാസം നൽകാൻ കഴിയും.

## അക്ഷരലക്ഷം രണ്ടാം ഘട്ടം

അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിന് സാക്ഷരതാമിഷൻ രൂപം നൽകിയ പദ്ധതിയാണ് അക്ഷരലക്ഷം.

## ആദിവാസി സാക്ഷരതാപദ്ധതി (അട്ടപ്പാടി)

മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ആദിവാസി മേഖലയിലെ (അട്ടപ്പാടി) അവശേഷിക്കുന്ന നിരക്ഷരത പൂർണമായും നിർമാർജനം ചെയ്യുന്നതിനുള്ള പദ്ധതിയാണ് ആദിവാസി സാക്ഷരതാപദ്ധതി.

## ആശ്വാസ് (എ.എസ്.ഡബ്ല്യു.എ.എസ്.)

കല, കായിക വിനോദം, തൊഴലധിഷ്ഠിത വിദ്യാഭ്യാസം മുതലായവ സമന്വയിപ്പിച്ചിട്ടുള്ള ഒരാശയമാണ് ആശ്വാസ്

## തിരുവനന്തപുരം ജി.വി. രാജ സ്പോർട് സ്കൂൾ, കണ്ണൂരിലെ സ്പോർട്സ് ഡിവിഷന്റെ കീഴിലുള്ള ജി.വി.എച്ച്.എസ്.

ജി.വി. രാജ സ്കൂളിനെയും കണ്ണൂരിലെ ജി.വി.എച്ച്.എസ്സിനെയും മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിലേക്കായി 800 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഇന്റലക്ചൽ ഇ-ലേണിങ്

ഫിസിക്കൽ ക്ലാസ് മുറികൾക്കുപകരം വിവരസാങ്കേതിക വിദ്യ വ്യാപകമായി ഉപയോഗിച്ചുകൊണ്ടുള്ള ദൃശ്യവിദ്യാഭ്യാസ ക്ലാസ് മുറികളിലൂടെ വിദ്യാഭ്യാസം നൽകി തത്സമയ ആശയവിനിമയം പ്രാപ്യമാക്കുന്നു.

## ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടം

65 ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമിക്കാനുദ്ദേശിക്കുന്നു.

## കാരുണ്യകേന്ദ്രം

ആദ്യഘട്ടമെന്ന നിലയിൽ കേൾവിക്കുറവുള്ള കുട്ടികൾ പഠിക്കുന്ന മൂന്ന് സർക്കാർ സ്പെഷ്യൽ സ്കൂളുകളും കാഴ്ചക്കുറവുള്ള കുട്ടികൾ പഠിക്കുന്ന നാല് സർക്കാർ സ്പെഷ്യൽ സ്കൂളുകളും ചേർത്ത് ഏഴ് സർക്കാർ സ്പെഷ്യൽ സ്കൂളുകളേയും തെരഞ്ഞെടുക്കപ്പെട്ട എയ്ഡഡ്, അൺ എയ്ഡഡ് സ്പെഷ്യൽസ്കൂളുകളെയും കാരുണ്യകേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ് പദ്ധതി. ഓരോ കേന്ദ്രത്തിലും അവിടെയുള്ള അധ്യാപകരുടെ സ്പെഷ്യലൈസേഷൻ അനുസരിച്ച് ഓരോ വൈകല്യത്തിനായുള്ള പ്രത്യേക കേന്ദ്രങ്ങളാണ് വിഭാവനം ചെയ്യുന്നത്. ഇവിടെ വിവിധ മാനസിക വൈകല്യങ്ങൾ, കാഴ്ചക്കുറവ്, കേൾവിക്കുറവ്, ലേണിങ് ഡിസബിലിറ്റി എന്നിവയുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒന്നിച്ച് വിദഗ്ധരുടെ പരിശീലനത്തിനു വിധേയമാക്കുന്ന രീതിയിൽ ഈ സെന്ററുകൾ വികസിപ്പിക്കുന്നു, ഇങ്ങനെ ഇത്തരത്തിലുള്ള കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്ക് എത്തിക്കുന്നതിന് കഴിയുന്നു.

## സ്പെഷ്യൽ സ്കൂൾ അധ്യാപക പരിശീലനം

സംസ്ഥാനത്തെ 44 സ്പെഷ്യൽ സ്കൂളുകളിലേയും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന 283 വിദ്യാലയങ്ങളിലേയും അധ്യാപകർക്കും ജീവനക്കാർക്കും കാലഘട്ടത്തിൽ വന്ന മാറ്റങ്ങൾക്കനുസരിച്ചുള്ള നവീന രീതിയിലുള്ള പരിശീലനങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നു.

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

കോഴിക്കോട്, നടക്കാവ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടപ്പലാക്കിയതുപോലെ തിരഞ്ഞെടുക്കപ്പെട്ട മറ്റു സ്കൂളുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നു.



കോട്ടൺഹിൽ ഹയര് സെക്കന്ററി സ്കൂളിൽ നിർമിക്കുന്ന ബഹുനില മന്ദിരത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ്, ആരോഗ്യമന്ത്രി വി.എസ്. ശിവകുമാർ സമീപം


## വൊക്കേഷണൽ ഹയർ സെക്കൻഡറി പാഠ്യപദ്ധതി പരിഷ്ക്കരണം

വൊക്കേഷണൽ വിഷയങ്ങളുടെ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു

## ഹയർ സെക്കൻഡറി തലത്തിലുള്ള വിദ്യാർഥികളെ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ

സംസ്ഥാന ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് നാവികസേനയിലെ തൊഴിലവസരങ്ങൾ പരിചയപ്പെടുത്തുന്ന പ്രത്യേക പരിപാടി കൊച്ചി നാവികസേനയുമായി ചേർന്നു സംഘടിപ്പിക്കും.

ആയോധനകലയിൽ പരിശീലനം നൽകുന്നതാണ്. എട്ടു ലക്ഷത്തോളം വരുന്ന ഹയർ സെക്കൻഡറി വിദ്യാർഥികളുടെ അഭിരുചി തിരിച്ചറിഞ്ഞ് പഠന തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായി ശാസ്ത്രീയമായി തയാറാക്കിയ അഭിരുചി പരീക്ഷയുടെ സൗജന്യ സോഫ്ട്വെയർ ലഭ്യമാക്കും. രണ്ടു വർഷം തുടർച്ചയായി വിജയത്തിൽ പിന്നാക്കം നിൽക്കുന്ന സംസ്ഥാനത്തെ ഹയർ സെക്കൻഡറി ഉന്നമനത്തിനായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതി നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു. ■




# നാടൊരുങ്ങി നാടറിഞ്ഞ പ്രവേശനോത്സവം



ഓരോ പ്രദേശവും തങ്ങളുടെ കുരുന്നുകളുടെ വിദ്യാലയത്തിലെ ആദ്യദിനം അവിസ്മരണീയമാക്കാൻ ഒരുങ്ങിയതാണ് നാടെങ്ങും പ്രവേശോത്സവങ്ങളിൽ കണ്ടത്. തിരൂരങ്ങാടി ചെമ്മനാട് തൃക്കുളം ഗവ. ഹൈസ്കൂളിലായിരുന്നു സംസ്ഥാനതല ഉദ്ഘാടനം. സാംസ്കാരിക ഘോഷയാത്രയും സംഗീതശിൽപ്പവും ആഘോഷത്തിന് മാറ്റേകി. ഒന്നാം ക്ലാസ്സിൽ പുതുതായെത്തിയ കുരുന്നുകളെ പൂച്ചെണ്ട് നൽകി മന്ത്രിമാർ വരവേറ്റതോടെയാണ് പരിപാടി തുടങ്ങിയത്. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പരിസരത്തു നിന്നും വിദ്യാർഥികളും രക്ഷിതാക്കളും അധ്യാപകരും ജനപ്രതിനിധികളും വാദ്യമേളങ്ങളുടെ അകമ്പടിയോടെ തൃക്കുളം ഹൈസ്കൂളിലെത്തി നവാഗതരെ ക്ലാസ് മുറികളിലേക്ക് ആനയിച്ചു.


ഒന്നാം ക്ലാസ് പാഠപുസ്തകത്തിലെ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ച ക്ലാസ്സ് മുറികളിലേക്കാണ് കുട്ടികളെ മന്ത്രിമാർ കൈപിടിച്ച് പ്രവേശിപ്പിച്ചത്. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. മികച്ച രീതിയിൽ വളരെ കാര്യക്ഷമമായാണ് സർക്കാർ സംവിധാനം പ്രവർത്തിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. മലപ്പുറം ജില്ല പലകാര്യങ്ങളിലും കേരളത്തിന് മാതൃകയാണ്. രക്ഷിതാക്കളോടും വിദ്യാർഥികളോടുമൊപ്പം നാട് ഒന്നടങ്കമുണ്ടെന്ന് തെളിയിക്കുന്നതാണ് പ്രവേശനോത്സവത്തിലെ വമ്പിച്ച ജനപങ്കാളിത്തമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും പാഠപുസ്തകങ്ങൾ കാലോചിതമായി പരിഷ്കരിച്ചും അധ്യാപകർക്ക് ശാസ്ത്രീയമായി പരിശീലനം നൽകിയും സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ



വിദ്യാർഥി കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കിയെന്ന് അധ്യക്ഷനായ മന്ത്രി പി.കെ. അബ്ദുറബ്ബ് പറഞ്ഞു. മുൻ വർഷങ്ങളിൽ മുഴുവൻ അധ്യയന ദിനങ്ങളും കാര്യക്ഷമമായി ഉപയോഗപ്പെടുത്താനായതിനാലാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ ഉണർവുണ്ടാക്കിയത്. ഒന്നാം തരം മുതൽ സംസ്കൃതം, കലാപഠനം എന്നിവയ്ക്ക് അവസരമൊരുക്കിയും ശ്രീനാരായണഗുരുവിന്റെ ദർശനങ്ങൾ ഉൾപ്പെടുത്തി തയാറാക്കിയ പാഠ്യപദ്ധതിയും പരിഷ്കരണത്തിന്റെ തെളിവാണ്. എല്ലാ മേഖലകളെയും സ്പർശിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾക്കാണ് വിദ്യാഭ്യാസവകുപ്പ് തുടക്കമിടുന്നതെന്നും മന്ത്രി പറഞ്ഞു.

പരിരക്ഷയുടെ പാഠങ്ങൾ എന്ന കൈപുസ്തകത്തിന്റെയും പരിഷ്കരിച്ച പാഠപുസ്തകത്തിന്റെയും പ്രകാശനം മന്ത്രി പി.കെ. അബ്ദുറബ്ബ് നിർവഹിച്ചു. കൈപുസ്തകം എസ്.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഇ.പി. മോഹൻദാസ് ഏറ്റുവാങ്ങി. വിദ്യാഭ്യാസ സന്ദേശമടങ്ങിയ അക്ഷരത്തൂവാലയുടെ കൈമാറ്റം മന്ത്രി മഞ്ഞളാംകുഴി അലിയും നിർവഹിച്ചു. എസ്.എസ്.എ. ഗ്രാന്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട് തൃക്കുളം ഗവ. ഹൈസ്കൂൾ പ്രധാനാധ്യാപകൻ ടോമി മാത്യുവിന് നൽകി ഉദ്ഘാടനം ചെയ്തു. സൗജന്യ യൂണിഫോം വിതരണം അഡ്വ. കെ.എൻ.എ. ഖാദർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പ്രവേശനോത്സവ കിറ്റ് വിതരണം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.വി. ജമീലയും അധ്യാപക പുസ്തകപ്രകാശനം ജില്ലാ പഞ്ചായത്ത്





വൈസ് പ്രസിഡന്റ് പി.കെ. കുഞ്ഞുവും നിർവഹിച്ചു. സാക്ഷ്യം സിഡി പ്രകാശനം ജില്ലാ പഞ്ചായത്ത് അംഗം സി.പി. ജമീല അബൂബക്കർ, ഭിന്നശേഷിയുള്ളവർക്കുള്ള സഹായ ഉപകരണവിതരണം ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ.പി. ജൽസീമിയ, 'സ്മൃതി 2014' ബി.ആർ.സി. ഡോക്കുമെന്റേഷൻ മലപ്പുറം ഡി.ഇ.ഒ. പി. സഫറുള്ള എന്നിവർ ഉദ്ഘാടനം ചെയ്തു.



എസ്.ഇ.ആർ.ടി. ഡയറക്ടർ പ്രൊഫ. കെ.എ. ഹാഷിം, മലപ്പുറം ഡി.ഡി.ഇ. ഇൻചാർജ് ഉണ്ണികൃഷ്ണൻ, മലപ്പുറം ഡയറ്റ് പ്രിൻസിപ്പൽ പി. അബ്ദുറസാഖ്, പഞ്ചായത്ത് പ്രസിഡന്റുമാരായ എം. അബ്ദുറഹ്മാൻകുട്ടി, വി.പി. സൈതലവി, എ. സീനത്ത് അലി ബാപ്പു, ബ്ലോക്ക് വൈസ് പ്രസിഡന്റ് എൻ.എം. അൻവർ സാദത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗം കെ.എം. മൊയ്തീൻ, സ്റ്റേറ്റ് ക്ലെയ്സ് ആൻഡ് സിറാമിക്സ് ചെയർമാൻ കൃഷ്ണൻ കോട്ടുമല, പരപ്പനങ്ങാടി ബി.ആർ.സി. ബി.പി.ഒ. പി.ടി.രതി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് സി.കെ.എ. റസാഖ്, സ്കൂൾ പി.ടി.എ. പ്രസിഡന്റ് കൊടപ്പനക്കൽ ബഷീർ എന്നിവർ സംസാരിച്ചു.



പൊതുവിദ്യാഭ്യാസ ഡയറക്ടർ ഗോപാലകൃഷ്ണ ഭട്ട് സ്വാഗതവും എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ പി.കെ. ഇബ്രാഹിം കുട്ടി നന്ദിയും പറഞ്ഞു. ഘോഷയാത്ര തിരൂർ ആർ.ഡി.ഒ. കെ. ഗോപാലൻ ഫ്ളാഗ് ഓഫ് ചെയ്തു. സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ്, എൻ.സി.സി., സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ ഘോഷയാത്രയിൽ അണിനിരന്നു. പുതിയ അധ്യയനവർഷത്തിൽ സംസ്ഥാനത്ത് 3,40,000 കുട്ടികളാണ് ഒന്നാം തരത്തിലെത്തിയത്. ■






കവർസ്റ്റോറി

പി.എൻ. ഗോപീകൃഷ്ണൻ

# പള്ളിക്കൂടത്തിലേക്ക് വീണ്ടും



**ആധുനിക മലയാള കവിതയിലും കാവ്യ വിചാരത്തിലും 'സ്കൂൾ' നിരന്തരമായി തുടർന്നു കൊണ്ടിരിക്കുന്ന ഒരു അനുഭവത്തിന്റെ മുദ്രണം ആണ്**

അധ്യയന അനുഭവങ്ങളെ ആസ്പദമാക്കി ധാരാളം കവിതകൾ എഴുതാൻ ഇടവന്നിട്ടുണ്ട്. അത്രയൊന്നും ബോധപൂർവമായ തിരഞ്ഞെടുപ്പായിരുന്നില്ല അത്. ജി.എൽ.പി.എസ്. പാപ്പിനിവട്ടം, ബാലമ്മാഷ് എന്ന പൊതു തലക്കെട്ടിൽ വ്യത്യസ്തകാലങ്ങളിലായി എഴുതിയ മൂന്നോ നാലോ കവിതകൾ. ഉടലിലെ സ്കൂൾ, സമയം മാഷ്... അങ്ങനെ നീണ്ടു പോകുന്നു ആ ശ്രേണി. വിട്ടു പോരാൻ ഇഷ്ടമില്ലാത്ത വിധം എന്തിനാണ് ഈ വിദ്യാലയ പുനഃസന്ദർശനം എന്ന് ഇടയ്ക്കിടെ ഞാൻ അത്ഭുതം കൂറാറുണ്ട്. ഒരു പക്ഷേ ഞാൻ മാത്രമല്ല, എന്റെ തലമുറയിൽപ്പെട്ട ഒട്ടു മിക്ക കവികളും പിറകേ വന്നവരും വിദ്യാലയനുഭവങ്ങളെ മറ്റനുഭവങ്ങളെക്കാൾ തീവ്രമായി ആവിഷ്കരിച്ചിട്ടുണ്ട്. എന്താണതിന് കാരണം എന്ന് ചിന്തിക്കുമ്പോൾ ആധുനിക മലയാള കവിതയിലും കാവ്യ വിചാരത്തിലും 'സ്കൂൾ' നിരന്തരമായി തുടർന്നു കൊണ്ടിരിക്കുന്ന ഒരു അനുഭവത്തിന്റെ മുദ്രണം ആണെന്ന് മനസ്സിലാക്കാം.

ആശാനിൽ നിന്നും തുടങ്ങുന്നുണ്ട് വിദ്യയോടും വിദ്യാലയത്തോടും വിദ്യാഭ്യാസ സമ്പ്രദായത്തോടും ഒക്കെ മാറി മാറി വരുന്ന ഈ സമീപനങ്ങൾ. 'ഒരു തീയ്യ കുട്ടിയുടെ വിചാരം' പ്രധാനമാകുന്നത് വിദ്യ കൊണ്ട് മാത്രമെ വിമുക്തി നേടാനാകു എന്ന നവോത്ഥാന മുദ്രാവാക്യത്തിന്റെ വിസ്ഫോടനം എന്ന നിലയിലാണ്. വിദ്യയ്ക്ക് പുറത്ത് നിർത്തിയിരുന്ന വലിയൊരു കൂട്ടത്തെ വിദ്യാലയത്തിലേക്ക് എത്തിച്ചു കൊണ്ടാണ് കേരളത്തിൽ ജാതി വ്യവസ്ഥയ്ക്കെതിരെ ഏറ്റവും വലിയ വെടി പൊട്ടിച്ചത്. വിദ്യാ നിഷേധത്തിനെതിരായ കരച്ചിലും രോഷവുമാണ് ആശാന്റെ കവിത. അത് വ്യക്തി തലവും കടന്ന് 'എന്തിനു ഭാരതധരേ കരയുന്നു/പാരതന്ത്ര്യം നിനക്ക് വിധി കൽപ്പിതമാണു തായേ' എന്ന രാഷ്ട്രീയ ശാപവചനമാകുന്നത് അതു കൊണ്ടാണ്.

എന്നാൽ പോകെപ്പോകെ വിദ്യാലയങ്ങൾ പ്രത്യയശാസ്ത്ര ഉപകരണങ്ങൾ ആണെന്ന അൽത്തുസറിയൻ തിരിച്ചറിവ് അൽത്തുസറിന് മുമ്പേ മലയാള കവിത ആർജിക്കുന്നുണ്ട്. ഇടശ്ശേരിയുടെ 'പള്ളിക്കൂടത്തിലേക്ക് വീണ്ടും' എന്ന കവിതയിൽ സകല ചരാചരങ്ങളോടും സംസാരിച്ചിരുന്ന കുട്ടിയുടെ വിനിമയ ശേഷി വിദ്യാലയത്തിൽ ചെന്നു പറ്റുന്നതോടെ അസ്തമിക്കുമോ എന്ന് പേടിക്കുന്നുണ്ട്. 'പോയി നാമിത്തിരി വ്യാകരണം/വായിലാക്കീട്ടു വരുന്നു മന്ദം/നാവിൽ നിന്നെപ്പഴേ പോയ് മറഞ്ഞു/ നാനാ ജഗന്മനോരമ്യ ഭാഷ' എന്നാണ്



വര: വി.എസ്. പ്രകാശ്

ആ കവിതയിലെ വരികൾ. ഒരു പക്ഷേ വിദ്യാഭ്യാസ സമ്പ്രദായത്തോടുള്ള വിമർശനം ആദ്യമായ് പ്രത്യക്ഷപ്പെടുന്ന ഒരു കവിത ഇതായിരിക്കും. ആധുനികതയിൽ എത്തുമ്പോൾ സച്ചിദാനന്ദന്റെ "ഒടുവിൽ ഞാനൊറ്റയാകുന്നു" എന്ന കവിത ഒരധ്യാപകന്റെ ഇരട്ട വേഷത്തെ അഭിമുഖീകരിക്കുന്നുണ്ട്. "കവിത പകുക്കേണമവരുമായ് /തീൻമേശ കുടിലം/ കഠിനമീയപ്പം". കവിത കഠിനമായ അപ്പമാണ് എന്നു പറയുന്നതിനെക്കാളും പ്രാധാന്യം ക്ലാസ് മുറി കുടിലമാണ് എന്ന് പറയുന്നിടത്തുണ്ട്. കെ.ജി. ശങ്കരപ്പിള്ളയുടെ "പ്രഫസർ വിവിധ ഗമനന്റെ ഒരു വിചിത്രാനുഭവം" എന്ന കവിതയിൽ സംസ്കാര ചരിത്രം ഒരു പാഠ്യവിഷയം എന്ന നിലയിൽ നിന്നു മാറി യാഥാർഥ്യമാകുന്നതിന്റെ പരിണാമദശയും ദിശയും കാണിച്ചു തരുന്നുണ്ട്. മുമ്പ് ആറ്റൂർ "കോളേജിലേയ്ക്ക് രണ്ടു വഴികൾ/വായയും മലദ്വാരവും പോലെ" എന്ന് രൂക്ഷമായ് എഴുതിയിട്ടുണ്ട്.

ഒരു പക്ഷേ മാറിമാറിക്കൊണ്ടിരിക്കുന്ന ഈ വിദ്യാ, വിദ്യാലയ നോട്ടത്തിന്റെ ഒരു തുടർച്ചയാണ് ഞാനുൾപ്പെടുന്ന തലമുറയും രേഖപ്പെടുത്താൻ തുനിഞ്ഞത് എന്നു വേണം പറയാൻ. ഒരു വശത്ത് നവോഥാനത്തിന്റെ ഏറ്റവും വലിയ സംഭാവനയായ സാർവത്രിക വിദ്യാഭ്യാസം എന്ന സങ്കൽപ്പം പിൽക്കാല മുതലാളിത്തത്തിന്റെ കമ്പോള തുറസ്സിൽ നിരവധി വെല്ലുവിളികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. മാനവിക വിഷയങ്ങളിൽ നിന്ന് ഒരു സമൂഹത്തിന്റെ ശ്രദ്ധ സാങ്കേതിക വിഷയങ്ങളിലേക്ക് മാറിപ്പോയതിന്റെ ആഘാതങ്ങൾ മറുവശത്ത്. ഇതിനൊക്കെ അപ്പുറം മറ്റേതു തലമുറയേയുംകാൾ കൂടുതലായി വിദ്യാലയത്തിന്റെ ബോധന രീതി ആഴത്തിൽ പതിഞ്ഞ ഒരു കൂട്ടം ആളുകളാണ് ഇന്നു കേരളത്തിലെ ഭൂരിപക്ഷം പേരും. വിദ്യാലയവും വിദ്യയുമായി ബന്ധപ്പെട്ട അനുഭവങ്ങളെ മാത്രമല്ല മറ്റേതു അനുഭവങ്ങളേയും ആഴത്തിൽ പതിഞ്ഞ ഈ ബോധന രീതിക്ക് അനുസൃതമായാണ് നാം സ്വാംശീകരിക്കുന്നത്. ഒരു അനുഭവത്തേയും ബഷീറിയൻ കാലത്തെന്ന പോലെ പിറന്നപടി സ്വീകരിക്കാൻ നമുക്കു പറ്റില്ല. മറിച്ച് അനുഭവത്തിനും നമുക്കുമിടയിൽ അദൃശ്യമായ ഒരു അധ്യാപക സാന്നിധ്യം നാം എപ്പോഴും അനുഭവിക്കുന്നുണ്ട്. അയാളാണ് നമുക്കെല്ലാം വിശദീകരിച്ചു തരുന്നത്. തെറ്റു തിരുത്തുന്നത്, ശിക്ഷിക്കുന്നത്, അനുമോദിക്കുന്നത്. ആ ക്രൂരനും ദയാരഹിതനുമായ വ്യാഖ്യാതാവിന്റെ കൈകളാണ് അനുഭവത്തിനെ ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവരുടെയും വർഗ, വർണ, ലിംഗ, ജാതി വ്യത്യാസമനുസരിച്ചുള്ള പാഠപുസ്തകങ്ങളായിവിതരണം ചെയ്യുന്നത്. ആ സൈദ്ധാന്തികനേയും സ്വേച്ഛാധിപതിയേയും നേരിടാതെ ഒരു കവിതയ്ക്കും ഇന്ന് പൂക്കാൻ വയ്യാ. ■

*ശ്രദ്ധേയനായ കവിയും*
*തിരക്കഥാകൃത്തുമാണ് ലേഖകൻ*



*''You may write me down in history*
*With your bitter, twisted lies,*
*You may tread me in the very dirt*
*But still, like dust, I'll rise.''*

***- Maya Angelou***

# കൂട്ടിലടച്ച പക്ഷിയുടെ പാട്ട്

കറുത്തവന്റെ വിമോചനേതിഹാസമായ നെൽസൺ മണ്ഡേലയ്ക്കു, ദശകങ്ങളുടെ വർണവിവേചനവും പീഡനങ്ങളും അവസാനിപ്പിച്ച സ്വാതന്ത്ര്യപ്പോരാട്ടത്തിനുശേഷം ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത വർഗക്കാരനായ പ്രസിഡന്റായി സ്ഥാനമേൽക്കുമ്പോൾ ചൊല്ലാൻ ഇതല്ലാതെ, ഇത്രയും തീയാളുന്ന മറ്റേതു വരികളാണുള്ളത്. കൂട്ടിലടച്ചു മെരുക്കാനാവാത്ത മനുഷ്യേച്ഛാശാക്തിയുടെ, മർദ്ദിതരുടെ ഉയിർത്തെഴുന്നേല്പിന്റെ അടയാളപ്പെടുത്തലായ ആന്റ് സ്റ്റിൽ ഐ റൈസ് എന്ന ഇതിഹാസമായി മാറിയ ഈ കവിത എഴുതിയ മായ ആഞ്ജലോ വിടവാങ്ങിയപ്പോൾ അനുസ്മരണ ചടങ്ങിൽ അവ ഒരിക്കൽ കൂടി മുഴങ്ങി.

ഇക്കഴിഞ്ഞ മെയ് 28-ന് 86-ാം വയസ്സിൽ അന്തരിച്ച മായ ആഞ്ജലോ എഴുത്തുകാരി മാത്രമായിരുന്നില്ല, വർണവിവേചനം ശക്തമായിരുന്ന അമേരിക്കൻ കാലഘട്ടത്തിൽ ജനിച്ച അവർ പൗരാവകാശ പ്രവർത്തക, അഭിനേത്രി, പാട്ടുകാരി, നാടകപ്രവർത്തക, അധ്യാപിക എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു. പത്തോളം കവിതാ സമാഹാരങ്ങൾ അവർ രചിച്ചു. കറുത്തവർക്കു വേണ്ടിയുള്ള പോരാട്ടങ്ങളിൽ മരിച്ചുവീണ മാൽക്കം എക്സിന്റെയും മാർട്ടിൻ ലൂഥർ കിങ്ങിന്റെയും സഹപ്രവർത്തകയായിരുന്നു. 1969-ൽ എഴുതപ്പെട്ട ഏറെ പ്രശസ്തമായ ഐ നോ വൈ ദി കേജ്ഡ് ബേഡ് സിങ് ഉൾപ്പെടെ ഏഴ് ആത്മകഥകളാണ് അവർ എഴുതിയത്.

വെള്ളക്കാരന്റെ ധാർഷ്ട്യവും കറുത്തവനെ ആന്തരികമായും ബാഹ്യമായും ചേരികളിൽ തളച്ചിടുന്ന മനുഷ്യവിരുദ്ധമായ മനോഭാവവും നിറഞ്ഞ ഒരു കാലത്തോടൊപ്പം അവർ കടന്നുപോയ വ്യക്തിപരമായ നിരവധി നരകങ്ങളും അവയിൽ നമ്മെ പിടിച്ചുലയ്ക്കും. വംശീയ വിവേചനം, ദാരിദ്ര്യം അതിനൊക്കെ പുറമെ ഏഴാം വയസ്സിൽ അമ്മയുടെ കാമുകനാൽ മായ ബലാത്സംഗം ചെയ്യപ്പെടുന്നു. അയാളെ അമ്മാവൻമാർ കൊലപ്പെടുത്തി. മനസ്സു മരവിപ്പിക്കുന്ന ഇത്തരം അനുഭവങ്ങളിലൂടെ കടന്നുപോയ അവർക്ക് അഞ്ചുവർഷത്തോളം സംസാരശേഷി പോലുമില്ലാതായി. വായനയും എഴുത്തുമാണ് അവരെ പിന്നീട് സാധാരണ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവന്നത്.

1993-ൽ അമേരിക്കൻ പ്രസിഡന്റ് ബിൽ ക്ളിന്റന്റെ സ്ഥാനാരോഹണ ചടങ്ങിൽ ക്ഷണിക്കപ്പെട്ടതനുസരിച്ച് അവർ അവതരിപ്പിച്ച ഓൺ ദി പൾസ് ഓഫ് മോണിങ് വംശീയ വ്യത്യാസങ്ങളെ മറികടക്കുന്ന പുതിയ പ്രഭാതത്തുടിപ്പിനെ സ്വപ്നം കാണുന്നതായിരുന്നു. 2011-ൽ അമേരിക്കൻ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം നൽകിയാണ് പ്രസിഡന്റ് ബാരക് ഒബാമ മായ ആഞ്ചലോയെ ആദരിച്ചത്. ചരിത്രം ഏൽപ്പിച്ച തീക്ഷ്ണവേദനകളെ ഉൾക്കരുത്താലും പ്രത്യാശയാലും മറികടന്ന വ്യക്തിത്വത്തിലാണ് മായ ചിരസ്മരണീയയാകുന്നത്.

***കെ.എസ്***

■ ജോസഫ് കുര്യൻ

# ഭൂമിമാതാവിന് പനിപിടിക്കുമ്പോൾ



അന്തരീക്ഷ ഊഷ്മാവിന്റെ വർധനയും കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രതിസന്ധികളും ഇന്ന് ഏവർക്കും ബോധ്യപ്പെട്ടിട്ടുള്ളതാണ്. മനുഷ്യജീവിതം അസാധ്യമാക്കിത്തീർക്കുന്ന ഈ പ്രതിഭാസത്തിന്റെ പ്രധാന കാരണം അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ ($CO_2$) അളവ് അമിതമായി ഉയരുന്നതുകൊണ്ടാണ്. കൽക്കരി, പെട്രോളിയം ഉത്പന്നങ്ങൾ ആദിയായ ഫോസിൽ ഇന്ധനങ്ങൾ എരിക്കുന്നത് കാർബൺഡയോക്സൈഡിനെ അമിതമായി പുറത്തേക്കുവിടുന്നു. ഫ്രീസറുകൾ, ഫ്രിഡ്ജുകൾ എന്നിവയിൽ ഉപയോഗിക്കുന്ന ഫ്ളൂറോ കാർബണുകളും ഫാക്ടറികളിലെ പുകയും മറ്റും ഹരിതവാതകങ്ങളെ അന്തരീക്ഷത്തിൽ നിറയ്ക്കുന്നു. ഇവ അന്തരീക്ഷത്തിന്റെ മേൽത്തട്ടിനെ ആവരണം ചെയ്യുന്ന ഓസോൺ പാളികളിൽ വിള്ളലുണ്ടാക്കുന്നു. ഇതിൽക്കൂടി അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ പതിക്കുന്നു. ഭൂമിയുടെ താപനില ഉയരാൻ ഇത് ഇടയാക്കുന്നു. അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിലെ കൊഴുപ്പുമായി പ്രവർത്തിച്ച് വൈറ്റമിൻ ഡി ഉണ്ടാക്കുന്നുണ്ടെങ്കിലും അതിന്റെ അമിതമായ പ്രവാഹം അപകടകരമാണ്. ഓസ്ട്രേലിയയിലും മറ്റും ത്വക് അർബുദം വ്യാപിക്കുന്നത് അൾട്രാവയലറ്റ് രശ്മികൾ ഉയർന്നതോതിൽ നിപതിക്കുന്നതുകൊണ്ടാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മതിയായ സംവിധാനം കേരളത്തിൽ ഇല്ല. ജനങ്ങൾ അവ കത്തിച്ചുകളയുന്നു. ഇത് ഓസോൺ പാളികളെ നശിപ്പിക്കുകയും ഡയോക്സിൻ എന്ന വിഷവാതകം ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. വാഹനങ്ങളുടെ സംഖ്യ അനുദിനം വർധിച്ചുവരുകയാണ്. ഇതും താപവർധനയ്ക്ക് കാരണമാണ്. പൊതുയാത്രാസൗകര്യത്തിന്റെ അപര്യാപ്തതയാണ് വാഹനവർധനയ്ക്ക് കാരണമാകുന്നത്.

മീതെയ്ൻ ഗ്യാസിന്റെ ($CH_4$) അളവ് ക്രമത്തിലധികം കൂടുന്നതും അന്തരീക്ഷതാപത്തെ ഉയർത്തുന്നു. വയലുകളും ജലാശയങ്ങളും നികത്തുന്നതും വലിയതോതിൽ ആടുമാടുകളെ വളർത്തുന്നതും മീതെയ്ൻ വർധനയ്ക്കു കാരണമാണ്. വാഹനങ്ങളിൽ നിന്നുണ്ടാകുന്നതിനേക്കാൾ കൂടുതലാണ് മീതെയ്ൻ മൂലമുണ്ടാകുന്ന താപവർധന.

വൃക്ഷങ്ങൾ ധാരാളം നട്ടുപിടിപ്പിച്ചാൽ അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അനുപാതം കുറയും. പൊതുപ്രവർത്തകർ ഇതിനുള്ള കർമപരിപാടിക്ക് തുടക്കംകുറിക്കാറുണ്ടെങ്കിലും ആ ശ്രമങ്ങൾ ക്രമേണ നിലച്ചുപോകുന്നു. ധനമോഹികളായ വ്യക്തികൾ അവശേഷിക്കുന്ന വനങ്ങളും കയ്യേറുന്നതാണ് മറ്റൊരു ഭീഷണി. മദ്രാസ് ക്രിസ്ത്യൻ കോളേജ് സ്ഥാപിച്ചപ്പോൾത്തന്നെ അതിന്റെ വിശാലമായ പരിസരം മുഴുവൻ ബ്രിട്ടീഷുകാർ വൃക്ഷങ്ങൾ നട്ടുവളർത്തി. അതുകൊണ്ട് ചെന്നൈയിലെ അത്യുഷ്ണത്തിൽ നിന്നും അവിടം മോചിതമാണ്. വികസിതരാജ്യങ്ങളുടെ മൊത്തം വിസ്തീർണത്തിൽ നല്ലൊരുഭാഗം വനമായി



സംരക്ഷിക്കപ്പെടുന്നു. എന്നാൽ കേരളത്തിൽ വനത്തിന്റെ വിസ്തീർണം നാമമാത്രമാണ്.

പോർച്ചുഗീസ് അധിനിവേശത്തെത്തുടർന്ന് മൗറീഷ്യസ്സിലെ ഡോഡോ പക്ഷികളും അവയുടെ വിസർജ്യത്തിൽക്കൂടി പുറത്തുവന്നാൽ മാത്രം മുളയ്ക്കുന്ന കവേറിയ മരത്തിന്റെ വിത്തുകളും ഇല്ലാതായി. ഇത് നമുക്കും പാഠമായിരിക്കട്ടെ. പരിസ്ഥിതി ഒരിക്കൽ നശിച്ചാൽ അതിനെ പുനഃസൃഷ്ടിക്കാൻ നിവൃത്തിയില്ല. പരിസ്ഥിതിനാശം മൂലം വരൾച്ച, അതിവൃഷ്ടി, ചുഴലിക്കാറ്റുകൾ, സൂര്യാഘാതം, സമുദ്രജലനിരപ്പിന്റെ ഉയർച്ച, ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകൽ, ഭക്ഷ്യോത്പാദനത്തിലെ കമ്മി, കണ്ടൽക്കാടുകളുടെ നാശം തുടങ്ങി വളരെ രൂക്ഷമായ പ്രതിസന്ധികളെയാണ് നാം അഭിമുഖീകരിക്കാൻ പോകുന്നത്. ആഫ്രിക്കയിൽ രാജ്യങ്ങളെയായിരിക്കും ഭക്ഷ്യപ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിക്കുക.

മാലിന്യസംസ്കരണമാണ് കേരളം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. വീടുകൾ, ഹോട്ടലുകൾ, ഭക്ഷ്യസംസ്കരണശാലകൾ ആദിയായവയിലെ ഖരജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കാര്യക്ഷമമായ സംവിധാനം ഇവിടെ നിലവിലില്ല. മാലിന്യസംസ്കരണ വിഷയത്തിൽ തദ്ദേശസ്ഥാപനങ്ങളും സർക്കാർ പൊതുജനസംഘടനകളും വിവാദത്തിൽ ഏർപ്പെടുന്നത് പ്രതിസന്ധികൾ സൃഷ്ടിക്കാറുണ്ട്. മാലിന്യങ്ങൾ അടിഞ്ഞുകൂടി സാംക്രമികരോഗങ്ങൾ വ്യാപിക്കുന്നതിന് ഇത് ഇടംനൽകുന്നു. ജനജീവിതത്തിന്റെ ധമനികൾ എന്നുവിശേഷിപ്പിക്കാവുന്ന ആറുകൾ പലതും വൃത്തിഹീനമായി മൃതപ്രായമായി മാറിക്കൊണ്ടിരിക്കുന്നു. 'പർവതനിരയുടെ പനിനീരെന്നും' മറ്റും കവികൾ പാടിപ്പുകഴ്ത്തിയ നദികൾ രോഗംപരത്തുന്ന മാലിന്യവാഹിനികളായിരിക്കുന്നു. അമിത ചൂഷണം മൂലം വരാൽ പോലുള്ള ശുദ്ധജല മത്സ്യങ്ങളും വംശനാശം നേരിടുന്നു.

പ്രകൃതി സംരക്ഷണത്തിനുവേണ്ടി അന്താരാഷ്ട്രതലത്തിൽ പലശ്രമങ്ങളും നടക്കുന്നുണ്ട്. വിവിധ രാഷ്ട്രങ്ങൾ ഒത്തുചേർന്ന് കാലാവസ്ഥാവ്യതിയാനത്തെപ്പറ്റി പഠിക്കാൻ ഏർപ്പെടുത്തിയ കമ്മിറ്റിയുടെ (Inter Governmental panel on climate change) കണ്ടെത്തലനുസരിച്ച് 1970 നുശേഷം ആഗോളതാപനത്തിൽ 70 ശതമാനം വർധന ഉണ്ടായതായി കാണുന്നു. വ്യാവസായിക വിപ്ലവത്തിനുമുമ്പ് അന്തരീക്ഷത്തിൽ യൂണിറ്റ് ഒന്നിന് 280 കാർബൺ കണികകൾ മാത്രമുണ്ടായിരുന്നത് 2005 ൽ 380 കണികകളായി വർധിച്ചു. കാർബൺഡയോക്സൈഡിന്റെ ആധിക്യം നിമിത്തം ഈ നൂറ്റാണ്ടിൽത്തന്നെ 1.4 മുതൽ 5.8 ഡിഗ്രി സെൽഷ്യസ് വരെ അന്തരീക്ഷ ഊഷ്മാവ് വർധിക്കുവാൻ സാധ്യതയുള്ളതായി ശാസ്ത്രജ്ഞന്മാർ അനുമാനിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതിവികസന കോൺഗ്രസിന് 1992 ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ ഒരു ഭൗമസമ്മേളനം നടത്തുകയുണ്ടായി. 178 ലോക രാഷ്ട്രങ്ങൾ പങ്കെടുത്ത ഈ സമ്മേളനം പരിസ്ഥിതി സംരക്ഷണത്തിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും ഏതാനും ഉപസംഘങ്ങൾക്കു രൂപം നൽകി. വികസ്വരരാഷ്ട്രങ്ങൾക്ക് സാങ്കേതിക വിദ്യകൾ കൈമാറുന്നതിനും സാമ്പത്തിക സഹായം നൽകുന്നതിനും ആവശ്യമായ നടപടികൾക്ക് ഈ സമ്മേളനം രൂപകല്പന നടത്തുകയുണ്ടായി. വ്യക്തികൾ ആയിരിക്കണം സുസ്ഥിരവികസനത്തിന്റെ മുഖ്യവക്താക്കളെന്ന് റിയോ പ്രഖ്യാപനം നിർദേശിച്ചു. വരുംതലമുറകൾക്കുകൂടി ജീവിക്കാ

ഭാവി കേരളത്തിന് പച്ചക്കുടയുടെ തണലൊരുക്കാൻ സർക്കാർ ആവിഷ്കരിച്ച പങ്കാളിത്ത പരിസ്ഥിതി പരിപാലനപദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ ജൂൺ മൂന്നിന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം നിർവഹിച്ചു.

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പരിസ്ഥിതി സംരക്ഷണത്തിനുള്ള പ്രായോഗികമാർഗമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. പരിസ്ഥിതി സംരക്ഷിക്കാൻ നിയമങ്ങൾ അനിവാര്യമാണെങ്കിലും പരിസ്ഥിതിസംരക്ഷണത്തെ കുറിച്ച് അവബോധം ഉൾക്കൊണ്ടുള്ള ജനകീയ പ്രവർത്തനങ്ങൾ കേരളത്തിന് അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു. ഭാവി വാഗ്ദാനങ്ങളായ വിദ്യാർഥികൾ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ ആശയമുൾക്കൊള്ളാനും അത് പ്രചരിപ്പിക്കാനും തയാറാകണം. ഒരു മണിക്കൂറിൽ 10 ലക്ഷം വൃക്ഷത്തൈകൾ നടുന്ന പദ്ധതിയിലൂടെ രൂപപ്പെടുന്ന വലിയ കൂട്ടായ്മ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ പശ്ചിമഘട്ട മേഖല മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. പശ്ചിമഘട്ട മേഖല മറ്റ് സംസ്ഥാനങ്ങൾക്ക് വിഭവ സമാഹരണത്തിനുള്ള ഉറവിടമാണെങ്കിൽ കേരളത്തിൽ അത് ജനവാസ മേഖലയാണ്. അതിനാൽ ഈ മേഖലയിൽ പരിസ്ഥിതി സംരക്ഷണത്തോടൊപ്പം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതുണ്ട്. കസ്തൂരിരംഗൻ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകളെകുറിച്ചും തീരദേശ നിയ



**മാലദ്വീപുകൾ : ചെറിയ ദ്വീപ സമൂഹങ്ങളുടെ സുരക്ഷയാണ് 2014 അന്താരാഷ്ട്ര പരിസ്ഥിതിദിന പ്രമേയം**

നുള്ളതാണ് ഈ ഭൂമിയെന്ന് സമ്മേളനം ഉദ്ബോധിപ്പിച്ചു. ദാരിദ്ര്യനിർമാർജനത്തിനും പിന്നോക്കരാഷ്ട്രങ്ങളുടെ ഉദ്ധാരണത്തിനും ഊന്നൽ കൊടുക്കുകയും ചെയ്തു. ഓരോ രാജ്യത്തെയും ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സാങ്കേതികസഹായങ്ങൾ ലഭ്യമാക്കാനും നിർദേശങ്ങൾ നൽകി. 1985 ലെ വിയന്നാ കൺവെൻഷനും 1987 ലെ മോൺട്രിയാൽ മാർഗരേഖയും ഓസോൺപാളികളുടെ സംരക്ഷണത്തിനുള്ള അന്താരാഷ്ട്ര നടപടികളാണ്. 1992 ൽ ലോകരാഷ്ട്രങ്ങളുടെ പ്രതിനിധികൾ ഒപ്പിട്ട ക്യോട്ടോ ഉടമ്പടി ഓരോ രാജ്യാതിർത്തിക്കുള്ളിലെയും ഹരിതവാതകങ്ങളുടെ അളവ് നിശ്ചിത പരിധിക്കുള്ളിൽ നിജപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്.

നാമോരോരുത്തരുടെയും ആത്മാർഥവും പ്രതിജ്ഞാബദ്ധവുമായ പ്രവർത്തനങ്ങൾ മാത്രമേ ഭൂമിയെ രക്ഷിക്കൂ. മാതാവിന്റെ ജീവൻ മക്കൾക്ക് വിലപ്പെട്ടതാണ്. ■

# ഒരു പച്ചമരത്തണലൊരുക്കാൻ



**പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് നിർവഹിക്കുന്നു**

ന്ത്രണ നിയമത്തിന്റെ പ്രായോഗികതയെ കുറിച്ചും പ്രധാനമന്ത്രിയുമായി ചർച്ച നടത്തിയതായും മുഖ്യമന്ത്രി പറഞ്ഞു. പരിസ്ഥിതി സംരക്ഷണത്തിന് പരിസ്ഥിതി നയം രൂപീകരിക്കും. ജനപങ്കാളിത്തത്തോടെയുള്ള പരിസ്ഥിതി സംരക്ഷണ പദ്ധതി കേരളചരിത്രത്തിൽ ആദ്യമായാണ് നടപ്പിലാക്കുന്നത്. പദ്ധതി വിജയിപ്പിക്കുന്നതിനും സഹകരണമുറപ്പാക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലേക്കും കത്തയച്ചിട്ടുണ്ടെന്നും അധ്യക്ഷ പ്രസംഗത്തിൽ വനം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ചടങ്ങിൽ സുഗതകുമാരി മുഖ്യാതിഥിയായിരുന്നു. വനംവന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പി. കെ. മൊഹന്തി, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് സെക്രട്ടറി ശ്രീകണ്ഠൻ നായർ, ഫോറസ്ട്രി പി.സി.സി.എഫ്. രാജശേഖൻപിള്ള തുടങ്ങിയവർ സംബന്ധിച്ചു. അന്താരാഷ്ട്ര പരിസ്ഥിതിദിനമായ ജൂൺ അഞ്ചിന് 'ഹരിതസമയ'ത്തിൽ സംസ്ഥാനത്തുടനീളം വൃക്ഷത്തൈകൾ നട്ടു. ■

സി.പി. ബിനീഷ്

# കാൽപ്പന്തുകളിയുടെ മഹാമേള



**ഭാഷയും ദേശവും സമ്പത്തും അതിരിടാത്ത കായികകലയുടെ മഹത്തായ ദിനങ്ങളിലേക്ക് ലോകം ഒറ്റമനസ്സോടെ ആർത്തുയരുമ്പോൾ**

ഊണിലും ഉറക്കത്തിലും പന്തിനൊപ്പം ഉരുളുന്നവരാണ് ബ്രസീലുകാർ. കാൽപ്പന്തുകളിയെ അത്രമേൽ സ്നേഹിക്കുന്ന ഈ ലാറ്റിനമേരിക്കൻ രാജ്യത്തിനൊപ്പം ലോകം ഒരു തുകൽ പന്തിലേക്ക് ചുരുങ്ങുന്ന ദിനരാത്രങ്ങൾക്കാണ് ജൂൺ 12ന് വിസിൽ മുഴങ്ങിയത്. ബ്രസീൽ ലോകകപ്പ് ഫുട്ബാൾമേളയുടെ ആരവത്തിലേക്ക് നാടും നഗരവും അമർന്നുകഴിഞ്ഞു. പട്ടിണിയും പരിവട്ടവും നിറഞ്ഞ ബ്രസീലിൽ അന്നാട്ടുകാർക്ക് ഫുട്ബാൾ എന്നത് എല്ലാം മറക്കാനുള്ള വിനോദവും ഒരു നേരത്തെ ആഹാരവും കൂടിയാണ്. ലയണൽ മെസ്സി, നെയ്മർ, റൊണാൾഡോ, വെയ്ൻ റൂണി, ഫ്രാങ്ക് റിബറി, ആര്യൻ റോബൻ.... ആധുനിക ഫുട്ബാളിലെ ലോകോത്തര നിര സ്വന്തം



മെസ്സി



നെയ്മർ



രാജ്യത്തിന്റെ കൊടിക്കീഴിൽ പരസ്പരം കൊമ്പുകോർക്കുമ്പോൾ, അതിർത്തികൾ ഭേദിച്ചെത്തുന്ന കളിയഴക് ആരാധകർ ഹൃദയത്തിൽ ഏറ്റുവാങ്ങിക്കഴിഞ്ഞു. മലപ്പുറത്തെ അരീക്കോട് മുതൽ അങ്ങ് ആഫ്രിക്കൻ വൻകരയിലെ കുഞ്ഞുഗ്രാമങ്ങൾ വരെ ഫുട്ബോൾ ഉത്സവത്തിന്റെ കാഴ്ചവസന്തം ആഘോഷിക്കുകയാണ്. വിവിധ മേഖലകളിൽ നിന്ന് യോഗ്യതാ റൗണ്ട് കളിച്ചെത്തിയ 32 ടീമുകളാണ് എട്ടുഗ്രൂപ്പുകളിലായി ബ്രസീൽ ആതിഥേയത്വം വഹിക്കുന്ന 2014 ഫിഫ ലോകകപ്പിൽ അണിനിരക്കുന്നത്. 736 താരങ്ങൾ കളത്തിലിറങ്ങുന്നു. ആമസോൺ കാടുകളിലടക്കം രാജ്യത്തെ 12 നഗരങ്ങളിലൊരുക്കിയ വേദികളിൽ 48 ഗ്രൂപ്പ് മത്സരങ്ങളടക്കം 64 പോരാട്ടങ്ങളാണ് അരങ്ങേറുക. ബ്രസീലിൽ ഇത് രണ്ടാം തവണയാണ് ലോകകപ്പ് വിരുന്നെത്തുന്നത്. 1950 ലാണ് ഇതിന് മുമ്പ് ഫുട്ബോൾ ചക്രവർത്തി പെലെയുടെ നാട് ലോകഫുട്ബാളിന് വേദിയൊരുക്കിയത്. അന്ന് മാരക്കാന സ്റ്റേഡിയത്തിലെ ഫൈനലിൽ ഉറുഗ്വെയോടേറ്റ തോൽവി, തലമുറകൾ കഴിഞ്ഞും ബ്രസീലിന്റെ നെഞ്ചിൽ ഒരു ദുരന്തമായി അവശേഷിക്കുന്നുണ്ട്. ഇത്തവണ റയോഡെ ജെനീറോയാണ് ഫൈനൽ മത്സരത്തിന്റെ വേദി. ജൂലൈ 13 ന്.



റൊണാൾഡോ



ഫിലിപ്പ് ലാം

## പോരിടം, പോരാളികൾ

എട്ടു ഗ്രൂപ്പുകളിൽ സ്പെയിൻ, നെതർലൻഡ്സ്, ചിലി, ആസ്ട്രിയ എന്നിവരുൾക്കൊള്ളുന്ന ബി ഗ്രൂപ്പും ഉറുഗ്വായ്, കോസ്റ്ററിക്ക, ഇംഗ്ലണ്ട്, ഇറ്റലി എന്നിവർ ഉൾപ്പെടുന്ന ഡി ഗ്രൂപ്പുമാണ് മരണഗ്രൂപ്പായി വിലയിരുത്തപ്പെടുന്നത്. അമേരിക്ക, ജർമനി, പോർച്ചുഗൽ, ഘാന എന്നിവരടങ്ങിയ ജി ഗ്രൂപ്പിലും കടുത്ത മത്സരങ്ങളാണ് നടക്കുക. ആതിഥേയരായ ബ്രസീലിന് എ ഗ്രൂപ്പിലാണ് സ്ഥാനം. ക്രൊയേഷ്യയും മെക്സിക്കോയും കാമറൂണുമാണ് ആദ്യഗ്രൂപ്പിലെ മറ്റ് ടീമുകൾ. ജൂൺ 12 ന് (ഇന്ത്യൻ സമയം ജൂൺ 13 ന് പുലർച്ചെ 1.30) ക്രൊയേഷ്യയുമായി ബ്രസീൽ കൊമ്പുകോർത്തതോടെയാണ് ഫുട്ബാൾ മാമാങ്കത്തിന് കൊടിയുയർന്നത്. കഴിഞ്ഞ വർഷത്തെ ജേതാക്കളായ സ്പെയിനും രണ്ടാംസ്ഥാനക്കാരായ നെതർലൻഡ്സും അണിനിരക്കുന്ന ബി ഗ്രൂപ്പിൽ അങ്കം തീപാറും. ചിലി, ആസ്ട്രേലിയ എന്നീ ടീമുകളാണ് ബി ഗ്രൂപ്പിലെ മറ്റ് ടീമുകൾ. അത്ഭുതങ്ങളൊന്നും നടന്നില്ലെങ്കിൽ സ്പെയിനും ഓറഞ്ചുപടയായ നെതർലൻഡ്സും പ്രീക്വാർട്ടറിലേക്ക് മാർച്ച് ചെയ്യും.


കൊളംബിയയും ഗ്രീസും ഐവറി കോസ്റ്റും ജപ്പാനും ഗ്രൂപ്പ് സിയിൽ നിരന്നു നിൽക്കുന്നു. കൊളംബിയയുടെ സൂപ്പർ താരം റഡാമൽ ഫൽക്കാവോ പരിക്ക് കാരണം കളത്തിലിറങ്ങാത്തത് കൊളംബിയൻ ആരാധകരെ നിരാശരാക്കിയിട്ടുണ്ട്. ആഫ്രിക്കൻ വന്യതയുമായുമായെത്തുന്ന ഐവറികോസ്റ്റ് 'സി' ഗ്രൂപ്പിലെ തകർപ്പൻ ടീമാണ്. ദിദിയർ ദ്രോഗ്ബ, യായ ടൂറെ തുടങ്ങിയ താരങ്ങളുടെ സാന്നിധ്യം 'ആനക്കൂട്ട'ത്തെ ആരാധകർക്ക് പ്രിയപ്പെട്ടതാക്കുന്നു. മറ്റൊരു മരണഗ്രൂപ്പാണ് ഗ്രൂപ്പ് ഡി. മുൻജേതാക്കളായ ഇറ്റലിക്കും ഇംഗ്ലണ്ടിനുമൊപ്പം കഴിഞ്ഞ വർഷത്തെ സെമിഫൈനലിസ്റ്റുകളും കോപ അമേരിക്ക ജേതാക്കളുമായ ഉറുഗ്വെയും ഡി ഗ്രൂപ്പിനെ പ്രവചനാതീതമാക്കുന്നു. കോസ്റ്ററീകയാണ് ഡി ഗ്രൂപ്പിലെ നാലാമൻ. മുൻജേതാക്കളായ ഫ്രാൻസിന് ഗ്രുപ്പ് ഇയിലാണ് ഇടം. സ്വിറ്റ്സർലൻഡും ഇക്വഡോറും ഹോണ്ടുറാസും ഇ ഗ്രൂപ്പിലുണ്ട്. കളിപ്രേമികളുടെ പ്രിയപ്പെട്ട അർജന്റീനക്കൊപ്പം എഫ് ഗ്രൂപ്പിലാണ് ബോസ്നിയ ഹെർസഗോവിനയും ഇറാനും നൈജീരിയയും. ജർമനിയും പോർച്ചുഗലും ഘാനയും യു.എസ്.എയും ഗ്രൂപ്പ് ജിയിലെ കളിസംഘങ്ങളാണ്. എച്ച് ഗ്രൂപ്പിൽ ബെൽജിയവും അൾജീരിയയും റഷ്യയും ദക്ഷിണ കൊറിയയും പോരാട്ടത്തിനിറങ്ങുന്നു.



ദ്രോഗ്ബ

## കിരീടത്തിലേക്ക് പന്തടിക്കാൻ

ആതിഥേയരെന്ന നിലയിൽ കിരീടം സ്വന്തമാക്കാനുറച്ച് തന്നെയാണ് കോച്ച്



റോബൻ



സുവാരസ്



ഫിലിപ്പ് സ്കൊളാരിക്ക് കീഴിൽ പുത്തൻ തന്ത്രങ്ങളുമായി ബ്രസീൽ കളത്തിലിറങ്ങുന്നത്. ലോകത്തിൽ ഏറ്റവും കുടുതൽ ആരാധകരുള്ള മഞ്ഞപ്പടക്ക് തന്നെയാണ് കളി നിരീക്ഷകർ ഇക്കുറി കുടുതൽ കിരീട സാധ്യത കൽപ്പിക്കുന്നത്. നെയ്മർ എന്ന സൂപ്പർ താരം സന്നാഹമത്സരങ്ങളിൽ മികച്ച ഫോമിൽ കളിക്കുന്നത് ബ്രസീൽ ആരാധകർക്ക് ആവേശവും പ്രതീക്ഷയും പകരുന്നു. നെയ്മറെ കേന്ദ്രീകരിച്ചാണ് ബ്രസീലിന്റെ പ്രതീക്ഷകൾ. സ്പാനിഷ് ലീഗിൽ ബാഴ്സലോണക്ക് വേണ്ടി കളിക്കുന്ന ഈ യുവതാരം ഫോമിലേക്കുയർന്നാൽ കപ്പ് രാജ്യം വിടില്ലെന്നാണ് കോച്ച് സ്കൊളാരിയുടെ കണക്കുകൂട്ടൽ. നിലവിലെ ചാമ്പ്യന്മാരായ സ്പെയിൻ, ലാറ്റിനമേരിക്കൻ വമ്പന്മാരായ അർജന്റീന എന്നിവക്ക് പുറമെ നെതർലൻഡ്സ്, ജർമനി, ഇംഗ്ലണ്ട്, പോർ



ച്ചുഗൽ തുടങ്ങിയ യൂറോപ്യൻ ശക്തികളും പ്രവചന പട്ടികയിൽ മുൻ നിരയിലുണ്ട്. നെയ്മറിന് കനത്ത വെല്ലുവിളിയുമായി ലയണൽ മെസ്സിയുടെ അർജന്റീനയുണ്ട്. യാവിയർ മഷറാനോയും സെർജിയോ അഗ്യൂറോയും പാബ്ലോ സബലേറ്റയുമെല്ലാം അർജന്റീനയുടെ തുറുപ്പുചുട്ടുകളാണ്. യൂറോപ്യൻ ഫുട്ബാളിൽ നിറഞ്ഞു നിൽക്കുന്ന ക്രിസ്റ്റ്യാനോ റൊണാൾഡോയെ കേന്ദ്രീകരിച്ചാണ് പോർച്ചുഗലിന്റെ സാധ്യതകൾ. എന്നാൽ കാൽ മുട്ടിനും തുടക്കുമേറ്റ പരിക്ക് റൊണാൾഡോക്ക് വിനയാകുകയാണ്.



പഴയ പടക്കുതിരകളുമായെത്തുന്ന സ്പെയിനും ശക്തമാണ്. 'മിനിമം ഗ്യാരന്റി' ടീമായ ജർമനി ഇത്തവണ കപ്പുനേടുമെന്ന വാശിയിലാണ്. ഫിലിപ്പ് ലാം അടക്കമുള്ള ചില താരങ്ങൾക്ക് പരിക്കുണ്ടെങ്കിലും ജർമൻകാർ എതിരാളികൾക്ക് പേടിസ്വപ്നമാണ്. അതേസമയം യുവനിരയുമായെത്തുന്ന ബെൽജിയവും ലാറ്റിനമേരിക്കൻ കളിക്കരുത്തിന്റെ മറ്റൊരു മുഖമായ കൊളംബിയയും ശ്രദ്ധിക്കപ്പെടുന്നവർ തന്നെ. ജപ്പാൻ, ഇറാൻ എന്നിവരാണ് ഇത്തവണ ഏഷ്യയെ പ്രതിനിധീകരിച്ച് ലോകകപ്പിനെത്തുന്നത്. ആഫ്രിക്കൻ കരുത്തുമായെത്തുന്ന കാമറൂൺ, ഘാന, ഐവറികോസ്റ്റ്, നൈജീരിയ എന്നിവർ ഏത് വമ്പന്മാരെയും വീഴ്ത്താൻ കരുത്തുള്ളവർ തന്നെയാണ്. ഏറെ പ്രതീക്ഷികളില്ലെങ്കിലും ലോകകപ്പിലെ പങ്കാളിത്തം തന്നെ വലിയ നേട്ടമായി കണ്ടാണ് ലോകത്തിലെ ദരിദ്ര രാഷ്ട്രങ്ങളിലൊന്നായ ബോസ്നിയ-ഹെർസോഗോവിന ബ്രസീലയിലെത്തുന്നത്.

## ബ്രസുക്ക, യന്ത്രക്കണ്ണുകൾ

പ്രമുഖ സ്പോർട്സ് ഉപകരണ നിർമാതാക്കാളായ അഡിഡാസ് നിർമിച്ച് നൽകുന്ന ബ്രസൂക്കയാണ് ബ്രസീൽ ലോകകപ്പിലെ പന്ത്. രണ്ട് വർഷത്തോളം നീണ്ട നിരീക്ഷണ പരീക്ഷണങ്ങൾക്കൊടുവിലാണ് ദക്ഷിണാഫ്രിക്കൻ ലോകകപ്പിലുപയോഗിച്ച ജബുലാനിയുടെ പിൻമുറക്കാരനായി ബ്രസൂക്ക പുറത്തിറങ്ങുന്നത്. ബ്രസീലിലെ വ്യത്യസ്തമായ കാലാവസ്ഥയിൽ വേഗത്തിലും നിയന്ത്രണത്തിലും വ്യത്യാസം വരാത്ത തരത്തിലാണ് രൂപകൽപനയെന്നതാണ് ബ്രസൂക്കയുടെ പ്രത്യേകത. പാകിസ്ഥാനിലെ സിയാൽക്കോട്ടിലാണ് ബ്രസൂക്ക പിറവിയെടുത്തത്. കളത്തിലെ മുഴുവൻ കാഴ്ചകളും ഒപ്പിയെടുക്കാൻ ബ്രസുക്ക പന്തിൽ ആറ് ഹൈഡെഫനിഷൻ കാമറകളുണ്ടാകും. ബ്രസൂക്ക എന്നാൽ ബ്രസീലിയൻ ജീവിതരീതി എന്നാണ് അർഥം. ഗോൾ നിർണയത്തിലെ പിഴവുകൾ ഒഴിവാക്കുന്നതിന് ഗോൾലൈൻ ടെക്നോളജി സംവിധാനം ഉപയോഗിക്കുന്ന ആദ്യലോകകപ്പ് കൂടിയാണിത്. പന്ത് ഗോൾലൈൻ കടന്നോയെന്ന് വ്യക്തമായി അറിയാൻ ഈ സാങ്കേതികവിദ്യ ഉപകരിക്കും. ഓരോ ഗോൾപോസ്റ്റിലും ഏഴ് വീതം കാമറകൾ



ഇതിനായി സ്ഥാപിക്കും. സ്റ്റേഡിയത്തിന്റെ മേൽക്കൂരയിലും ഇതിനായി കാമറകൾ സജ്ജീകരിക്കും. പന്ത് ഗോൾവര കടന്നാൽ, റഫറിയുടെ കയ്യിൽ കെട്ടിയ വാച്ചിൽ ഒരു വൈബ്രേഷനും ഗോൾ എന്ന് ഇംഗ്ലീഷിൽ എഴുതിക്കാണിക്കുകയും ചെയ്യും. പിറ്റ്ബുളും ജനിഫർ ലോപ്പസും ക്ലോഡിയ ലെയ്റ്റുംചേർന്നൊരുക്കിയ വീ ആർ വൺ (ഓലെ ഓല) എന്നുതുടങ്ങുന്നതാണ് ബ്രസീൽ ലോകകപ്പിലെ ഔദ്യോഗിക ഗാനം. കൊളംബിയൻ ഗായിക ഷാക്കിറയുടെ ലാ ലാ ല എന്ന ഗാനം രണ്ടാമത്തെ ഔദ്യോഗിക ഗാനമാണ്. ഫുലേകോ ഭാഗ്യചിഹ്നവും. 35 ദശലക്ഷം യുഎസ് ഡോളറാണ് ഫിഫ കപ്പിനൊപ്പം ജേതാക്കളെ കാത്തിരിക്കുന്നത്. രണ്ടാം സ്ഥാനക്കാർക്ക് 25 ദശലക്ഷം ഡോളർ ലഭിക്കും.



## അൽപം ചരിത്രം

1930 ലാണ് കന്നിലോകകപ്പ് ഫുട്ബാൾ അരങ്ങേറിയത്. ഉറുഗ്വേയിൽ നടന്ന ഫുട്ബാൾമേളയിൽ ആതിഥേയർ തന്നെയായിരുന്നു ജേതാക്കൾ. അർജന്റീനയെ 42ന് കീഴടക്കിയാണ് ഉറുഗ്വേ ചരിത്രത്തിലിടം നേടിയത്. 34 ലും 38 ലും ഇറ്റലിക്കായിരുന്നു കിരീടം. 82 ലും 2006 ലും അസൂറിപ്പട തന്നെ ലോകത്തിന്റെ നെറുകയിലെത്തി. ലോകമഹായുദ്ധത്തിന്റെ ഇടവേളക്ക് ശേഷം 1950 ൽ ലോകകപ്പ് പുനരാരംഭിച്ചപ്പോൾ ബ്രസീലിനായിരുന്നു കിരീടം. ലോകകപ്പിൽ ഏറ്റവും കൂടുതൽ തവണ കിരീടം നേടിയ ടീമെന്ന നേട്ടം ബ്രസീലിന് സ്വന്തമാണ്. 1958, 1962, 1970, 1994, 2002 വർഷങ്ങളിലാണ് അവർ ലോകകിരീടത്തിൽ മുത്തമിട്ടത്.

1954 ലും 74 ലും 90 ലും പശ്ചിമ ജർമനിയും 66 ൽ ഇംഗ്ലണ്ടും ജേതാക്കളായി. 78ലും 86 ലും അർജന്റീനയും കിരീടത്തിനുടമകളായി. 98 ൽ ഫ്രാൻസിനായിരുന്നു കിരീടം. കഴിഞ്ഞ തവണ സ്പെയിനും അതുല്യ നേട്ടം സ്വന്തമാക്കി.

ക്രിക്കറ്റിൽ ലോകജേതാക്കളാണെങ്കിലും കാൽപ്പന്തുകളിയിൽ നമ്മുടെ ഇന്ത്യക്ക് അവകാശപ്പെടാനൊന്നുമില്ല. നാടൊട്ടുക്ക് ഫുട്ബാൾ ആരാധകരുള്ള ഇന്ത്യ 1950ലെ ലോകകപ്പിൽ അർഹത നേടിയിരുന്നു. പല സുപ്രധാന ടീമുകളും പിന്മാറിയതിനെതുടർന്നാണ് നമുക്ക് അവസരം ലഭിച്ചത്. എന്നാൽ അന്നത്തെ ഫുട്ബാൾ ഫെഡറേഷൻ ടീമിനെ അയക്കാതിരുന്നതോടെ അസുലഭ അവസരം മുതലാക്കാനായില്ല. ■



■ സയൻസൺ പുന്നശ്ശേരി


# അറബിപ്പൊന്നിന്റെ തിളക്കം പോലെ ഉരുക്കാലം

**കടൽ താണ്ടിയെത്തുന്ന കേരളപ്പെരുമയാണ് ഇന്നും ബേപ്പൂരിലെ ഉരു നിർമാണം**

മലബാറിന്റെ പെരുമ കടലുകടത്തിയതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഉരു. കപ്പലുകളെ വെല്ലുന്ന സൗകര്യങ്ങളുമായി എത്രയെത്ര ഉരുക്കളാണ് ഇവിടെ നിന്ന് നീറ്റിലിറങ്ങി കരകാണാത്ത കടലിനെ അതിജീവിച്ച് തീരങ്ങളിൽ എത്തി ജീവിതത്തിന്റെ പ്രതീക്ഷകൾക്ക് തൊങ്ങലുകൾ ചാർത്തിയത്. നിലമ്പൂരിലെ കടുപ്പമേറിയ തേക്കുതടികളും കംപ്യൂട്ടറിനെ വെല്ലുന്ന തലച്ചോറുള്ള ബേപ്പൂരിലെ ആശാരിമാരും ചേരുമ്പോൾ മനോഹരമായ ഉരു രൂപം കൊള്ളുകയായി. രണ്ടായിരം വർഷത്തിലധികം പഴക്കമുള്ള ലോകത്തിലെ പ്രാചീന തുറമുഖങ്ങളിൽ ഒന്നുകൂടിയാണ് ബേപ്പൂർ. വെയ്പുരം എന്നും വടക്കൻ പരപ്പനാട് എന്നുമാണ് അന്ന് അറിയപ്പെട്ടിരുന്നത്. വിദേശികൾ ബേപ്പൂർ തുറമുഖത്തെ ഓഫിർ എന്നും വിളിച്ചിരുന്നു.

ലോകത്തെ ആദ്യത്തെ കപ്പൽ നിർമാണശാല, ഓഫിർ എന്ന ബേപ്പൂരിലായിരുന്നു എന്ന് ചരിത്രം പറയുന്നു. കോഴിക്കോട്ട് കപ്പലുണ്ടാക്കി വിദേശത്ത് വിറ്റിരുന്നുവെന്ന് സഞ്ചാരി അൽ ബറൂണിയാത്രാ വിവരണത്തിൽ എഴുതിയിട്ടുണ്ട്. മുഴക്കോലും ചോക്കും കൊണ്ട് ഭീമാകാരമായ ഉരുക്കളുടെ രൂപം മനക്കണക്കുകൂട്ടി വരച്ച് തെറ്റാതെ നിർമിച്ചു നൽകുന്ന ബേപ്പൂരിലെ തച്ചന്മാർ വിസ്മയമാണ്. താവഴികളായി കൈമാറി വരുന്ന അറിവിന്റെ ലോകമാണത്. ഇക്കാലത്തും കംപ്യൂട്ടറോ മറ്റ് സാങ്കേതിക വിദ്യകളോ ഈ മേഖല പ്രയോജനപ്പെടുത്തുന്നില്ല

1806 ൽ ജിബ്രാൾട്ടർ കടലിടുക്കിനരികെ, ലോകപ്രസിദ്ധമായ ട്രഫാർഗർ യുദ്ധത്തിൽ ഫ്രഞ്ച് ഭരണാധികാരി നെപ്പോളിയനെ



ബ്രിട്ടീഷുകാർ ആദ്യമായി തോൽപ്പിച്ചു. ആ കടൽ യുദ്ധത്തിന് ബ്രിട്ടിഷുകാർ ഉപയോഗിച്ചത് ബേപ്പൂരിൽ നിർമിച്ച ഉരുക്കളായിരുന്നു. ബ്രിട്ടീഷുകാർക്ക് ബേപ്പൂരിനോടുള്ള മതിപ്പ് വർധിക്കാൻ ഇടയാക്കി.

നിലമ്പൂർ വനങ്ങളിൽ വ്യാപകമായി തേക്ക് വളർത്താനും ബേപ്പൂർ തുറമുഖം വികസിപ്പിക്കാനും ബ്രിട്ടീഷുകാർക്ക് പ്രചോദനമായത് നെപ്പോളിയനുമേൽ നേടിയ ഈ വിജയമായിരുന്നു. നിലമ്പൂർ തേക്കിന്റെ ഉറപ്പും ബേപ്പൂരിലെ തച്ചൻമാരുടെ കരവിരുതും ഒത്തുചേർന്ന് ബേപ്പൂരിൽ പിറവികൊണ്ട യാനങ്ങൾ ലോകത്തിനു പ്രിയപ്പെട്ടതായിരുന്നു,

ഇടക്കാലത്ത് തളർച്ച നേരിട്ട ബേപ്പൂരിലെ ഉരു നിർമാണ മേഖല ഇപ്പോൾ വീണ്ടും സജീവമാകുകയാണ്. തൊഴിലാളികളുടെ കൂട്ടായ്മയിൽ വിരിയുന്ന ശബ്ദങ്ങളാൽ മുഖരിതമാണ് ബേപ്പൂർ. നേരത്തെ ചരക്ക് കൊണ്ടു പോകാനുള്ള യാനങ്ങളാണ് ബേപ്പൂരിൽ നിർമിച്ചിരുന്നെങ്കിൽ ഇപ്പോൾ ഉല്ലാസ നൗകകൾക്ക് വഴിമാറിയിരിക്കുന്നു. നിലവിൽ ഖത്തറിലേക്കുള്ള നാല് ഉല്ലാസ നൗകകളാണ് ബേപ്പൂരിൽ നിർമിച്ചു കൊണ്ടിരിക്കുന്നത്. ഖത്തർ രാജവംശത്തിനായാണ് ഇവ നിർമിക്കുന്നത്. താമസം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്ന ഒഴുകുന്ന കൊട്ടാരങ്ങളാവും ഇവ.

## അറേബ്യയിലെത്തിയ പെരുമാൾ

അറേബ്യയിൽ ബേപ്പൂരിലെ ഉരു നിർമാണ മേഖല പ്രശസ്തിയാർജിച്ചത് ചേരമാൻ പെരുമാളിന്റെ മക്കാ സന്ദർശനത്തോടെയാണ്. കോഴിക്കോട് ഭരിച്ചിരുന്ന പെരുമാക്കന്മാരിൽ അവസാനത്തെ കണ്ണിയായിരുന്നു ചേരമാൻ. ഇസ്ലാം മതം സ്വീകരിച്ച പെരുമാൾ മക്കയ്ക്ക് പോകാൻ തീരുമാനിച്ചു. മക്കയ്ക്ക് പോകാനുള്ള ഉരു നിർമിക്കാൻ പാച്ചു എന്ന മേസ്തിരിയെ ചുമതലയേൽപ്പിച്ചു. നിലമ്പൂർ വനത്തിൽ നിന്ന് തേക്കുതടികൾ സുലഭമായെത്തി. ബേപ്പൂരിലെ കരുവൻ തുരുത്തിയിൽ പാച്ചു മേസ്തിരി ഉരു നിർമാണം തുടങ്ങി. മേസ്തിരിക്ക് പെരുമാൾ താമസമൊരുക്കിയത് കോഴിക്കോട് കല്ലായിയിലെ ഇടത്തിൽ തറവാടിന്റെ പടിക്കലാണ്. ഒരു വർഷത്തിനകം പെരുമാൾക്ക് മക്ക യാത്രക്കുള്ള ഉരു പാച്ചു മേസ്തിരിയും സംഘവും ഒരുക്കി. പെരുമാൾ മക്കയിലെത്തിയ ഉരുവിന്റെ ഭംഗികണ്ട് അറബികൾ കാര്യങ്ങൾ തിരക്കി തുടങ്ങി. അങ്ങിനെ അറേബ്യൻ നാടുകളിൽ നിന്ന് ഉരു നിർമാണത്തിന് ഓർഡറുകളുമായി അറബികൾ ബേപ്പൂരിലേക്ക് ഒഴുകാൻ തുടങ്ങിയെന്ന് ചരിത്രം. ഇപ്പോഴും ബേപ്പൂരിലെ



ഉരു നിർമാണ മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്നത് പാച്ചു മേസ്തിരിയുടെ പിൻമുറക്കാരായ പടിക്കൽ തറവാട്ടുകാർ തന്നെ. ബേപ്പൂരിൽ ഇപ്പോൾ നിർമിക്കുന്ന നാല് ഉരുക്കളുടെയും മേസ്തിരി ഇടത്തും പടിക്കൽ സത്യനാണ്.

അറേബ്യയിൽ എണ്ണയുടെ സാന്നിധ്യം കണ്ടു പിടിക്കുന്നതിനും വളരെ മുമ്പ് തന്നെ അറേബ്യയും ബേപ്പൂരുമായി ബന്ധമുണ്ടായിരുന്നു. വ്യാപാരമായിരുന്നു അന്ന് അവരുടെ പ്രധാന തൊഴിൽ. കടൽ മാർഗമുള്ള വ്യാപാരത്തിന് ഉപയോഗിച്ചിരുന്നത് ബേപ്പൂരിൽ നിന്നു നിർമിച്ചു വാങ്ങുന്ന ഉരുക്കളായിരുന്നു.

ബൂം, സമ്പൂക്ക്, കൊട്ടിയ, ബിരിക്ക് അങ്ങനെ ഉരുക്കളുടെ മോഡലുകളും വ്യത്യസ്തം. മോഡലുകൾക്കനുസരിച്ച് അണിയം (മുൻഭാഗം) അമരം (പിൻഭാഗം)



എന്നിവയ്ക്ക് രൂപത്തിൽ വ്യത്യാസമുണ്ടാവും. ചരക്കുകൾ കൊണ്ടുപോകാനുള്ള നൗകകളിൽ നിന്നു മാറി ഉല്ലാസ നൗകകൾ ബേപ്പൂരിൽ പിറവി കൊള്ളാൻ തുടങ്ങിയത് 1977 ലാണ്. യു.എ.ഇയിലെ റാസൽ ഖൈമ ഭരണാധികാരിയായ ശൈഖ് സഖർ ബിൻ അൽ ഖാസിമിനായിരുന്നു ആദ്യ ഉല്ലാസ നൗക നിർമിച്ചത്. ശീതികരിച്ച മുറികളുമായി ശരിക്കും ഒരു ഒഴുകുന്ന കൊട്ടാരം. റാസൽ ഖൈമ രാജാവിന് അദ്ദേഹത്തിന്റെ പ്രിയ സുഹൃത്ത് യു.എ.ഇയിലെ വ്യാവസായിക പ്രമുഖനായ ഇബ്രാഹിം സാലിയാണ് ബേപ്പൂരിൽ നിർമിച്ച് ഈ ഒഴുകുന്ന കൊട്ടാരം സമ്മാനിച്ചത്.

1983 ൽ കുവൈത്തിലെ ഹുസൈൻ മാറാഫി, ഒഴുകുന്ന റസ്റ്ററൻറ് ബേപ്പൂരിൽ നിന്ന് നിർമിച്ച് വാങ്ങി. അൽഖസീർ എന്ന പേരിൽ കുവൈറ്റിൽ ഒഴുകുന്ന റസ്റ്ററന്റാണ് ഈ ഉരു ഇപ്പോഴും. 88 പേർക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന സൗകര്യം ഈ ഒഴുകുന്ന റസ്റ്ററൻറിലുണ്ട്. ഒപ്പം സൂര്യപ്രകാശമേറ്റ് വിശ്രമിക്കാവുന്ന സൺ ഡക്ക്, ഇരുപതോളം പേർക്ക് ഇരിക്കാവുന്ന കോഫി ടീ സലൂൺ എന്നിവയും വഹിക്കുന്നുണ്ട് ബേപ്പൂരിൽ പിറന്ന ഈ ഉല്ലാസ നൗക. എൺപതിനുശേഷം ഏഴോളം ഉല്ലാസ നൗകകൾ വിവിധ അറേബ്യൻ രാജ്യങ്ങളിലേക്ക് ബേപ്പൂരിൽ നിന്ന് നിർമിച്ചു കൊണ്ടുപോയിട്ടുണ്ട്. എന്നാൽ 2010ന്റെ തുടക്കത്തോടെ ബേപ്പൂരിലേക്ക് അറേബ്യൻ രാജ്യങ്ങളിൽ നിന്ന് ഉല്ലാസ നൗകകളുടെ ഓർഡർ ഒഴുകിത്തുടങ്ങി.

1982 ൽ ആരംഭിച്ച തൊഴിൽ സമരം ബേപ്പൂരിലെ ഉരു നിർമാണത്തെ ഏറെക്കാലത്തേക്ക് തളർത്തിയിരുന്നു. സമരം എട്ടു വർഷം നീണ്ടു നിന്നു. നിർമാണം പാതി

> എയർകാർഗോയും വൻകിട കപ്പലുകൾ വഴിയുള്ള സീ കാർഗോയും വ്യാപകമായതോടെ ചരക്കു നീക്കത്തിന് ഉരുക്കൾ ലാഭകരമല്ല. ആവശ്യവുമില്ല. എങ്കിലും തങ്ങളുടെ ജീവിതവുമായി അലിഞ്ഞു ചേർന്ന അവയെ തള്ളിക്കളയാൻ അറബികൾ ഒരുക്കമല്ല.

വഴിയിലായി കിടന്നു ഒട്ടേറെ ഉരുക്കൾ. അറബി വ്യാപാരികൾക്ക് ഇതുവഴി തങ്ങളുടെ മുടക്കു മുതൽ നഷ്ടപ്പെട്ടു. ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ ഇല്ലാതായി. സമരം തീർന്നപ്പോഴേക്കും ഉരു നിർമിക്കാൻ ബേപ്പൂരിലേക്ക് ആരും വരാത്ത അവസ്ഥയായി. തൊണ്ണൂറുകളുടെ തുടക്കത്തിലാണ് ബേപ്പൂരിലെ ഉരുനിർമാണ മേഖല നേർത്തെങ്കിലും ഉണർന്നത്.

അറബികൾക്ക് ഉരു ഐശ്വര്യത്തിന്റെ പ്രതീകമാണ്. അവരുടെ വീടിൻെറ സ്വീകരണ മുറികളിൽ അലങ്കാര ഉരുക്കൾ കാണാം (ഉരുവിന്റെ ചെറിയ മോഡൽ) അലങ്കാരത്തിനുമപ്പുറം അവരുടെ സംസ്കാരത്തിൻെറയും സമൃദ്ധിയുടെയുമൊക്കെ പ്രതീകമാണത്. കുപ്പികളിലും മറ്റും വിസ്മയകരമായ രീതിയിൽ ഉരു നിർമിക്കുന്നതും ബേപ്പുരിലെ പ്രധാന തൊഴിലാണ്. ഖത്തർ ഉൾപ്പെടെ ഒട്ടേറെ അറേബ്യൻ രാജ്യങ്ങളുടെ പതാകകളിൽ പോലും ഉരു സ്ഥാനം പിടിച്ചിരിക്കുന്നു. ഉരുവിൽ മാസങ്ങളും കൊല്ലങ്ങളും കടൽ താണ്ടിയുള്ള വ്യാപാരം. അറേബ്യൻ ഉത്പന്നങ്ങളുമായി അവർ ബേപ്പൂരിലെത്തി അവ വിറ്റഴിച്ചിരുന്ന കാലമുണ്ടായിരുന്നു. ഇവിടെ നിന്നുള്ള സുഗന്ധ വ്യഞ്ജനങ്ങളുൾപ്പെടെയുള്ള ഉത്പന്നങ്ങളുമായി തിരിച്ചു കടൽതാണ്ടി. ഭാഗ്യം തേടിയുള്ള വരവിൽ പലപ്പോഴും അറബികൾ കേരളത്തിലേക്ക് സ്വർണവും കടത്തിയിരുന്നു. കട്ടിയായും ബെൽറ്റ് രൂപത്തിലുമൊക്കെ അങ്ങനെ ബേപ്പൂർ തുറമുഖം വഴി കള്ളക്കടത്ത് സ്വർണം കേരളത്തിലേക്കൊഴുകി.

വഞ്ചിതരായി സ്വർണം നഷ്ടപ്പെട്ട് തലതല്ലിക്കരഞ്ഞ അറബികളുടെ കഥയും ബേപ്പൂർ തീരത്തിന്റെ മണൽത്തരികൾക്ക് പറയാനുണ്ട്. എം.ടിയും എൻ.പി. മുഹമ്മദും ചേർന്നെഴുതിയ അറബിപ്പൊന്ന് എന്ന കഥയിൽ ഈ ദയനീയത വിവരിക്കുന്നുണ്ട്. എണ്ണയുടെ കണ്ടെത്തലോടെ അറേബ്യൻ നാടുകൾ ഇന്ന് സമ്പന്നം. അതിജീവനത്തിനായുള്ള ദേശാടനം ഇന്ന് അവർക്കുവേണ്ട. എങ്കിലും ഒരു കാലത്ത് ആഴക്കടലിലെ തിരമാലകളെ തോൽപ്പിച്ച് തങ്ങൾക്ക് അന്നം ഒരുക്കിത്തന്ന യാനങ്ങൾ ഇന്നും അവരുടെ ഓർമയിലുണ്ട്. എയർ കാർഗോയും വൻകിട കപ്പലുകൾ വഴിയുള്ള സീ കാർഗോയും വ്യാപകമായതോടെ ചരക്കു നീക്കത്തിന് ഉരുക്കൾ ലാഭകരമല്ല. ആവശ്യവുമില്ല. എങ്കിലും തങ്ങളുടെ ജീവിതവുമായി അലിഞ്ഞു ചേർന്ന അവയെ തള്ളിക്കളയാൻ അറബികൾ ഒരുക്കമല്ല. ഉല്ലാസ നൗകയായും, സ്വീകരണമുറിയിലെ അലങ്കാരമായുമൊക്കെ ഉരുക്കളുടെ സാന്നിധ്യം ഇന്നും അറബികൾ കാത്തു സൂക്ഷിക്കുന്നു. ■


ഉരു നിർമിക്കുന്നവർ



# തോട്ടം മേഖലയിലെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞ് നിയമസഭ സമിതി

പീരുമേട് താലൂക്കിൽ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞ് നിയമസഭ സമിതിയുടെ സന്ദർശനം. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭ സമിതി മെയ് 27ന് താലൂക്കിലെ തോട്ടങ്ങളിൽ നടത്തിയ സന്ദർശനത്തിൽ ലഭിച്ചത് നൂറ് കണക്കിന് പരാതികളാണ്. ലയങ്ങളിലെ പരിതാപകരമായ ജീവിതസാഹചര്യം നേരിൽ കണ്ട സമിതി അംഗങ്ങളായ എം.എൽ.എമാരെ ഞെട്ടിക്കുന്നതായിരുന്നു പരാതികളിലെ ഉള്ളടക്കം. സ്ത്രീകളുടെ അധ്വാനചൂഷണം മുതൽ ബാലപീഡനവും അനധികൃത മദ്യ, മയക്കുമരുന്ന് വിൽപ്പനയും വരെ സമിതിയുടെ മുന്നിലെത്തി.



നിയമസഭ സമിതിയുടെ ലയം സന്ദർശനം

ചെയർമാൻ മോൻസ് ജോസഫിന്റെ നേതൃത്വത്തിൽ ഇ.എസ്. ബിജിമോൾ, പി. ഉബൈദുള്ള, സി. മോയിൻകുട്ടി എന്നീ എം.എൽ.എമാരാണ് വിവിധ എസ്റ്റേറ്റുകളിലെ ലയങ്ങളിൽ സന്ദർശനം നടത്തിയത്. തൊഴിൽ, ആരോഗ്യം, പൊലീസ്, റവന്യൂ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പുകളിലെ ഉദ്യോഗസ്ഥരും തൊഴിലാളി യൂണിയൻ നേതാക്കളും സമിതിക്കൊപ്പമുണ്ടായിരുന്നു.

പാമ്പനാറിൽ ആർ.ബി.ടിയിൽ നിന്നും പോബ്സ് ഗ്രൂപ്പ് ഏറ്റെടുത്ത് നടത്തുന്ന തോട്ടമാണ് സമിതി ആദ്യം സന്ദർശിച്ചത്. ചില ലയങ്ങളിലെ സൗകര്യങ്ങൾ തൃപ്തികരമായിരുന്നെങ്കിലും മറ്റിടങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്ന ഓടകളും ഇടിഞ്ഞുവീഴാറായ കെട്ടിടങ്ങളുമാണ് സമിതി അംഗങ്ങൾക്ക് കാണാനായത്. അനധികൃതമായി താമസിക്കുന്ന ലയങ്ങൾ അറ്റകുറ്റപ്പണി നടത്താനാകില്ലെന്നായിരുന്നു മാനേജ്മെന്റ് പ്രതിനിധികളുടെ വാദം. പൊതുആരോഗ്യത്തിന് ഭീഷണിയാകുന്ന സാഹചര്യം അനുവദിക്കാനാകില്ലെന്ന് സമിതി അംഗങ്ങൾ ചൂണ്ടിക്കാട്ടി.

തേയില കൃഷി ചെയ്യാത്ത സ്ഥലത്തു പോലും കളിക്കാൻ അനുവദിക്കുന്നില്ലെന്ന പരാതിയുമായി കുട്ടികളുടെ സംഘവും സമിതിക്ക് മുന്നിലെത്തി. കളിസ്ഥലം നേരിട്ടു കണ്ട എം.എൽ.എമാർക്ക് കുട്ടികളുടെ പരാതി ന്യായമാണെന്ന് ബോധ്യപ്പെട്ടു. കളി തടസപ്പെടുത്തരുതെന്ന നിർദേശവും അവിടെ വച്ചു തന്നെ മാനേജർമാർക്ക് കിട്ടി. ബഥേൽ പ്ലാന്റേഷൻസ് നടത്തുന്ന ഗ്ലെൻമേരി എസ്റ്റേറ്റിലും നിരവധി പേർ പരാതികളുമായി സമിതിയെ കാത്തുനിന്നിരുന്നു. ജോലിയിൽ നിന്നും വിരമിച്ച് വർഷങ്ങളായിട്ടും ആനുകൂല്യങ്ങൾ നൽകാതിരിക്കുക, പിഎഫ് വിഹിതം അടയ്ക്കാതിരിക്കൽ തുടങ്ങിയ പരാതികളിൽ ഉടനെ നടപടി സ്വീകരിക്കാൻ സമിതി നിർദേശം നൽകി.

ലയങ്ങൾക്ക് സമീപം അനധികൃത മദ്യവിൽപ്പനയും ലഹരി വിൽപ്പനയും നടക്കുന്നെന്ന പരാതിയുമായി സ്ത്രീകളും എം.എൽ.എമാരെ സമീപിച്ചു. ലയങ്ങൾക്ക് സമീപമുള്ള പെട്ടിക്കടകളെ പറ്റിയായിരുന്നു പരാതി. പൊലീസ്, എക്സൈസ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ഉടനെ നടപടി സ്വീകരിക്കുമെന്ന് സമിതി ചെയർമാൻ മോൻസ് ജോസഫ് പറഞ്ഞു. ഏലപ്പാറയ്ക്ക് സമീപം സ്റ്റാഗ് ബ്രൂക്ക് എസ്റ്റേറ്റിൽ പൊട്ടിപ്പൊളിഞ്ഞ ലയങ്ങളും മലിനീകരിക്കപ്പെട്ട പരിസരവുമാണ് സമിതിക്ക് കാണാനായത്. ലയങ്ങളിൽ താമസിക്കുന്നത് തൊഴിലാളികളല്ലെന്ന് മാനേജർ വാദിച്ചെങ്കിലും അത് തെറ്റാണെന്ന് പ്രഥമ പരിശോധനയിൽ തന്നെ സമിതിക്ക് ബോധ്യപ്പെട്ടു.

സന്ദർശനത്തിന് ശേഷം പീരുമേട് മിനി സിവിൽ സ്റ്റേഷനിൽ നടത്തിയ യോഗത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളും പരാതികളുടെ കെട്ടഴിച്ചു. മുൻകാലങ്ങളിൽ മികച്ച രീതിയിൽ നടന്നിരുന്ന തോട്ടങ്ങളിൽ ഇപ്പോൾ അടിമത്ത സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്ന് അവർ ആരോപിച്ചു. ഡിസ്പെൻസറികൾ, ക്രഷുകൾ, റിക്രിയേഷൻ ക്ലബ്ബുകൾ തുടങ്ങിയവ പ്രതിസന്ധി പറഞ്ഞ് അടച്ചുപൂട്ടിയ മാനേജ്മെന്റുകൾ മാന്യമായി ജീവിക്കാനുള്ള സാഹചര്യം തൊഴിലാളികൾക്ക് നിഷേധിച്ചിരിക്കുകയാണെന്ന് അവർ ചൂണ്ടിക്കാട്ടി. സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി നിഷേധിക്കുന്നു, ചികിത്സാച്ചെലവ് നൽകുന്നില്ല, അധ്വാനം ചൂഷണം ചെയ്യുന്നു തുടങ്ങിയ പരാതികളും യൂണിയൻ നേതാക്കൾ ഉന്നയിച്ചു. തോട്ടങ്ങളിലെ അരക്ഷിതാവസ്ഥ മുതലെടുത്ത് ദ്രോഹശക്തികൾ കടന്നു കയറാനുള്ള സാഹചര്യം തള്ളിക്കളയരുതെന്നും അവർ മുന്നറിയിപ്പ് നൽകി. നേതാക്കളായ വാഴൂർ സോമൻ, എം.എ. റഷീദ്, എ. വാവച്ചൻ, ഡി. ആൽബർട്ട്, സിറിയക് തോമസ് തുടങ്ങിയവർ സംസാരിച്ചു.

തോട്ടം മാനേജ്മെന്റുകൾ നിഷേധാത്മക നിലപാട് തിരുത്തി തൊഴിലാളികളോട് മാനുഷികമായി പെരുമാറാൻ തയാറാകണമെന്ന് സമിതി ചെയർമാൻ മോൻസ് ജോസഫ് ആവശ്യപ്പെട്ടു. സന്ദർശനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ശേഖരിച്ച തെളിവുകൾ മുൻനിർത്തി വിശദമായ റിപ്പോർട്ട് സമിതി നിയമസഭ മുമ്പാകെ സമർപ്പിക്കും. സമിതിയുടെ ശുപാർശകൾ നടപ്പാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തും. തിരുവനന്തപുരത്ത് ചേരുന്ന അടുത്ത യോഗത്തിൽ തന്നെ ഈ വിഷയം ചർച്ചയ്ക്കെടുക്കുമെന്നും ചെയർമാൻ വ്യക്തമാക്കി.

ജില്ല പോലീസ് മേധാവി അലക്സ്.എം. വർക്കി, ഇടുക്കി ആർ.ഡി.ഒ എം.ടി ജോസഫ്, കട്ടപ്പന ഡിവൈ.എസ്.പി എം.എൻ. രമേഷ്, ജില്ല മെഡിക്കൽ ഓഫീസർ ഡോ. വി. അനിൽ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് ടി.എം. രവീന്ദ്രൻ, ഡപ്യൂട്ടി ലേബർ ഓഫീസർ സൈനുലാബ്ദീൻ, ജില്ല ലേബർ ഓഫീസർ കെ. ബീന, പീരുമേട് തഹസിൽദാർ എ.സി. ദേവസ്യ, അഡീഷണൽ തഹസിൽദാർ ടി.സി. ത്രേസ്യാമ്മ തുടങ്ങിയവർ സമിതിക്കൊപ്പമുണ്ടായിരുന്നു.

*നിജാസ് ജ്യുവൽ*

*അസി. ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി*

# ഹരിതകേരളം – പങ്കാളിത്ത പാരിസ്ഥിതിക പദ്ധതിക്ക് ഉജ്ജ്വല തുടക്കം

പരിസ്ഥിതി സംരക്ഷണം നിലനിൽപ്പിന്റെ ആവശ്യമാണെന്നും പരിസ്ഥിതിയെ മറന്ന് മുന്നോട്ട് പോകാനാവില്ലെന്നും മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. നാടിന്റെ വികസനം ഇന്നത്തെ ആവശ്യമാണെങ്കിൽ പരിസ്ഥിതി സംരക്ഷണം നാളെയുടെ ആവശ്യമാണ്. നാളെയെ മറന്നുകൊണ്ട് ഇന്ന് പ്രവർത്തിച്ചാൽ അതിന് വലിയ വില കൊടുക്കേണ്ടിവരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ടൗൺ സ്ക്വയറിൽ ഹരിതകേരളം – പങ്കാളിത്ത പാരിസ്ഥിതിക കർമ്മ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വനനശീകരണ-വന്യമൃഗ വേട്ട ഇന്ന് ഇല്ല. സാമൂഹ്യ വനവത്ക്കരണം വെറുമൊരു ചടങ്ങല്ല; വലിയ ദൗത്യമായി ഇന്ന് സമൂഹം ഏറ്റെടുത്തിരിക്കയാണ്. വ്യക്തികളും സംഘടനകളും ഇതിനായി മുന്നോട്ടു വരുന്നുണ്ട്. സംസ്ഥാനത്ത് 10 ലക്ഷം തൈകൾ ഒരു മണിക്കൂർ കൊണ്ട് നടാനാണ് നിശ്ചയിച്ചത്. ഇതിൽ 75,000 ആയിരുന്നു കണ്ണൂരിന്റെ വിഹിതമെങ്കിൽ നാലുലക്ഷം



ഹരിതകേരളം ഉദ്ഘാടനം കണ്ണൂരിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു

തൈകൾ നട്ട് വലിയ മുന്നേറ്റം നടത്തിയിരിക്കുകയാണ്. തൈകൾ നട്ടാൽ മാത്രം പോരാ പരിപാലനവും പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വൃക്ഷത്തൈ നട്ടുകൊണ്ടായിരുന്നു പരിപാടിയുടെ തുടക്കം. വനം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ജലവിഭവം, ശാസ്ത്ര സാങ്കേതികം, പൊതുമരാമത്ത്, റവന്യൂ വകുപ്പുകളുടെ സഹകരണത്തോടെയാണ് രാവിലെ 10.30 മുതൽ 11.30 വരെയുള്ള ഒരു മണിക്കൂർ കൊണ്ട് സംസ്ഥാനത്ത് 10 ലക്ഷം വൃക്ഷതൈകൾ നടുന്ന പരിപാടിക്ക് തുടക്കമായത്. കണ്ണൂർ ജില്ലയിൽ നാലു ലക്ഷം വൃക്ഷതൈകളാണ് ഹരിതസമയത്തിൽ നട്ടുപിടിപ്പിച്ചത്.

ഗ്രാമവികസന-സാംസ്കാരിക മന്ത്രി കെ.സി. ജോസഫ് ചടങ്ങിൽ അധ്യക്ഷനായി. എം.എൽ.എമാരായ അഡ്വ. സണ്ണി ജോസഫ്, സി. കൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ.കെ.എ. സരള, കണ്ണൂർ നഗരസഭാ ചെയർപേഴ്സൺ രോഷ്നി ഖാലിദ്, വൈസ് ചെയർമാൻ അഡ്വ: ടി.ഒ. മോഹനൻ തുടങ്ങിയവർ ആശംസ നേർന്നു. ജില്ലാ കലക്ടർ പി. ബാലകിരൺ സ്വാഗതവും അസി: ഫോറസ്റ്റ് കൺസർവേറ്റർ പി.ബിജു നന്ദിയും പറഞ്ഞു.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ കണ്ണൂർ ടൗൺസ്ക്വയറിൽ ഒരുക്കിയ പൊതുജനസൗകര്യങ്ങളുടെയും ചിൽഡ്രൻസ് പാർക്കിന്റെയും ഉദ്ഘാടനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു. മികവുറ്റ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കുടുംബശ്രീ കോ ഓർഡിനേറ്റർ, ഡി വൈ എഫ് ഐ സെക്രട്ടറി, എൻ എസ് എസ് കോ ഓർഡിനേറ്റർ കണ്ണൂർ, ഇന്ത്യൻ നേവി, കേരള കർഷക സംഘം, ഇന്ത്യൻ ആർമി, ആർ പി എഫ് പെരിങ്ങോം, കണ്ണൂർ സർവ്വകലാശാല, ടിമ്പർ മർച്ചന്റ്സ്, റെയിൽവെ, ജില്ലാ കോടതി, എംഎൻ എച്ച് എസ് സംഘടന, അക്ഷയ ജില്ലാ പ്രൊജക്ട് എന്നിവയ്ക്കും സി കൃഷ്ണൻ എംഎൽ എ, കലക്ടറേറ്റിനു വേണ്ടി എ ഡി എം, ജില്ലാ പൊലീസ് മേധാവി, ഡി എം ഒ, സുധീർ രാമന്തളി എന്നിവർക്കും മുഖ്യമന്ത്രി ഉപഹാരങ്ങൾ നൽകി.

***ഇ.വി. സുഗതൻ***

*ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

## കാർഷിക വളർച്ചക്ക് ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം വേണം:മുഖ്യമന്ത്രി

കർഷകർക്ക് ന്യായവില ഉറപ്പാക്കാനും കാർഷിക വളർച്ചക്കും വാണിജ്യാടിസ്ഥാനത്തിൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയാണ് ശാശ്വതമായ പോംവഴിയെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. പെരിങ്ങോത്ത് തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ശിലാസ്ഥാപനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. താങ്ങുവിലയും സബ്സിഡിയുമെല്ലാം കർഷകരെ സഹായിക്കാൻ ആവശ്യമാണ്. എന്നാൽ അതെല്ലാം താൽക്കാലിക ആശ്വാസം മാത്രമേ ആകൂ. നാളികേരത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്ക്കരണവും മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനവും മാത്രമാണ് ശാശ്വതമായി ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം. ചടങ്ങിൽ ഗ്രാമവികസന മന്ത്രി കെ.സി. ജോസഫ് നീര ഉത്പന്നം വിപണിയിലിറക്കി. സംസ്ഥാന നീര കമ്മിറ്റി കർഷക പ്രതിനിധി ബാബു ജോസഫ് ഏറ്റുവാങ്ങി.

സി. കൃഷ്ണൻ എം.എൽ.എയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ഷെയർ സർട്ടിഫിക്കറ്റ് വിതരണം ജില്ലാ കലക്ടർ പി ബാലകിരൺ നിർവ്വഹിച്ചു. തേജസ്വിനി കമ്പനി ചെയർമാൻ സണ്ണി ജോർജ് ഇളംതുരുത്തിൽ പദ്ധതി വിശദീകരിച്ചു. ചങ്ങാതിക്കൂട്ടം ഐഡന്റിറ്റി കാർഡ് വിതരണം പി വി തമ്പാൻ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് പി ടി മാത്യു, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ആശംസ നേർന്നു. സംഘാടക സമിതി ചെയർമാൻ റോഷി ജോസ് സ്വാഗതവും ജോസ് പറയൻകുഴി നന്ദിയും പറഞ്ഞു. നാളികേരത്തിന്റെ ന്യായവില സംബന്ധിച്ച് കമ്പനി ഡയറക്ടർ സി എഫ് തോമസ് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു.



തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിക്കുന്നു



# ഫുട്ബോളിന് പിന്തുണ തേടി ക്രിക്കറ്റ് ഇതിഹാസം

ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടേണ്ടുൽക്കർ ഫുട്ബോൾ കളിയുടെ ഉന്നമനത്തിന് മുഖ്യമന്ത്രിയുടെ പിന്തുണതേടി സെക്രട്ടേറിയറ്റിലെത്തി. ഇന്ത്യൻ ഫുട്ബോൾ സൂപ്പർ ലീഗിൽ കൊച്ചി ടീമിന് പിന്തുണയും കൊച്ചി ഇന്റർനാഷണൽ സ്റ്റേഡിയത്തിന്റെ വികസന കാര്യം ചർച്ച ചെയ്യുന്നതിനുമായിരുന്നു മുഖ്യമന്ത്രിയെ കാണാൻ 200 ടെസ്റ്റ് മാച്ചുകളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച ക്രിക്കറ്റ് താരമെത്തിയത്. രാവിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ എത്തിയ സച്ചിനെ മുഖ്യമന്ത്രിയും സംസ്ഥാന മന്ത്രിമാരും ചീഫ് സെക്രട്ടറിയും ചേർന്ന് സ്വീകരിച്ചു. തിങ്ങിനിറഞ്ഞ മാധ്യമപ്രവർത്തകർ സച്ചിനെ ക്യാമറയിൽ പകർത്താൻ തിരക്കുകൂട്ടിയപ്പോൾ ഏറെനേരം മുഖ്യമന്ത്രിക്കൊപ്പം അദ്ദേഹം ഫോട്ടോയെടുക്കാൻ നിന്നു. മുഖ്യമന്ത്രി മന്ത്രിമാരെ പരിചയപ്പെടുത്തിയ ശേഷം സച്ചിനുമായി ചർച്ച നടത്തി. തുടർന്ന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ തന്റെ ആഗമനോദ്ദേശം സച്ചിൻ മാധ്യമപ്രവർത്തകരെ അറിയിച്ചു. കൊച്ചിൻ ടീമിന്റെ പേര് പ്രഖ്യാപിക്കാൻ അദ്ദേഹം മുഖ്യമന്ത്രിയോട് അഭ്യർഥിച്ചു. 'കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്ബ്' എന്ന് മുഖ്യമന്ത്രി പേര് പ്രഖ്യാപിച്ചു.



**മുഖ്യമന്ത്രിയെ ഷാളണിയിക്കുന്ന സച്ചിൻ**

കൊച്ചി ടീമിനെ സ്പോൺസർ ചെയ്യുന്നതിന് മുന്നോട്ടു വന്ന സച്ചിനെ കേരള ജനതയ്ക്ക് വേണ്ടി സ്വാഗതം ചെയ്യുന്നതായി മുഖ്യമന്ത്രി പറഞ്ഞു. കേരളം അടുത്തവർഷം ആദ്യം

# കളിക്കളത്തിൽ നേതാക്കളെ വീഴ്ത്തി പി ആർ ഡി ക്ക് വിജയം

കണ്ണൂരിന്റെ വോളി ചരിത്രത്തിലെ അപൂർവ്വ നിമിഷങ്ങളായിരുന്നു അത്. കൊടികളുടെ നിറഭേദവും പ്രത്യയശാസ്ത്ര ഭിന്നതയും മറന്ന് രാഷ്ട്രീയ നേതാക്കൾ ഒറ്റമനസ്സായി ഒരു കളത്തിൽ. ജനനേതാക്കളുടെ കരുത്തിനെ നേരിടാൻ പി ആർ ഡി ടീമും അണിനിരന്നതോടെ വാശിയേറിയ മത്സരത്തിന് കളമൊരുങ്ങുകയായിരുന്നു. കണ്ണൂർ പ്രസ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച സംസ്ഥാന ജേർണലിസ്റ്റ് വോളിയുടെ സമാപനത്തിന്റെ ഭാഗമായി നടന്ന സൗഹൃദ മത്സരത്തിനാണ് രാഷ്ട്രീയ നേതാക്കളും പി ആർ ഡി ജീവനക്കാരും കളിക്കളത്തിലിറങ്ങിയത്.



**സംസ്ഥാന ജേർണലിസ്റ്റ് വോളിയിൽ ജേതാക്കളായ പി.ആർ.ഡി. ടീം**

മുൻമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ കെ എം ഷാജി എം എൽ എ, ഡി സി സി പ്രസിഡണ്ട് കെ സുരേന്ദ്രൻ, എ ഐ വൈ എഫ് ദേശീയ പ്രസിഡണ്ട് പി സന്തോഷ് കുമാർ എന്നിവരും അന്തർദേശീയ വോളി റഫറി പി കെ ജഗന്നാഥൻ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് ഒ കെ വിനീഷ്, ഇമാദ് ഗ്രൂപ്പ് ഡയറക്ടർ പി എം മുഹമ്മദ് ശരീഫ് എന്നിവരുമാണ് രാഷ്ട്രീയ ടീമിന് വേണ്ടി ജേഴ്സിയണിഞ്ഞത്. പി ആർ ഡി ടീമിനായി ഇ കെ പത്മനാഭന്റെ നേതൃത്വത്തിൽ എൻ രാജേഷ്, കെ കുഞ്ഞിരാമൻ, അനുരാജ്, മാധ്യമപ്രവർത്തകരായ ടി വി ബാബു, വിപിൻദാസ്, പ്രശസ്ത വോളി താരം കമൽ എന്നിവരും

നടക്കാനിരിക്കുന്ന ദേശീയ ഗയിംസിനായി ആകാംഷയോടെ കാത്തിരിക്കുകയാണെന്നും അതിന്റെ ഗുഡ്‌വിൽ അംബാസഡറാവാൻ സച്ചിനെ ക്ഷണിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ ക്ഷണം തനിക്ക് ലഭിച്ച വലിയ അംഗീകാരമാണെന്ന് സച്ചിൻ മറുപടി പറഞ്ഞു. തനിക്ക് ലഭിച്ച ആവേശകരമായ സ്വീകരണം സന്തോഷത്താൽ തന്നെ നിശബ്ദനാക്കുന്നതായും സച്ചിൻ പറഞ്ഞു. കേരള ജനത ഒന്നടങ്കം കൊച്ചി ടീമിനെ പിന്തുണയ്ക്കുമെന്നാണ് പ്രതീക്ഷ. കുട്ടിക്കാലത്തുമുതൽ ക്രിക്കറ്റ് കളിച്ചാണ് വളർന്നതെങ്കിലും ഹാൻഡ്ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ് എന്നിവയും ഫുട്ബോളും കളിക്കുമായിരുന്നെന്നും സച്ചിൻ പറഞ്ഞു.

കേരളത്തിൽ നിന്നും ഇന്ത്യൻ ഫുട്ബോൾ ടീമിൽ നല്ല കളിക്കാരുണ്ടായിരുന്നു. നിലവിൽ പ്രാതിനിധ്യം ഇല്ല. ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ മുഖചരായ മാറ്റേണ്ടതുണ്ട്. മുഖ്യമന്ത്രിയിൽ നിന്നും ഫുട്ബോൾ മുന്നേറ്റത്തിൽ പിന്തുണ കിട്ടുമെന്ന് ഉറപ്പായിട്ടുണ്ട്. സ്കൂൾ കോളേജ് തലത്തിൽ കൂടുതൽ പ്രോത്സഹാനം കൊടുക്കണം. രാജ്യസഭാംഗമെന്ന നിലയിൽ മാനവശേഷി വികസന വകുപ്പിന് തന്റെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും സച്ചിൻ പറഞ്ഞു. താമസിയാതെ ഫുട്ബോൾ രംഗം മെച്ചപ്പെടുമെന്നും നമ്മുടെ മുഖങ്ങളിൽ പുഞ്ചിരി വിടരാൻ അത് ഇടയാക്കുമെന്നും സച്ചിൻ പറഞ്ഞു. കേരളത്തിലെ സ്കൂൾ, കോളേജ് വിദ്യാർഥികളെ തിരഞ്ഞെടുത്ത് ഒരു ലക്ഷത്തിൽപ്പരം പേർക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിന് ധാരണയായതായും മുഖ്യമന്ത്രി അറിയിച്ചു. പി.വി.പി. ഗ്രൂപ്പ് പ്രതിനിധി പ്രസാദ് വി. പോട്‌ലൂരു, സംസ്ഥാന മന്ത്രിമാർ എന്നിവർ പങ്കെടുത്തു.

അണിനിരന്നു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ വി സുഗതനായിരുന്നു മാനേജർ. രാഷ്ട്രീയ വേദികളിലെ വാശിയും വൈരാഗ്യവും മറന്ന് ഒത്തൊരുമയോടെ കളത്തിലിറങ്ങിയ നേതാക്കളെ കാണികൾ ഹർഷാരവത്തോടെ വരവേറ്റു. ടോസ് നേടിയ രാഷ്ട്രീയ ടീം ആദ്യ സെർവോടെ കളിക്ക് തുടക്കമിട്ടു. 4-15 എന്ന നിലയിൽ ആദ്യ സെറ്റിൽ പിആർഡി ടീം മുന്നേറിയെങ്കിലും മത്സരത്തിന് ചൂട് പിടിച്ചതോടെ നേതാക്കൾ വാശിയിലായി. എന്തിനോടും തീവ്രമായി പ്രതികരിക്കുന്ന കണ്ണൂരിന്റെ മനസ്സ് സൗഹൃദമത്സരത്തിനും വീറും വാശിയും പകർന്നു. പ്രായം മറന്ന് തികഞ്ഞ സ്പോർട്സ്മാൻ സ്പിരിറ്റോടെ കളിക്കളത്തിൽ നിറഞ്ഞ രാമചന്ദ്രൻ കടന്നപ്പള്ളി ടീമംഗങ്ങൾക്ക് ശക്തമായ പിന്തുണയും പ്രോത്സാഹനവും നൽകി. അന്തർദേശീയ റഫറി പി കെ ജഗന്നാഥന്റെ നിർദ്ദേശത്തിൽ ടീം ശക്തമായി ചെറുത്തു നിന്നു. ഇരു ടീമുകളെയും പ്രോത്സാഹിപ്പിച്ച് കാണികൾ ഇളകി മറിഞ്ഞതോടെ മത്സരം സൗഹൃദഭാവം വെടിഞ്ഞ് ഗൗരവമുള്ളതായി മാറി.

24 നെതിരെ 26 പോയന്റുകളുമായി രാഷ്ട്രീയ ടീം ആദ്യസെറ്റ് നേടി. തുടർന്ന് ശക്തമായ മത്സരത്തിൽ 25-18 എന്ന നിലയിൽ രണ്ടാം സെറ്റും 15-10 ന് മൂന്നാം സെറ്റും നേടി പി ആർ ഡി ടീം മത്സരത്തിൽ ജേതാക്കളായി.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ*

# ഹരിതശ്രീക്ക് തുടക്കമായി



**ഹരിതശ്രീ പദ്ധതി ജില്ലാതല ഉദ്ഘാടനം കളക്ട്രേറ്റ് അങ്കണത്തിൽ നിർവഹിച്ച് ധനകാര്യ മന്ത്രി കെ.എം.മാണി സംസാരിക്കുന്നു**

പരിസ്ഥിതി സംരക്ഷിക്കാൻ പുതിയ തലമുറ മുന്നോട്ടുവരണമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എം. മാണി പറഞ്ഞു. 'ഒരു മനുഷ്യന് ഒരു മരം' പ്രമേയമായി സംസ്ഥാന സർക്കാർ വനം-പരിസ്ഥിതി വകുപ്പ് നടപ്പാക്കുന്ന ഹരിതശ്രീ പങ്കാളിത്ത പരിസ്ഥിതി പരിപാലന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നമ്മൾ അധിവസിക്കുന്ന ഭൂമിയുടെ ഭാവിയെക്കുറിച്ച് ചിന്തിക്കേണ്ടത് പ്രധാനമാണ്. മരം മുറിക്കുന്നത് വലിയ സാമൂഹികദ്രോഹമാണ്. മരങ്ങൾ നശിപ്പിക്കുന്ന പ്രവണത മലയാളി ഉപേക്ഷിക്കണം. ചൂട് കൂടുകയും മഴ കുറയുകയും ചെയ്യുന്നത് മരങ്ങൾ നശിപ്പിക്കുന്നതുകൊണ്ടാണ്. പരിസ്ഥിതി നശിച്ചാൽ പ്രപഞ്ചത്തിന്റെ നിലതന്നെ തകരുമെന്ന് ഓരോരുത്തരും ഓർക്കണം. സുസ്ഥിര ജീവിതത്തിന് സുസ്ഥിര വികസനം ആവശ്യമാണ്. 36,000 ഹെക്ടർ പ്രദേശത്താണ് സർക്കാർ ഇതിനകം വനവത്ക്കരണം നടപ്പാക്കിയത്. വനസംരക്ഷണത്തിനായി ഈ ബജറ്റിൽ 237 കോടി രൂപ വകയിരുത്തിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

വനം-പരിസ്ഥിതി മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് വാർഡുതലത്തിൽ പരിസ്ഥിതി സമിതികൾ രൂപീകരിച്ച് ഹരിതശ്രീ പ്രവർത്തനം വ്യാപിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കുടുംബശ്രീ, സന്നദ്ധസംഘടനകൾ, എൻ.സി.സി, സ്റ്റുഡന്റ്സ് പൊലീസ്, എൻ.എസ്.എസ് ഏകോപിപ്പിച്ച് ഈ പദ്ധതി സജീവമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഹരിതശ്രീ പോർട്ടലിന്റെ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. പരിസ്ഥിതി തപാൽ കവർ സീനിയർ പോസ്റ്റൽ സൂപ്രണ്ട് എ. രമാദേവി മോൻസ് ജോസഫ് എം.എൽ.എയ്ക്ക് നൽകി പ്രകാശനം ചെയ്തു.

നടൻ സുരേഷ് ഗോപി മുഖ്യാതിഥിതിയായിരുന്നു. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ജനങ്ങൾ പൂർണമനസോടെ ഏറ്റെടുക്കണം. ഹൃദയംകൊണ്ടാണ് ഇത്തരം സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതെന്നും അദ്ദേഹം ഓർമപ്പെടുത്തി.

സംസ്ഥാന ഹരിതശ്രീ പ്രസ്ഥാനത്തിന്റെ മുന്നോടിയായി കോട്ടയം കളക്ട്രേറ്റ് അങ്കണത്തിൽ മന്ത്രി കെ.എം. മാണി വൃക്ഷത്തൈ നട്ട് ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, ജില്ലാ കളക്ടർ അജിത് കുമാർ, സയൻസ് ആൻഡ് ടെക്നോളജി പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി.എൻ. രാജശേഖര പിള്ള, ഫോറസ്ട്രി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഡോ. ബി. എസ്. കൊറി, മുനിസിപ്പൽ ചെയർമാൻ എം.പി. സന്തോഷ് കുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഫിൽസൺ മാത്യൂസ്, മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ രാജം ജി. നായർ, കൗൺസിലർ അനീഷ തങ്കപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

മികച്ച പരിസ്ഥിതി സംരക്ഷണപ്രവർത്തനത്തിന് ഡോ. ബി. ശ്രീകുമാർ (കോട്ടയം നേച്ചർ സൊസൈറ്റി), ഡോ. പ്രവീൺ ഇട്ടിച്ചെറിയ (വോയ്സ് ഓഫ് നേച്ചർ), ഫാ. മൈക്കിൾ വെട്ടിക്കാട്ട് (കെ.എസ്.എസ്.എസ്), വിദ്യാർഥിയും പരിസ്ഥിതി ഫോട്ടോഗ്രാഫറുമായ യദുമോഹൻ എന്നിവർക്ക് സുരേഷ് ഗോപി മെമന്റോ സമ്മാനിച്ചു.

വനം-വന്യജീവി-പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പി.കെ. മൊഹന്തി സ്വാഗതവും പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ പി. ശ്രീകണ്ഠൻ നായർ നന്ദിയും പറഞ്ഞു.

പരിപാടിയോടനുബന്ധിച്ച് ജൂൺ നാല്, അഞ്ച് തീയതികളിൽ കോട്ടയം കെ.പി.എസ്. മേനോൻ ഹാളിൽ ഹരിതശ്രീ ഫോട്ടോപ്രദർശനം സംഘടിപ്പിച്ചു. സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കോട്ടയം നേച്ചർ സൊസൈറ്റി, പെരിയാർ ഫൗണ്ടേഷൻ, കോട്ടയം പബ്ലിക് ലൈബ്രറി, വേൾഡ് വൈൽഡ് ഫണ്ട്, ആലുവ പരിസ്ഥിതി സംരക്ഷണസംഘം, കൂട് മാസിക, പാലാ സെന്റ് തോമസ് കോളേജ് ബോട്ടണി വിഭാഗം, പ്രമുഖ പ്രകൃതി ഫോട്ടോഗ്രാഫർമാരായ അനിൽ പ്രവീൺ, അപർണ എന്നിവരുമായി സഹകരിച്ചാണ് ഫോട്ടോപ്രദർശനം നടത്തിയത്.

***വി.ആർ. സന്തോഷ്,***

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം*

എം. ശ്രീനാഥൻ

# അങ്കത്തിന്റെ അടയാളങ്ങൾ

അർഥവൈവിധ്യം കൊണ്ട് സമൃദ്ധമായൊരു വാക്കാണ് അങ്കം. സജാതിയ അർഥങ്ങളല്ല വിജാതീയാർഥങ്ങളാണ് അങ്കത്തിന്റെ അർഥപെരുമ. അങ്ക് എന്ന ധാതുവിൽ നിന്നാണ് അങ്കമെന്ന പദത്തിന്റെ പിറവി. അടയാളമിടുക, കളങ്കപ്പെടുത്തുക, എണ്ണുക, മുദ്രപതിപ്പിക്കുക എന്നങ്ങനെയാണ് അങ്ക് എന്ന ധാതുവിന്റെ അർഥം കാണുന്നത്. അടയാളം, പാട്, മറു എന്നാണ് അങ്കം എന്ന വാക്കിന്റെ പ്രാഥമികാർഥം. അങ്കനവും അങ്കകരണവും അടയാളപ്പെടുത്തലോ, ചിഹ്നമിടലോ, മുദ്രയടിക്കലോ ആണ്. കുറിയിടൽ (ഗോപി) അങ്കധാരണമാണ്. നെറ്റിയിൽ പുള്ളിയുള്ള കാലി അല്ലെങ്കിൽ കന്നുകാലിയുടെ നെറ്റിയിലുള്ള പുള്ളിയെ 'അങ്കച്ചുട്ട്' എന്നാണറിയുന്നത്.



തുട, മടി എന്നിങ്ങനെ ശരീരവുമായി ബന്ധപ്പെട്ട അർഥങ്ങളും അങ്കത്തിനുണ്ട്. അങ്കപ്രദേശം, അങ്കപ്രാന്തം എന്നിവയൊക്കെ ശരീരത്തിലെ മടിയാണ്. തുടകളെ ഒന്നോടെ ബന്ധിപ്പിച്ച അഥവാ കാലുകൾ പിണച്ചു വെച്ചിരിക്കൽ അല്ലെങ്കിൽ ചമ്രം പടിഞ്ഞിരിക്കലാണ് 'അങ്കബന്ധം'. മടിയിൽ (ഇടുപ്പിൽ) ഇരിക്കുന്നതിനെ അങ്കഭാക്കെന്നും മടിയിൽകയറ്റി ഇരുത്തലിനെ അങ്കാശ്രയമെന്നും പറയുന്നു. ആനയുടെ മുൻകാലുകൾക്കു മുകൾഭാഗത്തുള്ള പരന്ന എല്ലിനെയാണ് 'അങ്കപ്പലക' സൂചിപ്പിക്കുന്നത്. ശിവൻ ധരിക്കുന്ന എല്ലുകൊണ്ടുള്ള മാലയാണ് അങ്കമാല. ഈ രീതിയിൽ അങ്കത്തിന് എല്ല് എന്നൊരർഥമുള്ളതായി കാണാം ആചാരഭാഷയിൽ, രാജാക്കന്മാർക്ക് ഷൗരം ചെയ്യുന്നതിനെ 'അങ്കം ചാർത്തുക' എന്നത്രെ പറയാറുള്ളത്.

കണക്കുമായി ബന്ധപ്പെട്ടുള്ള അർഥവുമുണ്ട് അങ്കത്തിന്. അക്കം, സംഖ്യ, പൂജ്യം, ഒൻപത് എന്നിങ്ങനെ വ്യത്യസ്താർഥങ്ങൾ ഈ മേഖലയിൽ അങ്കത്തിനുണ്ട്. അങ്കഗണിതം, അങ്കതത്വം, അങ്കതതന്ത്രം, അങ്കവിദ്യ എന്നിങ്ങനെയുള്ള വാക്കുകൾ കണക്കുശാസ്ത്രത്തെ പ്രതിനിധീകരിക്കുന്നു. അങ്കഗണി



തത്തിൽ ചങ്ങലപോലെ അക്കങ്ങൾ തൊട്ടെഴുതുന്ന ഒരു പ്രയോഗരീതിയാണ് അങ്കപാശം. ഗണിതത്തിലെ കുറയ്ക്കലിനെ (വ്യാപകലനം) അങ്കലോപം എന്നാണ് പറയാറുള്ളത്.

നാടകവുമായി ബന്ധപ്പെട്ടും അങ്കത്തിന് അർഥമുണ്ട്. നാടകത്തിലെ ഒരു ഭാഗത്തെയും ദശരൂപകങ്ങളിലൊന്നിനെയും 'അങ്കം' എന്ന് പറയാറുണ്ട്. നാടകശാല അങ്കശാലയാണ്. കഥ മുഴുവൻ സൂചിപ്പിക്കുന്ന പൂർവരംഗത്തിലെ പ്രസ്താവനയാണ് അങ്കമുഖം. പൂർവാങ്കത്തിന്റെ അവസാനത്തിൽ നടന്മാർസൂചിപ്പിച്ചിട്ടുള്ള കഥയെത്തുടർന്ന് അഭിനയിക്കുന്ന അങ്കത്തിന്റെ ആരംഭമാണ് അങ്കാവതരണം. അരങ്ങുപണത്തെ അങ്കവില എന്നറിയപ്പെടുന്നു.

അങ്കം യുദ്ധവുമാണ്. ചിത്രയുദ്ധം, കളിയിലെ യുദ്ധം, വാദം തീർക്കാൻ രണ്ടുപേർ തമ്മിൽ നടത്തുന്ന പോര് ഇവയെല്ലാം അങ്കം തന്നെ. അങ്കം വെട്ടൽ യുദ്ധം ചെയ്യലാണ്. അങ്കക്കലിപൂണ്ട ചേകവന്മാരെക്കുറിച്ചുള്ള കഥകളേറെയുണ്ട്. മൺമറഞ്ഞ ഒരു കാലഘട്ടത്തിന്റെ തിരുശേഷിപ്പായി പൈതൃകത്തിൽ ഈ അങ്കക്കഥകൾ നിലകൊള്ളുന്നു. അങ്കക്കാരൻ യോദ്ധാവാണ്. അങ്കം വെട്ടാൻ ഏർപ്പെടുന്ന ചേകവർക്കുള്ള പണക്കിഴിയാണ് അങ്കക്കിഴി. അങ്കം വെട്ടുന്നതിന് അനുമതി നിർബന്ധമാണ്. ഈ അനുമതിക്കായി അങ്കച്ചുങ്കം നൽകേണ്ടതുണ്ടായിരുന്നു. അനുമതിക്കായി രാജാവിന് കൊടുത്തുപോന്ന കരമാണ് അങ്കപ്പണം. അങ്കം വെട്ട് പരിശീലിക്കുന്ന കളരിയാണ് അങ്കക്കളരി. യുദ്ധം നടത്താനായി മരംകൊണ്ട് തറയ്ക്കു തുല്യം പൊക്കിക്കെട്ടിയ തട്ടാണ് അങ്കത്തട്ട്. അങ്കത്തിൽ അങ്കക്കാരന് പ്രത്യേകതരം വേഷമുണ്ടായിരുന്നു, അതത്രെ അങ്കച്ചമയം. മേൽമുണ്ട് അഥവാ ഉത്തരീയത്തെ അങ്കവസ്ത്രം എന്നും തലക്കെട്ടിന്റെ മുകളിൽ തൂവൽ തിരുകിയും മറ്റും അലങ്കരിക്കുന്ന ഭാഗത്തെ അങ്കവാലെന്നും പറയാറുണ്ട്. പരസ്യമായ ദ്വന്ദ്വയുദ്ധമാണ് അങ്കപ്പോര്. കുതിരപ്പുറത്തു ചവിട്ടിക്കയറാനുള്ള ഇരുമ്പുവളയത്തിലുള്ള പടിയാണ് അങ്കവടി/അങ്കപ്പടി.

കോഴികളെക്കൊണ്ട് പോര് നടത്തുന്നരീതി നിലവിലുണ്ട്. പോരു കോഴികൾ അങ്കക്കോഴികളാണ്. പോരു കോഴികളുടെ താടിക്കുള്ള ആഭരണമാണ് അങ്കപ്പൂവ്. പൂവൻകോഴിയുടെ വാലിനോട് ചേർന്നു നീണ്ട തൂവലുകളെ 'അങ്കവാലെ'ന്നറിയപ്പെടുന്നു. അലങ്കാരം, ആഭരണം എന്നീ അർഥങ്ങൾ അങ്കത്തിനു കൈവന്നത് ഇപ്രകാരമാകാം. നാലു വശവും ഒരുപോലെയുള്ള തുറന്ന സ്ഥലമാണ് അങ്കമാലി. അങ്കത്തിന് സ്ഥലമെന്നും അർഥമുണ്ടെന്നോർക്കുക. തീക്കരപ്പനെ അങ്കം വളപ്പാൻ എന്നും വിളിക്കാറുണ്ട്. അങ്കത്തിന്റെ അർഥസമൃദ്ധി അങ്ങനെ നീളുന്നു. ■



# ജാതിക്കുമ്മിയുടെ നൂറ്റാണ്ട്

ഗാത്രത്തിനോ തീണ്ടലാത്മാവിന്നോ
ഇത്ര നിഷ്കാരുണ്യമൊന്നു നോക്കാം:
ഗാത്രം ഗാത്രത്തിനെത്തീണ്ടുമെന്നോതുന്ന-
തെത്രയുമജ്ഞാനം യോഗപ്പെണ്ണേ!-ബഹു
ചിത്രം! ചിത്രം! ചിത്രം! ജ്ഞാനപ്പെണ്ണേ!

അന്നമയത്തിങ്കൽ നിന്നിട്ടല്ലേ
അന്നമയമൊക്കെയുണ്ടായത്,
പിന്നെയവതമ്മിലെന്താണ് വ്യത്യാസം?
നന്നുനന്നജ്ഞാനം യോഗപ്പെണ്ണേ!-ശുദ്ധ
മന്നത്തമല്ലയോ? ജ്ഞാനപ്പെണ്ണേ!

മലമൂത്രമുള്ളതുകൊണ്ടു ദൂരേ
വിലക്കിനിറുത്താം ചില ജനത്തെ;
മലമൂത്രമില്ലാത്ത ഗാത്രങ്ങളിബ്ഭൂമി-
വലയത്തിലില്ലല്ലോ യോഗപ്പെണ്ണേ!-പിന്നെ
ഫലമുണ്ടൊതീണ്ടലാൽ ജ്ഞാനപ്പെണ്ണേ!




നവോത്ഥാന പ്രക്ഷോഭങ്ങൾക്കും ജാതിഭേദ ചിന്തകൾക്കും എതിരായ മുന്നേറ്റങ്ങൾക്ക് ആക്കം കൂട്ടിയ പണ്ഡിറ്റ് കെ.പി. കറുപ്പന്റെ 'ജാതിക്കുമ്മി'യിൽ നിന്നാണ് ഈ വരികൾ. എഴുതിയ കാലത്ത് സാഹിത്യമണ്ഡലത്തിൽ വലിയ മാറ്റൊലികളുയർത്തിയ ഈ കൃതിയുടെ ജന്മശതാബ്ദി വർഷം പിന്നിട്ടിരിക്കുകയാണ്. ശങ്കരാചാര്യരും പറയനും തമ്മിലുള്ള സംവാദത്തിലൂടെ ജാതിഭേദത്തിന്റെ അർഥശൂന്യതയും അതുനിമിത്തം ഇന്ത്യയ്ക്കും ഹിന്ദുസമുദായത്തിനുമുണ്ടായ ദോഷങ്ങളും ജാതിക്കുമ്മിയിൽ കാവ്യാത്മകമായി അടയാളപ്പെടുത്തുന്നു. 100 വർഷത്തിനുശേഷവും ഈ കൃതിയുടെ കാവ്യസൗന്ദര്യവും സാമൂഹിക പ്രസക്തിയും നശിക്കുന്നില്ല എന്ന് അവതാരികയിൽ കെ.എസ്. രാധാകൃഷ്ണൻ പറയുന്നു. കവിതിലകൻ കെ.പി. കറുപ്പൻ എന്ന പേരിൽ ടി.എം. ചുമ്മാർ എഴുതിയ പണ്ഡിറ്റ് കറുപ്പന്റെ ജീവചരിത്രവും പഠിതാക്കൾക്കുപകരിക്കും.

കേരള സാഹിത്യ അക്കാദമിയാണ് പ്രസാധനം. വില 135 രൂപ.

■ ഡോ. എം.ആർ. തമ്പാൻ

# മലയാള ഭാഷ വസന്തകാലത്തിലൂടെ



**ഭരണഭാഷ മലയാളമാക്കുന്നതിന്റെ യഥാർഥ പ്രതിബന്ധം അറിഞ്ഞ് പരിഹാര മാർഗം കണ്ടെത്തിയത് ഇപ്പോഴാണ്**

ഭരണഭാഷ ഭരിക്കപ്പെടുന്നവരുടെ ഭാഷയാകണമെന്നത് മലയാളികളുടെ ചിരകാലസ്വപ്നമാണ്. ഈ സ്വപ്നം ആസന്നഭാവിയിൽ തന്നെ സഫലമാകാൻ പോകുന്നു. സ്കൂൾ-കോളെജ് തലത്തിൽ മലയാളം പഠിക്കാത്തവർക്ക് സർക്കാർ ജോലി ലഭിക്കണമെങ്കിൽ മലയാള ഭാഷാ പ്രാവീണ്യപരീക്ഷ കൂടി പാസ്സാവണമെന്ന് കേരള സർക്കാർ ഉത്തരവായിരിക്കുന്നു.

ഇതര സംസ്ഥാനങ്ങളെപ്പോലെ ഭാഷയുടെ അടിസ്ഥാനത്തിലാണ് കേരളവും പിറവിയെടുത്തത്. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനെ സംബന്ധിച്ച് പഠനറിപ്പോർട്ട് സമർപ്പിക്കുവാൻ കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായുള്ള സമിതിയെ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള പ്രഥമ കേരള സർക്കാർ 1957-ൽ തന്നെ നിയോഗിക്കുകയുണ്ടായി. ഏഴുവർഷം കൊണ്ട് മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടികൾ നിർദേശിച്ചുകൊണ്ട് മലയാള ഭാഷയിൽ തന്നെ യഥാസമയം റിപ്പോർട്ട് നൽകി. നടപടികളൊന്നും ഉണ്ടാകാത്തതിനെ തുടർന്ന് ഗവ. സെക്രട്ടറിയും സാഹിത്യകാരനുമായിരുന്ന മലയാറ്റൂർ രാമകൃഷ്ണൻ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനെ സംബന്ധിച്ച നടപടിക്രമങ്ങൾ നിർദേശിച്ചുകൊണ്ട് വീണ്ടും റിപ്പോർട്ട് നൽകി. എന്നാൽ ഭരണം ഇംഗ്ലീഷ് ഭാഷയിൽ തന്നെ തുടർന്നു. 1967-ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രിയായതിനെ തുടർന്നാണ് ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ ഊർജിതമായത്. ഔദ്യോഗിക ഭാഷ മലയാളമാക്കുമ്പോൾ ഉത്തരവുകൾ മലയാളത്തിൽ ടൈപ്പ് ചെയ്യേണ്ടിവരും. ഇതിനായി 500-ൽപ്പരം ഉണ്ടായിരുന്ന ലിപികളുടെ എണ്ണം ടൈപ്പ് റൈറ്റർ കീബോർഡിനു അനുയോജ്യമായ വിധത്തിൽ കുറയ്ക്കുന്നതിനായി ശൂരനാട് കുഞ്ഞൻപിള്ള, ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ എൻ.വി. കൃഷ്ണവാര്യർ എന്നിവരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റിയാണ് ലിപികളുടെ എണ്ണം 500-ൽ നിന്ന് 90-ആയി കുറച്ചത്. ഈ ലിപി പരിഷ്കരണം ടൈപ്പിങ്ങിനു വേണ്ടി മാത്രമാണ് ബാധകമെന്ന് ഇതു സംബന്ധിച്ച ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. എന്നിട്ടും അന്നത്തെ തലമുറ പുതിയ ലിപി സ്വീകരിച്ചു. 500 ലിപികൾ പഠിക്കുന്നതിനു പകരം 90 ലിപികൾ മാത്രം പഠിച്ചാൽ മതിയല്ലോ എന്ന ലാളിത്യംകൊണ്ടാണ് അന്നു മുതലുള്ള തലമുറകൾ പുതിയ ലിപിയെ സ്വീകരിച്ചത്. ഗാന്ധിജി പറഞ്ഞിട്ടുണ്ട്  തെരുവിലെ ദരിദ്രനാരായണൻമാർക്ക് മനസ്സിലാകുന്ന രീതിയിൽ ലളിതമായിരിക്കണം ഭാഷയെന്ന്. ഭാഷയെക്കുറിച്ച് കൂടുതൽ ചിന്തിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള ഇ.എം.എസ്സും പറഞ്ഞിട്ടുണ്ട് “അണ്ടനും അടകോടനും മനസ്സിലാകുന്നതായിരിക്കണം ഭാഷ”. ഇ.എം.എസ്സിന്റെ ഭാഷാസംബന്ധമായ ലേഖനങ്ങൾ സമാഹരിച്ച് ‘നമ്മുടെ ഭാഷ’ എന്ന പേരിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. ഇതിന്റെ നിരവധി പതിപ്പുകൾ ഇതിനകം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

ടൈപ്പ്റൈറ്റർ ചുരുക്കെഴുത്ത് മാന്വൽ പരിഷ്കരിച്ചതും ഏകീകൃത ലിപിവിന്യാസം നടത്തിയതും എൻ.വിയുടെ നേതൃത്വത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടായിരുന്നു. ടൈപ്പിങ്ങിൽ നിന്ന് കംപ്യൂട്ടറിലേക്ക് ഭാഷ മാറിയപ്പോൾ അതിനുവേണ്ട സജ്ജീകരണങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി. ഇലക്ട്രോണിക് ടെസ്റ്റ് കംപോസിങ്ങിന് ഫൊണിറ്റിക് സിസ്റ്റം ആവിഷ്കരിച്ച് ഭാഷയെ ഡി.റ്റി.പിക്ക് സജ്ജമാക്കിയതും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. സാങ്കേതിക സ്ഥാപനമായ കെൽട്രോണും പത്ര ഉടമകളുടെ സ്ഥാപനമായ റിന്റും കൂടി സഹകരിച്ചാണ് ഈ നേട്ടം കൈവരിച്ചത്. കംപ്യൂട്ടർ കീബോർഡിന്റെയും ക്യാരക്ടർ എൻകോഡിങ്ങിന്റെയും മാനകീകരണം ഇന്റർകൺവെർഷൻ സൗകര്യമുള്ള അക്ഷരമാല എന്ന സോഫ്റ്റ്വെയറിന്റെ ആവിഷ്കാരം, പുതിയ ഫോണ്ടുകൾ, ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കുള്ള വിവർത്തന സംവിധാനം, ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെ സ്പെൽചെക്ക് സംവിധാനം എന്നിവ ആവിഷ്കരിക്കാനും ഇതിനകം ഇൻസ്റ്റിറ്റ്യൂട്ടിനുകഴിഞ്ഞു. സി-ഡിറ്റ്, സി-ഡാക് എന്നീ സാങ്കേതിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഈ നേട്ടങ്ങൾ കൈവരിച്ചത്. ഭരണഭാഷ മലയാളമാക്കുന്നതിനു പ്രാരംഭഘട്ടത്തിലെ പ്രതിബന്ധം പദാവലിയുടെ അഭാവമായിരുന്നു. ഇതിനു പരിഹാരമായാണ് ഭരണശബ്ദാവലി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്. ഇതിലെ ചില പദങ്ങൾ സംസ്കൃതമായതിനാൽ മനസ്സിലാക്കാൻ പ്രയാസമുണ്ടെന്ന് ഒരു ആക്ഷേപമുണ്ടായി. അതിനാൽ പ്രചുരപ്രചാരമായ ഇംഗ്ലീ

ഷ് പദങ്ങൾ മലയാളീകരിച്ചു നൽകിക്കൊണ്ട് ഈ ഗ്രന്ഥത്തിന്റെ 12-ാം പതിപ്പ് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. എം.വി. തോമസ് രചിച്ച ഭരണഭാഷാ പ്രശ്നങ്ങളും ഡോ. ഏഴുമറ്റൂർ രാജരാജവർമ രചിച്ച ഭാഷയും ഭരണഭാഷയും എന്നീ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രന്ഥങ്ങളും സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രയോജനകരമാണ്. ഔദ്യോഗിക ഭാഷാ വകുപ്പിലെ ഭാഷാ വിദഗ്ധനായ ആർ. ശിവകുമാർ തയാറാക്കിയ ഭരണഭാഷാ പ്രയോഗങ്ങൾ എന്ന കൃതിയും ആർ. ശിവകുമാറും എ.ആർ. സ്മിതശ്രേയസ്സും ചേർന്ന് തയാറാക്കിയ മലയാളം-ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാ നിഘണ്ടു എന്ന കൃതിയുടെയും മൂന്നാം പതിപ്പുകൾ ഞങ്ങൾ പ്രസിദ്ധീകരിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ഇവ വിറ്റഴിയുന്നതുതന്നെ ഇത്തരം ഗ്രന്ഥങ്ങൾ ഭരണഭാഷാ മാറ്റത്തിന് ഉദ്യോഗസ്ഥർക്ക് സഹായകമാകുന്നുവെന്നതിന്റെ തെളിവാണ്. മുഖ്യമന്ത്രിയുടെ നിർദേശമനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥർക്ക് ഭാഷാ കംപ്യൂട്ടിങ്ങിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും ഞങ്ങൾ സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ സർക്കാർ ഓഫീസുകളുടെ മാന്വലുകൾ, ഉത്തരവുകൾ, ഫോമുകൾ എന്നിവയുടെ വിവർത്തനങ്ങളും ഇൻസ്റ്റിറ്റ്യൂട്ട് ചെയ്തുവരുന്നു. മലയാളികളല്ലാത്ത സിവിൽ സർവീസ് ഉദ്യോഗസ്ഥരെ ദിവസം 2 മണിക്കൂർ എന്ന ക്രമത്തിൽ 8 ആഴ്ചകൊണ്ട് മലയാളം പഠിപ്പിക്കുന്ന ദൗത്യവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിർവഹിച്ചുവരുന്നുണ്ട്.

എന്തെല്ലാം സജ്ജീകരണങ്ങൾ നടത്തിയാലും ഭരണകർത്താക്കൾക്ക് ഇച്ഛാശക്തിയുണ്ടെങ്കിൽ മാത്രമേ ഭരണഭാഷ മലയാളമാക്കാൻ കഴിയൂ. ഇ.എം.എസ്സിനും അച്യുതമേനോനും ശേഷം എ.കെ. ആന്റണി മുഖ്യമന്ത്രിയായ കാലഘട്ടത്തിലാണ് ഭരണഭാഷ മലയാളമാക്കാനുള്ള നടപടികൾ കാര്യമായി പുരോഗമിച്ചത്. ഔദ്യോഗിക ഭാഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭരണഭാഷ എന്ന പ്രതിമാസപ്രസിദ്ധീകരണം, ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം, വില്ലേജ് ഓഫീസുമുതൽ സെക്രട്ടറിയേറ്റുവരെ എല്ലാ തലങ്ങളിലും ഭരണഭാഷ മലയാളമാക്കാൻ പഞ്ചവത്സരപദ്ധതി തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് കഴിഞ്ഞു. നവംബർ ഒന്ന് മലയാള ദിനമായും തുടർന്നുള്ള ഏഴുദിവസം ഭരണഭാഷാ വാരമായി ആഘോഷിക്കാനും ഭരണഭാഷാ സേവനങ്ങൾക്ക് ഗുഡ് സർവീസ് എൻട്രി നൽകാനും തിരുവനന്തപുരം ഐ.എം.ജിയിൽ നടത്തുന്നതുപോലെ കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലും ഔദ്യോഗിക ഭാഷാ പരിപാടി വ്യാപിപ്പിക്കാനും തീരുമാനമെടുത്ത് ഈ രംഗത്ത് ഒരു ഉണർവ് സൃഷ്ടിക്കാൻ അന്നത്തെ ഇൻഫർമേഷൻ ഔദ്യോഗിക ഭാഷാ മന്ത്രിയായിരുന്ന എം.എം. ഹസ്സന് കഴിഞ്ഞിട്ടുണ്ട്. നിയമസഭാ നടപടിക്രമങ്ങൾ മലയാളത്തിലാക്കുവാൻ കഴിഞ്ഞത് സ്പീക്കറായിരുന്ന വി.എം. സുധീരന്റെ ഇച്ഛാശക്തികൊണ്ട് മാത്രമാണ്.

മലയാളഭാഷയ്ക്ക് ഏറ്റവും കൂടുതൽ നേട്ടവും അംഗീകാരവും ലഭിച്ചത് വർത്തമാന കാലത്താണ്. ഭരണഭാഷ മലയാളമാക്കുന്നതിന്റെ യഥാർഥ പ്രതിബന്ധം അറിഞ്ഞ് പരിഹാര മാർഗം കണ്ടെത്തിയത് ഇപ്പോഴാണ്. സർക്കാർ ഓഫീസുകളിൽ പ്രത്യേകിച്ച് സെക്രട്ടറിയേറ്റിൽ ഉദ്യോഗം ലഭിക്കുന്നവരിൽ സിംഹഭാഗവും ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചു വന്നവരാണ്. അവരാണ് ഭരണഭാഷാ മാറ്റത്തിന് തടസ്സമായി ഇതുവരെ നിലനിന്നത്. എന്നാൽ മലയാള ഭാഷാ പ്രാവീണ്യപരീക്ഷ കൂടി പാസ്സായാൽ മാത്രമേ സർക്കാർ ഉദ്യോഗം ലഭിക്കുകയുള്ളൂവെന്ന ഉത്തരവ് ഭരണഭാഷാ മാറ്റത്തിന്റെ യഥാർഥ പ്രതിബന്ധമകറ്റാൻ ഉപകരിക്കും. മലയാളം പഠിക്കാതെ ബിരുദവും ബിരുദാനന്തര ബിരുദവും എടുക്കാമെന്ന സ്ഥിതിയായിരുന്നു കേരളത്തിൽ നിലനിന്നത്. എന്നാൽ സ്കൂൾതലത്തിൽ മലയാളം ഒന്നാം ഭാഷയാക്കാൻ തീരുമാനമാക്കിച്ചതോടെ മലയാളം കൈകാര്യം ചെയ്യാൻ അറിവുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയും. ചില സ്വകാര്യമാനേജുമെന്റുകൾ ഇതിനെതിരെ കോടതിയിൽ പോയിട്ടുണ്ട്. ഔദ്യോഗിക ഭാഷാ നിയമം എത്രയുംപെട്ടെന്ന് പാസ്സാക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. ഔദ്യോഗിക ഭാഷാ വകുപ്പ് മന്ത്രി കെ.സി.ജോസഫ് ഈ നടപടി ത്വരിതപ്പെടുത്തുന്നു. ഈ നിയമം പാസ്സാക്കുന്നതോടെ സ്കൂൾതലത്തിൽ ഇംഗ്ലീഷ് മീഡിയം വിദ്യാർഥികളും മലയാളം പഠിക്കും. മലയാളം സർവകലാശാല എന്ന സ്വപ്നം സഫലമായതും ഉമ്മൻചാണ്ടിയുടെ ഭരണകാലത്താണ്. പ്രയോഗത്തിലൂടെ മാത്രമേ ഏതൊരുഭാഷയും വളരുകയുള്ളൂ. ശാസ്ത്രസാങ്കേതിക വിഷയങ്ങൾ മലയാള സർവകലാശാലയിൽ മലയാളത്തിൽ പഠിപ്പിക്കുന്നതോടെ മലയാളഭാഷ വളരുന്നതിനോടൊപ്പം വിഷയങ്ങളിൽ പരിജ്ഞാനമുള്ള ബിരുദധാരികളെ സൃഷ്ടിക്കാനും നമുക്ക് കഴിയുന്നതാണ്. നേട്ടങ്ങൾക്ക് മകുടം ചാർത്തിക്കൊണ്ട് മലയാളഭാഷയ്ക്ക് ശ്രേഷ്ഠ പദവി ലഭിച്ചു. ദ്രാവിഡ ഗോത്രത്തിലെ തെലുങ്കിനും തമിഴിനും കന്നടയ്ക്കും ശ്രേഷ്ഠഭാഷാ പദവി കിട്ടിയിട്ടും മലയാള ഭാഷയ്ക്കുമാത്രം ഈ അംഗീകാരം നൽകാതിരിക്കുകയായിരുന്നു. ഭാഷയുടെ വളർച്ചയ്ക്ക് സഹായകമായ ഏറെ ഭൗതികനേട്ടങ്ങൾ ഇതുമൂലമുണ്ടെങ്കിലും അതിനെല്ലാം അതീതമായി മലയാളിയുടെ സ്വത്വവും അഭിമാനവും ഉയർത്തിയെന്നതാണ് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന്റെ മുഖ്യനേട്ടം. അംബേദ്കറിന്റെ സമ്പൂർണകൃതികൾ പ്രാദേശികഭാഷകളിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ അംബേദ്കർ ഫൗണ്ടേഷൻ എല്ലാ സംസ്ഥാനങ്ങളെയും ചുമതലപ്പെടുത്തുകയും ഇതിനായി ധനസഹായം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇന്ത്യൻ ഭാഷയിൽ ആദ്യമായി നാൽപ്പത് വാല്യങ്ങൾ വരുന്ന അംബേദ്കർ സമ്പൂർണകൃതികൾ പ്രസിദ്ധീകരിച്ചത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. ഇതിനുള്ള അംഗീകാരമായി അംബേദ്കർ ചെയർ ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുണ്ട്. പ്രതിവർഷം 35 ലക്ഷം രൂപ ഈ ചെയറിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കുന്നതാണ്. പ്രാദേശിക ഭാഷകളുടെ വികസനത്തിനായി എല്ലാ സംസ്ഥാനങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുണ്ട്. എന്നാൽ 3000-ൽപ്പരം വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചും ഭാഷാ കംപ്യൂട്ടിങ് പ്രവർത്തനങ്ങൾ നടത്തിയും ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണെന്ന് കേന്ദ്രസർക്കാർ നിയോഗിച്ച കൊൽഹാക്കർ കമ്മിറ്റി നിർദേശിച്ചിട്ടുണ്ട്. അതിനാൽ ഇതര സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുള്ള കൺസോർഷ്യമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെയാണ് നിയോഗിച്ചിരിക്കുന്നത്. വരുംവർഷങ്ങളിൽ 200 കോടി രൂപ ഇതിനായി കേന്ദ്ര സർക്കാർ അനുവദിക്കും. മലയാളഭാഷയുടെ വസന്തകാലമാണ് ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഭരണകാലം. ■

*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണ് ലേഖകൻ*

മലയാളഭാഷയ്ക്ക് ഏറ്റവും കൂടുതൽ നേട്ടവും അംഗീകാരവും ലഭിച്ചത് വർത്തമാന കാലത്താണ്. ഭരണഭാഷ മലയാളമാക്കുന്നതിന്റെ യഥാർഥ പ്രതിബന്ധം അറിഞ്ഞ് പരിഹാര മാർഗം കണ്ടെത്തിയത് ഇപ്പോഴാണ്. സർക്കാർ ഓഫീസുകളിൽ പ്രത്യേകിച്ച് സെക്രട്ടറിയേറ്റിൽ ഉദ്യോഗം ലഭിക്കുന്നവരിൽ സിംഹഭാഗവും ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചു വന്നവരാണ്. അവരാണ് ഭരണഭാഷാ മാറ്റത്തിന് തടസ്സമായി ഇതുവരെ നിലനിന്നത്. എന്നാൽ മലയാള ഭാഷാ പ്രാവീണ്യപരീക്ഷ കൂടി പാസ്സായാൽ മാത്രമേ സർക്കാർ ഉദ്യോഗം ലഭിക്കുകയുള്ളൂവെന്ന ഉത്തരവ് ഭരണഭാഷാ മാറ്റത്തിന്റെ യഥാർഥ പ്രതിബന്ധമകറ്റാൻ ഉപകരിക്കും.

■ ഡോ. വേണു തോന്നയ്ക്കൽ



# സ്തനകാന്തിക്ക് വെളുത്തുള്ളി

വെളുത്തുള്ളിയുടെ രുചിയറിയാത്ത മലയാളിയുണ്ടാവില്ല. വെളുത്തുള്ളി ശരീരശുദ്ധിക്കും രക്തശുദ്ധിക്കും നന്ന് എന്നു കരുതപ്പെടുന്നു. രക്തക്കുഴലുകളിൽ രക്തം കട്ടപിടിക്കുന്നതു തടയാനുള്ള വെളുത്തുള്ളിയുടെ കഴിവ് ശ്രദ്ധേയമാണ്. രക്തസമ്മർദം കുറയ്ക്കാൻ ഇത് സഹായിക്കുന്നു. രക്തത്തിലെ വർധിച്ച കൊളസ്ട്രോളിന്റെ അളവ് കുറയ്ക്കുന്നു.

ശ്വാസകോശങ്ങളുടെ ആരോഗ്യത്തിനും ഇത് നന്ന്. ആസ്ത്മ രോഗമുള്ളവർ വെളുത്തുള്ളി ചതച്ചിട്ട് പാൽ കുടിക്കുന്നത് നല്ലതാണ്. ഇത് അമിതവണ്ണം കുറയ്ക്കാനും ഫലപ്രദം. ജലദോഷം, മൂക്കൊലിപ്പ്, തുമ്മൽ എന്നിവയുള്ളപ്പോൾ വെളുത്തുള്ളി ചതച്ച് ഒരു കഷണം പഞ്ഞിയിലോ കർച്ചീഫിലോ ഇട്ട് ഇടയ്ക്കിടെ മൂക്കിൽ പിടിക്കുക ശമനം കിട്ടും. കൂടാതെ തിളപ്പിച്ച വെള്ളത്തിൽ വെളുത്തുള്ളിയിട്ട് ആവി പിടിക്കുന്നതും ജലദോഷം, ചുമ, ക്ഷയം, ന്യുമോണിയ തുടങ്ങിയ ശ്വാസകോശ രോഗങ്ങളിൽ നിന്നും ശമനം കിട്ടാൻ നന്ന്.

വെളുത്തുള്ളിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഔഷധങ്ങൾ ആമാശയരോഗങ്ങളുടെ ചികിത്സയ്ക്ക് നല്ലതാണ്. ഗ്യാസ്ട്രബിൾ, വയറുവേദന, ദഹനക്കുറവ്, ഉദരകൃമി എന്നീ ശല്യമുള്ളവർ വെളുത്തുള്ളി നിത്യാഹാരത്തിന്റെ ഭാഗമാക്കുകയോ അത് പ്രത്യേകം വിഴുങ്ങുകയോ ചെയ്യുക.

സ്ത്രീ സൗന്ദര്യം നിലനിർത്താൻ ഒരു വിശിഷ്ട ഔഷധമായി വെളുത്തുള്ളിയെ കണക്കാക്കുന്നു. സ്തനങ്ങളുടെ ആകൃതി, ആരോഗ്യം, വലിപ്പം, സ്തനകാന്തി എന്നിവ നിലനിർത്താനായി സ്ത്രീകൾ തീർച്ചയായും വെളുത്തുള്ളി സേവിക്കേണ്ടതാണ്.

അംഗലാവണ്യം കാത്തുസൂക്ഷിക്കാൻ ഇതുപോലൊന്ന് അപൂർവം. ഇത് തലമുടി കൊഴിച്ചിൽ ഇല്ലാതാക്കുകയും ആർത്തവം ക്രമീകരിക്കുകയും മുലപ്പാൽ വർധിപ്പിക്കുകയും ചെയ്യുന്നു. പ്രസവാനന്തരം ഗർഭാശയം യഥാസ്ഥിതിയിലാവാൻ വെളുത്തുള്ളി വിദ്യയാണ് ഉപയോഗിച്ചിരുന്നത്. ഉത്തേജകശക്തിയുള്ളതിനാൽ ശക്തിക്ഷയമുള്ള പുരുഷന്മാർ വെളുത്തുള്ളി സേവ നടത്തുന്നത് ഉത്തമം. അല്ലിയം സറ്റൈവം എന്നാണ് ശാസ്ത്രനാമം. കുടുംബം അമാരില്ലിഡേസീ. ബൾബ് വിഭാഗത്തിൽ വരുന്ന ഭൂകാണ്ഡമാണ്

# യൗവനം വീണ്ടെടുക്കാൻ ചുവന്നുള്ളി



ധാതുപുഷ്ടിക്കും ജരാനര മാറ്റി യൗവനം വീണ്ടെടുക്കാനും ഉത്തമമായ ഒരു ഭക്ഷണപദാർഥമാണ് ചുവന്നുള്ളി. നഷ്ടപ്പെട്ട യൗവനം മടക്കിക്കൊണ്ടു വരാൻ ചുവന്നുള്ളിക്ക് ആവുന്നു.

ഇത് ഒരു ഹൃദയടോണിക് ആണ്. രക്തത്തിലെ വർധിച്ച കൊളസ്ട്രോളിന്റെ അലവ് കുറയ്ക്കുന്നു. ശ്വാസകോശങ്ങളുടെ ആരോഗ്യത്തിന് നന്ന്. ചുവന്നുള്ളിയിൽ ഇരുമ്പിന്റെ അംശം ധാരാളമായുള്ളതിനാൽ രക്തക്കുറവുള്ളവർ ശർക്കര ചേർത്ത് ചുവന്നുള്ളി കഴിക്കുന്നത് നല്ലതാണ്.

ഇത് ദഹനശേഷി വർധിപ്പിക്കുന്നതിനാൽ വിശപ്പുണ്ടാകുന്നു. ഭക്ഷണത്തിലെ വിഷാംശം ഇല്ലാതാക്കാനും ചുവന്നുള്ളിക്ക് കഴിയും. തലമുടിയുടെ വളർച്ചയ്ക്ക് നല്ലതാണ്. മൂലക്കുരുവിനും മൂത്രാശയ കല്ലിനും ഇത് ഉത്തമ ഔഷധമാണ്. ആർത്തവം ക്രമപ്പെടുത്തുന്നു. ഉറക്കത്തിന് മുമ്പ് ഉള്ളി അരിഞ്ഞിട്ട് കാച്ചിയ പാൽ രാത്രിയിൽ കഴിക്കുക.

ഇത് പ്രധാനമായും ഒരു പച്ചക്കറിവിളയാണ്. അല്ലിയം സെപ എന്നാണ് ശാസ്ത്രനാമം. ലില്ലിയേസി കുടുംബാംഗമാണ്. ഷാലറ്റ് എന്നാണ് ഇംഗ്ലീഷ് പേര്. ബൾബ് വിഭാഗത്തിൽപ്പെടുന്ന ഭൂകാണ്ഡമാണിത്.





## മോറട്ടോറിയം

സംസ്ഥാനത്തെ കാർഷിക വായ്പകളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം 2015 ഫെബ്രുവരി 15 വരെ ദീർഘിപ്പിച്ച് ഉത്തരവായി.
ഉത്തരവ്: സ.ഉ (എം.എസ്) നം.224/14/റവന്യൂ
തീയതി: 30/05/2014



## ഓണറേറിയം വർധിപ്പിച്ചു

അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് നൽകിവരുന്ന പ്രതിമാസ ഓണറേറിയം (സംസ്ഥാന വിഹിതം) 1400 രൂപയിൽനിന്നും 2000 രൂപയായി വർധിപ്പിച്ച് ഉത്തരവായി. ഈ വർധനവിന് 01/04/2014 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കും.
ഉത്തരവ്: സ.ഉ (എം.എസ്) നം.41/2014/സാനീവ
തീയതി: 26/05/2014

## സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറാൻ നിർദ്ദേശം

വിൻഡോസ് എക്സ് പി ഓപറേറ്റിങ് സിസ്റ്റം ഉപയോഗിക്കുന്ന എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും 30/06/2014 ന് മുമ്പായി സ്വതന്ത്ര, ഓപൺ സോഴ്സ് സോഫ്റ്റ്‌വെയറിലേക്ക് മാറാനുള്ള നടപടി എടുക്കണമെന്ന് ഉത്തരവായി. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രം വിൻഡോസ് എക്സ് പിക്കു പകരം നിശ്ചിത കാലയളവിനുള്ളിൽ അതിന്റെ പുതിയ പതിപ്പുകളിലേക്കു മാറാം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിൻഡോസ് ഓപറേറ്റിങ് സിസ്റ്റത്തിനുള്ള പിന്തുണ 08/04/2014നു ശേഷം അവസാനിപ്പിക്കും എന്ന് മൈക്രോസോഫ്റ്റ് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഉത്തരവ്.




ഉത്തരവ്: സ.ഉ (ആർ.ടി) നം.109/2014/ഐ.ടി
തീയതി: 17/05/2014


## ശ്രുതി തരംഗം, വയോ അമൃതം പദ്ധതികൾക്ക് ഭരണാനുമതി

അഞ്ചു വയസ്സുവരെ പ്രായമുള്ള മൂകരും ബധിരരുമായ കുട്ടികൾക്ക് കേൾവി, സംസാരശേഷി ലഭിക്കുന്നതിനായി ആവിഷ്കരിച്ച ശ്രുതിതരംഗം പദ്ധതിയുടെ തുടർനടത്തിപ്പിന് ഭരണാനുമതി നൽകി. നടപ്പുസാമ്പത്തികവർഷത്തെ ബജറ്റ് വിഹിതമായ 10 കോടി രൂപ കേരള സാമൂഹിക സുരക്ഷ മിഷന് അനുവദിക്കാൻ അനുമതി നൽകി.
ഉത്തരവ്: സ.ഉ (ആർടി) നം. 350/2014/സാനീവ

സാമൂഹികനീതി വകുപ്പിന്റെ കീഴിൽ വൃദ്ധസദനങ്ങളിലെ രോഗാതുരരായ അന്തേവാസികളുടെ സമഗ്ര ആരോഗ്യസംരംക്ഷണത്തിനായും അവരുടെ മാനസിക, ശാരീരികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി ഭാരതീയ ചികിത്സാ വകുപ്പ് നടത്താനുദ്ദേശിക്കുന്ന വയോ അമൃതം പദ്ധതിക്ക് ഭരണാനുമതി നൽകി നടപ്പു സാമ്പത്തികവർഷത്തെ ബജറ്റ് വിഹിതമായ 52 ലക്ഷം രൂപ അനുവദിച്ചു.

ഉത്തരവ്: സ.ഉ (സാധാ.) നം.357/2014/സാനീവ
തീയതി: 17/05/2014

■ **ഉമ്മൻ ചാണ്ടി** (മുഖ്യമന്ത്രി)



# പ്രവേശനോത്സവങ്ങൾക്കപ്പുറം

ഒരു അധ്യയനവർഷം കൂടി ആരംഭിക്കുകയാണ്. വേനലവധികഴിഞ്ഞ് കുടചൂടി കുരുന്നുകൾ ആഹ്ലാദത്തിമിർപ്പോടെ സ്കൂളിലേക്കു പോകുന്ന കാഴ്ച നാമെല്ലാം ആസ്വദിക്കാറുണ്ട്. പുതിയ ബാഗും കുടയും പുസ്തകങ്ങളും എടുത്ത് പുത്തനുടുപ്പുകളും അണിഞ്ഞു പോകുന്ന കുട്ടികൾ... എല്ലാ ജൂൺ മാസവും കുട്ടികളുടെ അക്ഷരമാസമാണ്. ഈ വർഷവും പുതിയതലമുറയെ വരവേൽക്കാൻ സ്കൂളുകളിൽ പ്രവേശനോത്സവങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാനതല ആഘോഷം തിരൂരങ്ങാടിയിലാണ് നടന്നത്. നമ്മുടെ പൊതുവിദ്യാലയങ്ങൾ വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. മാറിയ കാലത്തിനനുസരിച്ച് സ്കൂളുകൾ സജ്ജമാക്കുവൻ നമുക്ക് കഴിഞ്ഞു. യോഗ്യതയും കഴിവും പ്രാപ്തിയും ആത്മാർഥതയുള്ള അധ്യാപകരാണ് യഥാർഥത്തിൽ പൊതുവിദ്യാലയങ്ങളുടെ ശക്തി. അധ്യാപക പാക്കേജിലൂടെ ഒരു പരിധിവരെ അധ്യാപകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചു.

ഈ വർഷം ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള ഒന്നു മുതൽ എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് രണ്ടു ജോഡി യൂണിഫോം നൽകുവാൻ കഴിഞ്ഞു. പാഠപുസ്തകങ്ങൾ സമയബന്ധിതമായിത്തന്നെ സ്കൂളുകളിലെത്തിച്ചു. പ്ലസ് വൺ സീറ്റുകളിലെ അപര്യാപ്തത പരിഹരിക്കുന്നതിന് പുതിയ ബാച്ചുകൾ ആരംഭിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

വിദ്യാഭ്യാസം തൊഴിൽ നേടുന്നതിനുമാത്രമുള്ള ഉപാധിയല്ല. അത് ഒരാളുടെ ജീവിതത്തെ കരുപിടിപ്പിക്കുന്നതിന് ഉപകരിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് കോളേജുകളിൽ അധിക വൈദഗ്ധ്യസമ്പാദന പരിപാടി നടപ്പാക്കിവരുന്നത്.

വ്യക്തിത്വരൂപീകരണത്തിന്റെ അടിസ്ഥാനഘടകമായ വിദ്യഭ്യാസം എല്ലാവരിലും എത്തുമ്പോൾ പക്വമായ തലമുറയെ നമുക്ക് വാർത്തെടുക്കാനാകും. എല്ലാ വൈവിധ്യങ്ങളേയും ഉൾക്കൊള്ളുന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് പാഠ്യപദ്ധതി നാം തയാറാക്കിയിരിക്കുന്നത്. ഈ വർഷം മുതൽ സംസ്കൃതം പഠിപ്പിക്കുന്നതോടൊപ്പം നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോകത്തെ പുതിയ കാഴ്ചപ്പാടിൽ കാണുവാൻ പര്യാപ്തമായ തലമുറയെ വാർത്തെടുക്കുവാൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയട്ടേയെന്ന് ആശംസിക്കുന്നു. പൊതുവിദ്യാലയങ്ങൾക്ക് മത്സരക്ഷമമായ ലോകത്തോടൊപ്പം നിൽക്കുവാൻ പര്യാപ്തമായതെല്ലാം സർക്കാർ ചെയ്യുമെന്ന് ഞാൻ ഉറപ്പുതരുന്നു. ■